ഇനി അധഃകൃതരെ മാത്രം ബാധിക്കുന്ന രണ്ടു മൂന്നു കാര്യങ്ങൾ മാത്രമാണു് എനിക്കു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്താനുള്ളതു്. വിദ്യാഭ്യാസത്തിനുവേണ്ടി ഇക്കൊല്ലം ഒരു ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ടു രൂപയാണു് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതു്. ഇതു താരതമ്യേന മറ്റു കൊല്ലങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ വളരെ ഭേദമാണെന്നു പറയാതെ നിവൃത്തിയില്ല. അധഃകൃതരുടെ വിദ്യാഭ്യാസവിഷയത്തിൽ ഗവൺമെണ്ടു കഴിയുന്നതും ശ്രദ്ധ ചെലുത്തുന്നുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുകയും അതിനു ഗവൺമെണ്ടിനെ അഭിനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ അനുവദിക്കപ്പെട്ടുന്ന വിദ്യാഭ്യാസ സൌജന്യങ്ങൾ സമയത്തിനു് കിട്ടുന്നില്ലായെന്നുള്ള പരാതി വളരെ നാളായി കേട്ടുതുടങ്ങീട്ടു്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലാണെന്നുതോന്നുന്നു ഇതിനെ സംബന്ധിച്ചു ഒരു പ്രമേയംതന്നെ വരുകയുണ്ടായി. തക്കസമയത്തു പുസ്തകങ്ങളും മറ്റു വിദ്യാഭ്യാസോപകരണങ്ങളും അധഃകൃതക്കു് കൊടുക്കാത്തതുകൊണ്ടു് അവരുടെ വിദ്യാഭ്യാസത്തിനു് വളരെ കോട്ടം തട്ടുന്നുണ്ടു്. അതുകൊണ്ടു് അതിനു പരിഹാരമുണ്ടാക്കണം എന്നു ഗവൺമെണ്ടിനോടാവശ്യപ്പെടുകയും, അതിനു് ഗവൺമെണ്ടിൽനിന്നു് തൃപ്തികരമായ മറുപടി തരുകയും ചെയ്തു. അതനുസരിച്ചു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും, പൊതുമരാമത്തുമന്ത്രിയും കൂടി കൂടിയാലോചന നടത്തി ഇതിനു ഒരു നിവാരണമാർഗ്ഗമുണ്ടാക്കുമെന്നാണു് ഇക്കൊല്ലം സ്കൂളുകളിലെ അഡ്മിഷൻ വളരെ നേരത്തെ ക്ലോസ്സു് ചെയ്യണമെന്നു നിശ്ചയിക്കുകയും ചെയ്തു. പക്ഷേ, ഇങ്ങിനെയൊക്കെയാണെങ്കിലും, പല സ്കൂളുകളിലും പുസ്തകങ്ങളും മറ്റും ഇതുവരെ കിട്ടിയിട്ടില്ലായെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഇനിയെങ്കിലും പുസ്തകവിതരണത്തിനും മറ്റും താമസംവരാതിരിക്കുവാൻ വേണ്ട നടപടിയെടുക്കണമെന്നു ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

ഇനി അധഃകൃതകോളനികളെ സംബന്ധിച്ചാണ ഒരു വാക്കു പറയുവാനുള്ളതു്. മിക്ക കോളനികളിലും വേനൽ കാലത്തു വെള്ളം കിട്ടുന്നില്ലായെന്നുള്ള പരാതിയുണ്ടു്. മിക്ക കോളനികളിലും വെള്ളം കുടിക്കാൻ നിവർത്തിയില്ലാത്ത ഒരു സ്ഥിതിയാണ ഇന്നുള്ളതു്. വാട്ടർ സപ്ലൈക്കു്വേണ്ടി ഡ, ര ൫ ൦ രൂപ ഗവമ്മെണ്ടു് ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടു്. ഇതുപോലെതന്നെ കഴിഞ്ഞ ബഡ്ജറിലും ഒരു നല്ല തുക കൊള്ളിച്ചിരുന്നു. ഇങ്ങിനെ ഭീമമായ തുക വെള്ളം കൊടുക്കുന്നതിനുവേണ്ടി, കൊല്ലംതോറും ബഡ്ജറിൽ കൊള്ളിക്കാവുണ്ടെങ്കിലും, പ്രായോഗികമായി ആ സംഖ്യ ചിലവുചെയ്യ എല്ലാ കോളനികൾക്കും വെള്ളം കിട്ടാത്തതായ കഷ്ടപ്പാടിനെ പരിഹരിക്കാൻ ഗവമ്മെണ്ടു ശ്രമിക്കാറില്ല. പുല്ലൂർ കോളനിയിൽ ഒരു കിണറു നന്നാക്കുന്നതിനു ആറേഴു കൊല്ലമായി ഗവമ്മെണ്ടിനോടാവശ്യപ്പെട്ടുതുടങ്ങീട്ടു്. രണ്ടു മൂന്നു കൊല്ലമായി അവിടെ കിണറു് നന്നാക്കാൻ അനുവാദം കൊടുക്കുകയും, അതു ടെൻറർ കൊടുക്കുകയും ചെയ്തിട്ടുണ്ടു്. പക്ഷെ ഇതുവരേയും ആ കിണറു നന്നാക്കി കൊടുത്തിട്ടില്ലെന്നാണു് അറിയുന്നതു്. അതുപോലെ പല സ്ഥലങ്ങളിൽനിന്നും, കിണറുകൾ നന്നാക്കിക്കിട്ടണമെന്നു ഗവമ്മെണ്ടിലേക്കു സങ്കടം ബോധിപ്പിച്ചിട്ടു ഇതേവരേയും നിവാരണമുണ്ടാക്കിയിട്ടില്ലായെന്നുള്ളതു് വാസ്തവംമാത്രമാണു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവമ്മെണ്ടു് ഉടനെ വേണ്ട നടപടിയെടുത്തു് എല്ലാ കോളനികൾക്കും വെള്ളം കൊടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Mr. President: The Hon'ble Member can continue his speech in the afternoon,

Mr. K. K. Kannan *(Nominated):* Two minutes more, Sir.

Mr. President: Yes.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇനി, അധഃകൃത മർദ്ദനത്തെസംബന്ധിച്ചും രണ്ടു വാക്കു്. ഇന്നു അധഃകൃതമർദ്ദനങ്ങൾ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും നടമാടുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടിൽനിന്നു ഒരു ½ കൊല്ലം മുമ്പേ ഒരു ഓർഡർ പാസാക്കിയതായി ഞാൻ ഓർക്കുന്നുണ്ടു്. അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചു ഗവമ്മെണ്ടിലേക്കു അറിവു ലഭിച്ചു കിട്ടിക്കഴിഞ്ഞാൽ ഉടനെ തക്കതായ നടപടികൾ എടുക്കണമെന്നു പോലീസ്സു് മേധാവികളോടു, ഒരു കല്പനമൂലം ആവശ്യപ്പെട്ടിട്ടുണ്ടു്. അതിനെ സംബന്ധിച്ചു അധഃകൃത പ്രതിനിധികൾക്കും, അധഃകൃത സംഘടനകൾക്കും, ചില നിർദ്ദേശം കൊടുത്തിട്ടുണ്ടു്; നിങ്ങളുടെ സമുദായത്തിൽപ്പെട്ട വല്ലവരേയും, ആക്രമിക്കുകയാണെങ്കിൽ ഉടനെതന്നെ അടുത്ത പോലീസ്സു് സ്റ്റേഷനിൽ വിവരമറിയിക്കണം; അങ്ങിനെ അറിയിക്കുകയാണെങ്കിൽ, ഉടനെ ശരിയായ നടപടിയെടുക്കാൻ സാധിക്കും; അല്ലെങ്കിൽ നടപടി എടുക്കാൻ താമസം വരുന്നതാണു്, എന്നു് ഞങ്ങളെ അറിയിക്കുകയുണ്ടായി. അതനുസരിച്ചു ഞങ്ങളുടെ പൂർണ്ണമായ സഹകരണം ഗവമ്മെണ്ടിനു നൽകികൊണ്ടിരിക്കുന്നു. പക്ഷെ, ഇതുവരേയും അധഃകൃത മർദ്ദനത്തെ രാജ്യത്തിൽനിന്നു് നിഷ്കാസനം ചെയ്യുന്നകാര്യത്തിൽ, അധഃകൃതമർദ്ദനം എന്ന പല്ലവി ഇനി ഉണ്ടാകാതിരിക്കാനുള്ള കാര്യത്തിൽ ഇനിയും പോലീസു് ഡിപ്പാർട്ടുമെണ്ടു് കാര്യക്ഷമമായ നടപടിയെടുക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ശരിയായിട്ടുള്ള നടപടിയെടുക്കാത്തതുകൊണ്ടു് ഭയങ്കര മർദ്ദനങ്ങൾപോലും കോടതിയിൽനിന്നു തെളിവില്ലാതെ തള്ളിപ്പോയിട്ടുണ്ടു്. അന്യായമായി കുടിയൊഴിപ്പിക്കുക പുരപൊളിച്ചു കളയുക മുതലായ ഭയങ്കരമായ മർദ്ദനങ്ങൾ രാജ്യത്തിൽ നടമാടുന്നുണ്ടു്. വാസ്തവത്തിൽ പോലീസ്സു് ഡിപ്പാർട്ടുമെണ്ടു് അവരുടെ കഴിവുകളെ ആത്മാർത്ഥമായ വിധത്തിൽ വിനിയോഗിക്കുകയാണെങ്കിൽ തീച്ചയായും ഈ മാതിരിയുള്ള ഗുരുതരമായ മർദ്ദനങ്ങൾ ഈ രാജ്യത്തുണ്ടാകുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മന്ത്രിമാർ ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

Mr. President: The Government reply will begin at 4 p.m.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Do all Members speak, Sir ?

Mr. President: I have no idea about that.

The House rose for lunch at 1-33 p.m. and re-assembled at 2-30 p.m with the Deputy President in the Chair

LIBRARY ARCHIVES Kerala Legislative Assembly

Mr. M. I. Paul *(Narakkal)*: Mr. President, Sir, I congratulate the Finance Minister for placing a surplus budget; but I do not propose to dwell upon the several figures in the budget as I consider it to be his duty which is only a traditional routine. I should say that it will be more useful to record some observations about the General Administration of the State than to make a long criticism about the budget, though I do not agree to its several figures.

Cochin has made a speedy progress in her political life—really overspeed was her drive to attain this position as was equal to the political rising of the affairs of the Central Government in these past few months.

We have our Maharaja, who is a champion politician to give a lead to all the Native States in India and abroad in the matter of political development as well as to appreciate people's desire for their freedom, and rights. He fully realised the political awakening of the people of Cochin. He also knew that unless there is an equitable adjustment in a State of rights, offices and functions, so that the executive may have sufficient powers, the Cabinet sufficient authority and the people sufficient liberty, the framework of his Government could not work and remain stable and free from violent changes; and as such he was pleased to transfer almost all the departments into the hands of the popular Ministers responsible to the Legislature with a promise that Cochin will enjoy full responsible government very shortly.

Now what is going on in Travancore ? There, Sir C. P. Ramaswami Ayyar has become another champion.....

Mr. Deputy President: The Hon'ble Member is not in order in making reference to an adjoining State.

Mr. M. I. Paul *(Narakkal)*: The Cochin Government and the people have to render all services to the people of Travancore, though we can be proud of that, we are not under any such disasters.

The honour and prestige of the administration of Cochin rest on the shoulders of the Ministers. Cochin has been enjoying ministerial adminstration since years back and still it continues with more Ministers under a Cabinet system. Several Ministers have come in and gone out. All come in with high ideas and they have displayed their integrity and statesmanship in chalking out high schemes for rural development and other betterment of the State, but we cannot say that any of their schemes have produced the desired effect. The succeeding minister who came after each of them either made some modifications in those so called schemes or dropped them entirely and drew up new schemes, but not put into practice to satisfy the people except that their administrative routine works were done regularly. I have heard ministers saying—not officially and not these ministers—that before they could operate their schemes no confidence comes upon them and they are unseated. I say there is some truth in it. But those ministers are too wise. As soon as they come in power they become anxious and think how long their position as ministers would remain and with this idea in mind their integrity and statesmanship are made use of more to strengthen their party in order to make their position secure and concrete than to put in operation useful schemes to satisfy the people, however short their period may be. If we look around we cannot see any substantial thing being done except very little here and there, which altogether falls short of our expectations. I should say nothing greater has been done than what where ordinarily done by the different heads of departments except some hollow feats shown to powder the eyes of the people.

We know criticisms after criticisms are high in the atmosphere about the present administration. The administrators may say that criticisms are common and the order of the day, to which nobody should give importance. It is alleged that the Government have interfered and put their hands in the judiciary *i.e.*, the election tribunal who sat in judgment over the election petition. The Chittur 2nd Class Magistrate put an order on 21st January prohibiting two gentlemen—Messrs. Mathai Manjuran and Manakkalath to make speeches in that Municipal area on the pretext that there would be breach of peace. Mr. Mathai spoke and there was no breach of peace. He was charge-sheeted under Section 174. On 22nd January Mr. Manakkalath spoke and there was no breach of peace. He was not arrested. Mr. Mathai was convicted for 6 months' rigorous imprisonment. Subsequently he was set free on the order of the Cabient. The order has even criticised the action of the Chittur 2nd class Magistrate. At this time the District Magistrate put an order on the 31st January prohibiting public meetings and processions in Trichur and in the premises of Viyyoor. On the morning of 1st February a public meeting was convened in Trichur. Two speakers were arrested. A

LIBRARY ARCHIVES Kerala Legislative Assembly

Mr. M. I. Paul]

jatha consisting of 15 members proceeded to Viyyoor. The police vehemently used their lathies against them and few were charge-sheeted for breach of peace. Protest meetings were convened and jathas proceeded from different places, members of which were arrested and released. All these took place for releasing Mr. Mathai from the jail. He was released, but Mr. Manakkalath was arrested and is still kept in jail. The charges against both are the same. The District Magistrate on convicting Mr. Manakkalath, criticised the order of the cabinet as contempt of court, which is quite strange. There was no reason to take such measures against these political workers when the State was politically in a calm atmosphere. There were speeches and organised jathas to criticise or protest against the action of the Government. Is it unlawful? During the last war President Roosvelt once remarked that the war was also to safe-guard the interests of public speakers and organisations. I remember to have heard once Pandit Nehru remarking in his speech at the Chowpathy beach, Bombay, that he welcomes speeches of criticisms and organisations, because such things will help the leaders or the executive to correct themselves wherever necessary. But these things are not allowed or appreciated in our State where a cabinet Government is in power. But I concede that law and order are not within our Ministers' portfolio. People expect much from this Government. Their responsibility is great. By the advent of this Government the most important feat displayed by us is that we have been able to create a high and valuable position before the Central Government and we have eminent men within the Ministry to do the same. One other achievement is that we got an elected President for the Council. But this is not the only thing we want to do. The State has to develop in other respects also. Those things are many. But I may stress upon only a few things.

The back-bone of the States rests upon the economic development. Apart from the States' money being with the Government and with the people, the Government have a duty to take every measure to create occasions for foreign money to flow in *i.e.*, by exporting our products and fetching good prices outside. Though slight, but an important thing, which is a pin, is—imported from outside and fetches good price here. Likewise, for all such things that we want for our daily use, except a few ones, we have to depend upon other countries. Among the States' products we are able to export from here, after our home consumption, are mainly cocoanut products, coir products, fish and arecanut and also a little of pepper and other things. Most of these things are exported as raw materials which are converted into other by-products by foreigners and again imported into our State to exploit us and they make money. See the jugglery played upon us by foreign industrialists. But our Government neither mind that nor render due encouragement to the people in such lines. To make money our Government know mainly the ways of different kinds of tavation. We have no schemes to work up. The sister State of Travancore has marvellously developed in industrialisation and marched over us in her economic policy. We have no economic expert to advise our Government wherever necessary. Last year crores of rupees our cocoanut producers were able to get by exporting whole cocoanuts from the State, but this year the introduction of the permit system was really a handicap and the producers lost immensely. I say it is not a loss only to the people but also a loss to the State. Who is responsible for this? Government itself. We export fish as raw materials. If deepsea-fishing is introduced on a large scale, fish preserved in tins by vacuum sealing, the income will be greater and it will also help to solve the unemployment problem to some extent. This process may, at least, be tried as an experiment. We want good experts to work up such things and they should be paid decently, for which we will never find a place in the budget.

Our food situation is not satisfactory and we have to depend upon other countries. We have sufficient places in the State and we do not make use of the same. About six thousand acres of shallow places on the sides of the backwaters have to be bunded and reclaimed. This requires good expenditure. But the return from that will be greater. Mountainous places fit for agriculture may be leased out to private parties for cultivation. These undertakings will also help to produce more food, to give work for many and will be a source to solve the house problem. The people of the State possess money kept idle in banks. The Government may take this at a nominal interest and utilise in such lines as would enable the State as well as the people to develop economically.

For the development of industries the Hon'ble Minister says there is a reserve fund of Rs. 30 lakhs. If there are no eligible applicants for loans, this amount will remain idle and the

LIBRARY ARCHIVES Kerala Legislative Assembly

duty of the Government will end by that. The same policy is adopted in other industrial enterprises. Government should change this policy. Our neighbouring State, Travancore invites industrialists and experts, give them all facilities and on partnership take shares to start industries and every such concern is controlled by the Government.

The traffic has to be nationalised. Instead of the Town Bus service in Cochin and Ernakulam, tram-line services may be introduced under Government control. The same policy has to be adopted in other traffic too.

We depend upon other countries for our clothing. Why not the Government start textile mills here in co-operation with the people or invite such industrialists to do so? By this, innumerable labourers can be employed. Labour troubles in the State, if not properly attended to then and there, the peace and tranquility of the country will be dislocated with the result of starvation and followed by chaos and confusion which will surely lead to violent changes as we have bitterly experienced at Anthikad. One of the remedies for this is that as far as possible unemployment has to be put an end to immediately.

The Government, rather the Hon'ble Ministers, should understand that this lukewarm, rather be numbed or defunct administration which we have been picturing till now will never cope with the present conditions of the political and economical atmosphere of the country. Times are changing. You should rise equal to the situation. If it does not enter your heads consult with experts and do what is necessary. I am glad that this Government may function further. But if you cannot do this, please don't give occasion for the people to say "Oh God, save us from our friends, Ministers". Because wisdom is knowing what to do next. Skill is knowing how to do it. Virtue is doing it. The greatest truths are the simplest and so are the greatest men; and truth is always the strongest argument.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ബഡ്ജറിനെപ്പറ്റിയുള്ള ഈ വിമർശനത്തിനു് പറപ്പെടുന്നതിനു മുമ്പു് ഇവിടെ പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ നടക്കാൻപോകുന്ന അടുത്ത തിരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ചുകൊണ്ടു് ചില സാമാജികന്മാർ നടത്തിയ പ്രഹസനങ്ങളെപ്പറ്റി, രണ്ടു് വാക്കു് പറയണമെന്നാണു് ഞാൻ ആദ്യമായി വിചാരിക്കുന്നതു്. അന്തിക്കാട്ടു് പോലീസ്സു് നടത്തിയെന്നു് പറയപ്പെടുന്ന അക്രമങ്ങളേയും, അനീതികളേയും മന്ത്രിമാർ അവിടെയാതൊന്നും പ്രവർത്തിച്ചിട്ടില്ലായെന്നുള്ളതിനെപ്പറ്റിയും, ബഹുമാനപ്പെട്ട ചില മെമ്പർമാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അവരാരും തന്നെ ആ സ്ഥലത്തു പോയി യഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയതിനു ശേഷമാണു് ഇങ്ങിനെ പറഞ്ഞതു് എന്നു് ഞാൻ വിശ്വസിക്കുന്നില്ല. പച്ചക്കള്ളംമാത്രമേ പറയുകയുള്ള എന്നു് സത്യ പ്രതിജ്ഞ ചെയ്തിട്ടുള്ള "ദേശാഭിമാനി" പത്രത്തിലേയും, അതിന്റെ കൊച്ചിപ്രതിപ്രായ "പ്രജാമിത്രം" "എക്സ്പ്രസ്സു്" മുതലായപത്രങ്ങളിലേയും, പച്ചക്കള്ളങ്ങൾ മുമ്പിൽവച്ചുകൊണ്ടാണു് ഇങ്ങിനെ ഇല്ലിച്ചിട്ടുള്ളതു്. മുതലാളികൾ നിലനിലക്കുവാൻ അഥവാ അവരുടെ അഭിവൃദ്ധിക്കു് തൊഴിലാളി താല്പര്യങ്ങളെ പരിരക്ഷിക്കേണ്ടതു് മുതലാളിമാരുടേയും തൊഴിലാളികളുടെ അഭിവൃദ്ധിക്കു് മുതലാളിയെ മനഃപൂർവ്വം നശിപ്പിക്കാതിരിക്കേണ്ടതു തൊഴിലാളികളുടേയും കടമയാണു്. അന്തിക്കാട്ടു് ഈഴവരുടെ ഒരു പ്രധാന കേന്ദ്രമാണു്. അവിടെയുള്ള ചെറു തൊഴിലാളികളെപ്പം കമ്മ്യൂണിസ്റ്റുകാർ ഉണ്ടാക്കിയിട്ടുള്ളതാണു്. തൊഴിലാളികൾ വാസ്തവത്തിൽ അവരുടെ വലയിലായി പോയിഎന്നേയുള്ളൂ. അന്തിക്കാട്ടെ തൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

ഴിൽ കുഴപ്പം, തൊഴിലാളികൾക്ക് ശമ്പളം കൂടുതലുകിട്ടണം എന്നുള്ളതിനോ, അല്ലെങ്കിൽ ആദായം കൂടുതൽ കിട്ടണം എന്നുള്ളതിനോ വേണ്ടിയല്ലാ അവർ അവിടെ സ്ട്രൈക്ക് നടത്തിയത്. തൊഴിലാളികളെ ആയുധമാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റുകാരുടെ ഭരണം അവിടെ നടത്തണം എന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു. കമ്മ്യൂണിസ്റ്റുകാരുടെ നിർബ്ബന്ധത്തോടും പ്രേരണയോടുംകൂടിയാണ് അവിടെ പ്രകടനങ്ങൾ നടത്തിയിരുന്നതു്. പലസംഗതികളിലും മുതലാളിമാരുടെ നേരെയും നാട്ടുകാരുടെനേരെയും അവരുടെ അധികാരങ്ങളും മറ്റും പ്രയോഗിച്ചു വിജയം വരിച്ചു വരുന്നതായി അവർക്ക് ബോദ്ധ്യം വന്നു തുടങ്ങി. അവസാനമായി, യാതൊരു കാരണവുംകൂടാതെ മുതലാളിമാർക്ക് മുന്നറിയിപ്പുകൊടുക്കാതെ കമ്മ്യൂണിസ്റ്റുകാരുടെ തന്ത്രങ്ങൾകൊണ്ടു്, അവർ ഒരു ദിവസം, മുതലാളിമാർക്ക് കള്ളു് കൊടുത്തില്ല. അതിനെ സംബന്ധിച്ചു് മുതലാളിമാർ യൂണിയനിൽ പരാതി പറഞ്ഞപ്പോൾ അവരെ അവജ്ഞയോടും ധിക്കാരത്തോടുംകൂടി അവരെ ആക്ഷേപിച്ചു വിടുകയാണു് യൂണിയൻ പ്രവർത്തകന്മാർ, അതു് നിയന്ത്രിക്കുന്ന കമ്മ്യൂണിസ്റ്റു് പ്രവർത്തകന്മാർ, ചെയ്തത്. അതിനുശേഷം, പിറേറദിവസം മുതലാളിമാർ യൂണിയൻ പ്രവർത്തകന്മാരോടു തങ്ങൾക്കു് ന്യായവും മര്യാദയുമായിട്ടുള്ള നഷ്ടം കൊടുത്തില്ലെങ്കിൽ അതായു് കുറഞ്ഞ ന്യായമെങ്കിലും കള്ളു് അളക്കാത്തതിനു്, മര്യാദയായ ഒരു മറുപടി കൊടുത്തില്ലെങ്കിൽ, തങ്ങൾക്കു് കള്ളു് വേണ്ടായെന്നു്, മുതലാളിമാർപറഞ്ഞു. അതിനുയൂണിയൻ തയ്യാറായില്ല. അതുകൊണ്ടു്, അന്നു് അവിടെകൊണ്ടുചെന്നകള്ളു് മുതലാളികൾ എടുക്കായ്കയാൽ തൊഴിലാളികൾ അവിടെവച്ചുതന്നെ ചരിച്ചുകളഞ്ഞു. ഇങ്ങിനെ ഒന്നു് രണ്ടു് ദിവസം അവർ കള്ളു് ചരിച്ചുകളഞ്ഞു. പിന്നീടു് അതു് ചരിച്ചുകളയാതെ വീട്ടിൽകൊണ്ടുപോയി വില്പന നടത്തിതുടങ്ങി. യഥാർത്ഥത്തിൽ മറു ദേശക്കാർ തൃശ്ശിവപേരൂർ പട്ടണത്തിൽ മോരു് വില്പന നടത്തിവരുന്നതുപോലെ പരസ്യമായി കൊണ്ടുനടന്നു വില്പനതുടങ്ങി. ചിലർ വാറവിവില്പന നടത്തികൊണ്ടും ഇരുന്നു. ഏകദേശം കള്ളിന്റെ നിറംതന്നെയാണു് അവിടത്തെവെള്ളത്തിനുള്ളതു്. ഇങ്ങിനെയുള്ള വെള്ളവും കുറെ കള്ളും കള്ളിന്റെ മട്ടുമുഴവനും ചേർത്താണു് മുതലാളിമാർക്കു് അളക്കുവാനെന്നഭാവത്തിൽ കൊണ്ടുചെന്നു ചരിച്ചു കളഞ്ഞിരുന്നതു്. അതിനുശേഷം അവർ മുതലകളുടെ മുമ്പിൽ സമാധാനപരമായി പിക്കറിങ്ങു് തുടങ്ങി. പ്രചരണയോഗങ്ങളും ജാഥകളും തൃശ്ശിവപേരൂർ താലൂക്കിലെ എല്ലാ പ്രദേശങ്ങളിലും നടത്തുകയും ഗവമ്മെണ്ടിനെയും, അവരുടെ കല്പനകളെയും അഭിപ്രായങ്ങളെയും സ്വാഗതം ചെയ്യാത്ത നാട്ടുകാരെയും പരസ്യമായി ആക്ഷേപിക്കുവാനും അപലപിക്കുവാനും ഭീഷണിപ്പെടുത്തുവാനും തുടങ്ങി. പലവിധത്തിലുള്ള പ്രകടനങ്ങളും സമാധാനപരമായി നടത്തീട്ടും മുതലാളിമാർ അവരുടെ പകിട്ടിൽ പെടുകയൊ അവർക്കു വിധേയരായി തീരുകയൊ ചെയ്യുന്നില്ലെന്നു കണ്ടപ്പോൾ കമ്മ്യൂണിസ്റ്റുകാർ അവരുടെ സ്വതന്ത്രാത്മാവായ വിപ്ലവ പരിപാടി പ്രായോഗികമാക്കാൻ തുടങ്ങി. അതിനുവേണ്ടി കമ്മ്യൂണിസ്റ്റു പ്രവർത്തകന്മാർ തൊഴിലാളികളെ പ്രേരിപ്പിച്ചും നിർബന്ധിച്ചും വിപ്ലവത്തിനൊരുക്കുകൂട്ടി. അവസാനം തെങ്ങിന്റെ കുലമുറിയ്ക്കാൻ അവർ തീരുമാനിച്ചു. ഈ സ്ട്രൈക്കിൽനിന്നും പ്രകടനങ്ങളിൽനിന്നും മുഴിഞ്ഞു് സ്വതന്ത്രമായി തൊഴിൽ നടത്തിയിരുന്ന സ്വതന്ത്ര തൊഴിലാളികളെയും മുതലാളികളെയും നഷ്ടപ്പെടുത്തുവാനും കഷ്ടപ്പെടുത്തുവാനും ഒരു തൊഴിൽ കുഴപ്പം ഉണ്ടാക്കിയും നാട്ടിൽ കുഴപ്പവും അസമാധാനവും ഉണ്ടാക്കുവാൻ വേണ്ടിട്ടു് സ്വതന്ത്രതൊഴിലാളികൾ ചെത്തിയിരുന്ന തെങ്ങിന്റെ കുലകൾ മുറിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ തൊഴിലാളികൾക്കു കല്പനകൊടുത്തു. മുതലാളിമാരെ മാത്രമല്ല സ്വതന്ത്രതൊഴിലാളികൾക്കു ചെത്തുവാൻ വൃക്ഷങ്ങൾ പാട്ടത്തിനുകൊടുത്ത വസ്തു ഉടമസ്ഥന്മാരേയും, നഷ്ടപ്പെടുത്താൻ വേണ്ടി ക്രൂടിയായിരുന്നുവത്രെ ഇങ്ങിനെ തീരുമാനിച്ചത്. വിദ്യാവിഹീനരായ സാധുതൊഴിലാളികൾ ഭവിഷ്യത്തു് മനസ്സിലാക്കാതെ കമ്മ്യൂണിസ്റ്റുകാരുടെ കുതന്ത്രങ്ങൾ മനസ്സിലാക്കാതെ അവരുടെ കല്പനക്കു വിധേരായിതീർന്നു. അവരുടെ മുഖപത്രമായ ദേശാഭിമാനി സാധുതൊഴിലാളികളെ വിപ്ലവത്തിലേക്കു പ്രേരിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടുമിരുന്നു. ആദ്യത്തെ ദിവസം കുലമുറിച്ചതു്, വസ്തുടമസ്ഥന്മാരേക്കൊ, മുതലാളിമാർക്കൊ അറിയാൻ സാധിച്ചില്ല. ഒരു ദിവസം രാത്രി തൃശ്ശിവപേരൂർ താലൂക്കിലും, മുകുന്ദപുരം താലൂക്കിൽ ഏതാനും ഭാഗത്തും കുല മുറിച്ചു. ഒരേ സമയത്തു് ഈ എല്ലാ സ്ഥലത്തും ഇപ്രകാരം ചെയ്യണമെങ്കിൽ മുൻകൂട്ടി തീരുമാനിച്ച പരിപാടിയനുസരിച്ചായിരിക്കുമല്ലൊ. ഇതറിഞ്ഞപ്പോൾ പിറേറദിവസം രാത്രി മുതലാളിമാ

LIBRARY ARCHIVES Kerala Legislative Assembly

ന്മാരും ചില സ്ഥലത്തു വസ്തുഉടമസ്ഥന്മാരും വാച്ച് ചെയ്തു. എന്നാൽ, വെട്ടുകത്തി, തോക്കു, വടി, കവിണി, കവണിയെറിയാനുള്ള കല്ലു നിറച്ചു സഞ്ചി മുതലായ ഉപകരണങ്ങളോടുകൂടിയാണു് അവർ കുലമറിയ്ക്കാൻ അനവധിയാളുകളോടുകൂടി പുറപ്പെട്ടതു്. ചെത്തുതൊഴിലാളികളെ ഇങ്ങിനെ വിപ്ലവത്തിന്നിറക്കിയതു് കമ്മൂനിസ്റ്റു് പ്രവർത്തകന്മാരാണെന്നും സാധു തൊഴിലാളികൾ അവരുടെ അജ്ഞതകൊണ്ടു് കമ്മൂണിസ്റ്റുകാരുടെ നിർബ്ബന്ധമായ പ്രേരണകൊണ്ടു് പുറപ്പെട്ടതാണെന്നും ഉള്ള പരമാർത്ഥം ഒരിക്കലും വിസ്മരിക്കരുതു്. ശൂർപ്പണഖയുടെ മൂക്കും മുലയും അരിഞ്ഞു എന്നുള്ളതു്, രാമായണത്തിൽ നാം വായിച്ചിട്ടേയുള്ളൂ. എന്നാൽ അന്തിക്കാട്ടു്, മൂക്കും മുലയും അരിഞ്ഞതു് നേരിട്ടു കാണാൻ സാധിച്ചു. വയസ്സന്മാരുടേയും, വയസ്സികളുടേയും തലതല്ലിപ്പൊളിയ്ക്കുക, വെട്ടിമുറിവേല്പിക്കുക തുടങ്ങിയ അക്രമങ്ങളാണു് അവിടെ നടന്നിരുന്നതു്. നാട്ടുകാർ ഭയവിഹ്വലരായി എന്തു ചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചുവശായി. ഒരുപക്ഷേ, പോലീസ്സു് വരാൻ രണ്ടുദിവസവും കൂടി താമസിച്ചിരുന്നു എങ്കിൽ അന്തിക്കാട്ടു് ഒരു രക്തപ്പുഴതന്നെ ഒഴുകുന്നതു കാണുവാൻ സാധിക്കുമായിരുന്നു. അതു ഒരുക്കങ്ങളോടുകൂടി തയ്യാറായിരുന്ന കമ്മൂണിസ്റ്റുകാർ തൊഴിലാളികളെ രംഗത്തിറക്കിയിരുന്നതു്. വയലാറിലും, പുന്നപ്രയിലും മറ്റും കമ്മൂണിസ്റ്റുകാർ തയ്യാറാക്കിയിരുന്ന ഒരുക്കങ്ങളേക്കാൾ കൂടുതലായിട്ടുള്ള ഒരുക്കങ്ങളായിരുന്നു ഇവിടെ ചെയ്തിരുന്നതു്. പക്ഷേ, സമർത്ഥന്മാരായ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്റെയും, പോലീസ്സു് കമ്മീഷണരുടേയും സാമർത്ഥ്യംകൊണ്ടു് തക്കസമയത്തു് എടുത്ത ഉചിതമായ നടപടികൾമൂലം അവിടെ രക്തപ്പുഴ ഒഴുകുവാൻ ഇടവന്നില്ല. ഇതാണു് അന്തിക്കാട്ടു് നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം. ഇവരുടെ അക്രമങ്ങൾ മൂല്യന്യാവസ്ഥയിൽ എത്തുന്നതിനു അല്പം മുമ്പായി അവിടെ പോലീസ്സു് വന്നു. ഉടനെ മന്ത്രിമാരും ദിവാൻജിയും മറ്റും അവിടെ വന്നു. അവരോടുകൂടി ഞാനും ഉണ്ടായിരുന്നു. നിരപരാധികൾക്കു യാതൊരു ഉപദ്രവും ഉണ്ടാകാതിരിപ്പാൻ വേണ്ടതു പ്രത്യേകം സൂക്ഷിച്ചു പെരുമാറേണമെന്നും മറ്റും പോലീസ്സിനെ പ്രത്യേകം ഉപദേശിക്കുകയും ഭയവിഹ്വലരായി അവിടവിടെ തടിച്ചു കൂടിയ ജനാവലിയെ സമാധാനപ്പെടുത്തുകയും ചെയ്തതിന്നുശേഷമാണു് അവർ എല്ലാവരും മടങ്ങിയതു്. ആ നാട്ടിലെ സ്ത്രീകൾക്കും, പുരുഷന്മാർക്കും, കുട്ടികൾക്കുമെല്ലാം ജീവൻ രക്ഷിയ്ക്കാൻവേണ്ടി, വീടും നാടും വിട്ടു് ബ്രിട്ടീഷിലേയ്ക്കു് മാറിത്താമസിക്കേണ്ടിവന്നു. അവിടത്തെ എക്സ്സൈസ്സു് ഇൻസ്പെക്ടരുടെ കുടുംബത്തെ അദ്ദേഹം ബ്രിട്ടീഷിൽ കൊണ്ടുപോയി താമസിപ്പിച്ചു. മറ്റുള്ളവർ പോലീസ്സു് സ്റ്റേഷന്റെ അങ്കണത്തിലായിരുന്നു താമസം. കുറെ ദിവസത്തേക്കു് അതായതു് പോലീസും പട്ടാളവും സ്ഥലത്തെത്തുന്നതുവരെ ഏകദേശം—പെരിങ്ങോട്ടുകരയിലും പോലീസ്സു് സ്റ്റേഷന്റെ പരിസരങ്ങളിൽക്കൂടിയും എന്തെല്ലാം കോലാഹലങ്ങളാണു് നടന്നിരുന്നതു്; എന്തെല്ലാം അക്രമങ്ങളാണു് നടന്നിരുന്നതെന്നു് വിവരിക്കുവാൻ പ്രയാസമാണു്. അന്നൊക്കെ വീട്ടിൽനിന്നു് പുറത്തു് പോകുന്ന ഘട്ടത്തിൽ കഴുത്തിൽ കാണുന്ന തല വീട്ടിൽ വരുമ്പോൾ മടക്കിക്കൊണ്ടുവരുവാൻ സാധിക്കുമോ, എന്നു് ബലമായി സംശയിക്കുന്ന വിധത്തിലാണു്, അവിടത്തെ സ്ത്രീകളും, പുരുഷന്മാരും, കുട്ടികളുമൊക്കെ കഴിഞ്ഞുകൂടിയിരുന്നതു്. ജനങ്ങളുടെ ജീവനും സ്വത്തും, സ്ത്രീജനങ്ങളുടെ ചാരിത്രവും സുരക്ഷിതമല്ലായിരുന്നു. അങ്ങിനെയുള്ള സന്ദർഭത്തിലാണു്, ഗവൺമെണ്ടു് ഒരു നിയമംമൂലം അവിടെ സമാധാനമുണ്ടാക്കിയതു്. പത്രനിയമം റദ്ദാക്കിയതുമൂലം പത്രങ്ങൾ പത്രധർമ്മത്തെപ്പോലും വ്യഭിചരിച്ചു പൊതുസമാധാനത്തിന്നു ഹാനികരവും ജനങ്ങളെ വിപ്ലവത്തിലേക്കാകർഷിക്കത്തക്കവയും ആയ ലേഖനങ്ങൾ തുടരെ തുടരെ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. അശ്ലീലമായ ഭാഷയിൽ ഗവൺമെണ്ടിനേയും മാന്യന്മാരേയും അപഭാസവർഷങ്ങൾ ചെയ്യുന്ന അനവധി ലഘുലേഖകൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഇതെല്ലാം കണ്ടപ്പോൾ, ഞാൻ ആദ്യംമുതൽ വളരെ ശക്തിയായി എതിർത്തിരുന്ന പത്രനിയമം നിയമസഭ റദ്ദാക്കിയതു് അബദ്ധമായിപ്പോയൊ എന്നുതന്നെ എനിക്കു തോന്നി. മന്ത്രിസഭയോടു വിരോധമുള്ള ചില പത്രങ്ങൾ മന്ത്രിമാരേയും ഗവൺമെണ്ടിനേയും ആക്ഷേപിക്കുവാൻ ഈ അവസരം പ്രത്യേകിച്ചും വിനിയോഗിച്ചിരുന്നു. പത്രനിയമം റദ്ദാക്കിയതിന്നു് ശേഷമാണു് ആക്കും, ആരേയും എപ്പോഴും എന്തും എഴുതാമെന്നും, പറയാമെന്നും ഉള്ള നിലവന്നതു്. ഫ്രഫ്രഫ്രം-ലാണെന്നു തോന്നുന്നു ഒരു ക്രിമിനൽ ലാ അമൻറ്മെൻറ് ആക്ടു് ഈ നിയമസഭ പാസ്സാക്കിയതും ആ ആക്ടിനു് മഹാരാജാവു് തിരുമനസ്സുകൊണ്ടു് തൃക്കൈവിളയാട്ടം കഴിച്ചു നിയമമാക്കിയതും. എന്നാൽ ആ നിയമം ഇന്നു സ്റ്റാറ്റ്യൂട്ടിൽ കാണുന്നില്ല. അതു് എവിടെപ്പോയി, എങ്ങിനെ പോയി, എപ്പോൾ പോയി എന്നൊന്നും അറിയുന്നില്ല. അതുകൊണ്ടാണു് ഈ വിധത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K S. Panicker]:

മുള്ള ന്യൂനപക്ഷങ്ങൾ ഉണ്ടായാൽ നിയന്ത്രിക്കാൻ വേണ്ടി മദ്രാസ്സിലെ കോൺഗ്രസ്സ് ഗവർമ്മെണ്ട് കൂടി അവിടെ പാസ്സാക്കീട്ടുള്ള പബ്ലിക്ക് സേഫ്റ്റി ആക്ടിൽ നമ്മുടെ നാട്ടിലേക്ക അവശ്യം ആവശ്യമാണെന്ന തോന്നുന്ന ഭേദഗതിയോടുകൂടി ഒരു വിളംബരംമൂലം ഇവിടെയും പാസ്സാക്കുവാൻ നമ്മുടെ ഗവർമ്മെണ്ട് നിർബ്ബന്ധിതമായതു്. ജനങ്ങളുടെ ജീവനും സ്വത്തും അപകടത്തിലാകുന്ന എന്നും സ്ത്രീജനങ്ങൾക്ക അവരുടെ ചാരിത്രം സംരക്ഷിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ലെന്നും വരുന്ന ഇത്തരം അവസരങ്ങളിൽ സമാധാനപരിപാലനം ചെയ്യാൻ അത്യന്താപേക്ഷിതമാണെന്ന കാണുന്ന നടപടികൾ എടുക്കേണ്ടതു് ഏതൊരു ഗവർമ്മേണ്ടിന്റേയും ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു കടമ നിറവേറുക മാത്രമെ പൊതുസമാധാനത്തിന്റേയും പൊതു രക്ഷയുടേയുംപേരിൽ നമ്മുടെ ഗവർമ്മെണ്ട് ചെയ്തിട്ടുള്ളു. അതിനെപ്പറ്റി ഇത്രയധികം ആക്ഷേപിക്കാനുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. രാജ്യത്തു് സമാധാനം പരിപാലിക്കണം, നീതിന്യായം നടന്നുകാണണം എന്നു വിചാരിക്കുന്ന ഏതൊരു പൌരനും ഇതിനെ ആക്ഷേപിക്കുവാൻ നിവർത്തിയില്ല.

ബഹുമാനപ്പെട്ട ഞാറക്കൽ മെമ്പർ ഇവിടെ ഒരു കാര്യം പറഞ്ഞു. ഒരേവിധത്തിലുള്ള കേസ്സിൽ, മത്തായിമാഞ്ഞൂരാനെ വിട്ട, മനക്കലാത്തിനെ വിട്ടില്ലായെന്നു്. ഒരുപക്ഷേ ചില മന്ത്രിമാർ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, അതു് ആവർത്തിക്കാൻ സമ്മതിച്ചില്ലായെന്നു് മാത്രമെ അതിനർത്ഥമുള്ളൂ. ഒരിക്കൽ ജുഡീഷ്യറിയിൽ കൈകടത്തിയെന്നവച്ചു്, പിന്നീടും അതു് ആവർത്തിക്കപ്പെട്ടാൽ രാജ്യത്തു് സമാധാനമുണ്ടാകയില്ലാ എന്നു കണ്ടറിഞ്ഞതിന്റെ ഫലമായിട്ടാണു് പിന്നീടു് ആ അപരാധം ആവർത്തിക്കാതിരുന്നതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: പ്രജാമണ്ഡലം മന്ത്രിമാരാണോ അങ്ങിനെ ചെയ്തതു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരാണു് അങ്ങിനെ ചെയ്യിച്ചതു് എന്നാണു് ഞാൻ വിചാരിക്കുന്നതു്. പ്രായപൂർത്തിവോട്ടവകാശം നൽകിക്കൊണ്ടുള്ള ഇനിയത്തെ എലക്ഷൻ ലക്ഷ്യം വച്ചുകൊണ്ടു നാട്ടിൽ സമാധാനപരമായി നടന്നുവരുന്ന ജീവിതത്തെ ഭഞ്ജിക്കത്തക്കവിധം പ്രവർത്തനങ്ങളും, പ്രചരണങ്ങളും നടത്തുന്നവരാരാണു് എന്നിക്ക പറയുവാനുള്ളതു്, ഇനിയത്തെ തിരഞ്ഞെടുപ്പു വരുന്നതുവരെ ബാക്കിയുള്ളവക്കും ഇവിടെ ജീവിക്കണമെന്നുള്ള കാര്യം ഓർമ്മിക്കണമെന്നാണു്. അന്തിക്കാട്ടു് ഒരു ഈഴവന്റെ വീട്ടിൽ രാത്രിസമയത്തു് പോലീസ്സുകാർ ചെന്നു് അവിവാഹിതകളായ രണ്ടു സ്ത്രീകളെ ബലാൽസംഗം ചെയ്യുമുലം രക്തപ്രവാഹത്തിൽ മുങ്ങി ആശുപത്രിയിൽ കിടക്കുന്ന എന്നു വെറും ഒരു പച്ചക്കള്ളം ഒരു പത്രം എഴുതി. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഒരു സ്ഥാനാർത്ഥി, ഇനി വരാൻപോകുന്ന തിരഞ്ഞെടുപ്പിനു നില്ക്കുവാൻ വിചാരിക്കുന്ന ഒരദ്ധ്യാപകന്റെ സഹായസഹകരണത്തോടുകൂടി നടത്തുന്ന ആ പത്രം പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയ ഇനിയത്തെ തിരഞ്ഞെടുപ്പിൽ ഇവർക്കു രണ്ടുപേർക്കും കമ്മൂണിസ്റ്റുകാരുടെയും തൊഴിലാളികളുടേയും സഹായസഹകരണങ്ങൾ ഉണ്ടാകാൻ വേണ്ടിയും ആ പ്രതീക്ഷയോടുകൂടിയും തനി നിറം കാണിക്കാതെ മൂടിവെച്ചു്, കമ്മൂണിസ്റ്റുകാരുടെ അനുഭാവികളാണു് തങ്ങളെന്നു ബോദ്ധ്യപ്പെടുത്തുവാനാണു് അവരുടെ ലേഖനം അവരുടെ പത്രത്തിൽ പ്രസിദ്ധീകരിച്ചതെന്നു് അവരെപ്പറ്റി അറിയുന്നവക്കെല്ലാം അറിയാം. ഇങ്ങിനെയുള്ള പച്ചക്കള്ളങ്ങൾ എഴുതി ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണയും, ഗവർമ്മെണ്ടിന്റെ നേരെ വെറുപ്പും, അമർഷവും, അവജ്ഞയും ഉണ്ടാക്കി ഗവർമ്മെണ്ടിനെ പാടെ ഇടുക്കി അട്ടിമറിക്കാൻ ശ്രമിക്കുമ്പോൾ, ആ പത്രങ്ങളെ നിരോധിച്ചില്ലെങ്കിൽ, പിന്നെ ഗവർമ്മെണ്ടു്തന്നെ എങ്ങിനെയാണു് നിലനില്ക്കുന്നതു്. ഇങ്ങിനേയുള്ള പത്രങ്ങളുടെ മേൽ കടുച്ചുകൂടി നിരീക്ഷ പതിപ്പിക്കേണ്ടതുണ്ടു് എന്നാണു് ഞാൻ പറയുന്നതു്. "ദീനബന്ധു" പ്രജാമണ്ഡലത്തിലെ ഒരാൾ പത്രാധിപരായി നടത്തുന്ന ഒരു പത്രമാണെങ്കിലും അതിൽ ഈവക ആപല്ലക്ഷണങ്ങളായ ലേഖനങ്ങൾ യാതൊന്നും എഴുതിക്കാണുന്നില്ല. ഇങ്ങിനെ വല്ലതും ആ പത്രവും എഴുതാൻ തുടങ്ങുകയാണെങ്കിൽ അതിന്റെ മേലും കർശനമായ നടപടികൾ എടുക്കുകതന്നെ ചെയ്യും.

കമ്മൂണിസ്റ്റുകാരുടെ പ്രവൃത്തിയും അവരുടെ ലക്ഷ്യവും ഈ രാജ്യത്തു സമാധാനമുണ്ടാക്കണമെന്നുള്ളതല്ല. തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കണമെന്നുള്ളതാ തൊഴിലാളികളുടെ നന്മക്കുവേണ്ടി പ്രവൃത്തിക്കണമെന്നുള്ളതൊ അല്ല. നേരെമറിച്ചു് തൊഴിലാളികളെ തങ്ങളുടെ ഭോഗത്തേക്കാകർഷിച്ചു് അവരുടെ നേതൃത്വം തേടി തങ്ങൾക്കു് വിധേയരാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിപ്ലവംമൂലം അധികാരം പിടിച്ചു പറ്റുകയും ചെയ്യുന്നം. അതിനുവേണ്ടി തൊഴിലാളിതാല്പര്യങ്ങളെ പറ്റിക്കരിച്ച് അവരുടെ മുമ്പിൽ വെക്കുന്നു. ആദ്യകാലത്തു മുതലാളികളിൽനിന്നു് ഏതാനും ഗുണം സിദ്ധിക്കുവാനിടയാകയും ചെയ്യുമ്പോൾ തൊഴിലാളികൾ തങ്ങളുടെ ആജ്ഞകൾക്കു വിധേയരായി തീരുകയെന്നതു സംഭവ്യമാണു്. ഇപ്രകാരം തൊഴിലാളികളെ അതിലേക്കാകർഷിച്ചു അവരെ വിപ്ലവത്തിലേക്കു് ഇറക്കണം; മുതലാളികൾക്കു് താങ്ങാൻ പാടില്ലാത്ത ഡിമാൻഡുകൾവെച്ചു് സാധിക്കാതെ വരുമ്പോൾ അവിടെ വിപ്ലവമുണ്ടാക്കണം. തൊഴിലാളികളുടെ താല്പര്യങ്ങൾക്കുവേണ്ടിയാണു് സർവ്വസംഗപരിത്യാഗികളായി തങ്ങൾ നിലകൊള്ളുന്നതു എന്നു് അവരെ തെറ്റിദ്ധരിപ്പിച്ചു് തങ്ങളുടെ പരമമായ ഉദ്ദേശം നിശ്ശേഷം മറച്ചുവെച്ചു് മുതലക്കണ്ണീരൊഴുക്കി തൊഴിലാളികളുടെ വിശ്വാസം ആർജ്ജിച്ചു് അവരുടെ നേതൃത്വം നേടി അവരെ വിപ്ലവത്തിന്നിറക്കുന്നു. മുട്ടകളെപ്പോലെ പ്രയത്നം ചെയ്യാതെ ആരുടേയും രക്തം കുടിച്ചു സുഖമായി ജീവിക്കുകയും പിടിക്കാൻ ശ്രമിച്ചാൽ ആക്രമം പിടികൊടുക്കാതെ ഗുഹയിൽ ഓടിയൊളിക്കുകയും ചെയ്യുന്ന മുട്ടകളെപ്പോലെ ജീവിക്കുന്ന ചില ജീവികൾ നമ്മുടെ രാജ്യത്തുണ്ടു്. അവരാണു് ഈ കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാർ. അവരാണു് ഈ രാജ്യത്തിൽ സമാധാനമില്ലാതാക്കുന്നതു.” അവർക്കതിന്നു സൌകര്യം കൊടുക്കുന്ന സ്വാർത്ഥതല്പരന്മാരായ ചില മുതലാളികളും നമ്മുടെ നാട്ടിലുണ്ടു്. ന്യായമായ തൊഴിലാളിതാല്പര്യങ്ങളും മിതമായ മുതലാളിതാല്പര്യങ്ങളും പരിരക്ഷിക്കുവാനുള്ള ചുമതല ഗവൺമെണ്ടിനുണ്ടു്. ഇരുകക്ഷികളുടേയും താല്പര്യങ്ങളെ പരിരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട ചുമതല ഗവൺമെണ്ടു അതാതു സമയം നിറവേറ്റണമെന്നാണു് ഞാൻ ഗവൺമെണ്ടിനോടാവശ്യപ്പെട്ടതു.

കൊച്ചിരാജ്യത്തു വേണ്ടിടത്തോളം വ്യവസായങ്ങൾ ഇല്ലായെന്നു് എന്റെ ഒരു സ്നേഹിതൻ ബഹുമാനപ്പെട്ട വെള്ളാരപ്പിള്ളി മെമ്പർ ഇപ്പോൾ പറയുകയുണ്ടായി. വ്യവസായങ്ങൾ നാട്ടിൽ ഉണ്ടാക്കുവാൻ ശ്രമിക്കുകയല്ലാ നേരെമറിച്ചു് ഉള്ള വ്യവസായങ്ങൾ നശിപ്പിക്കുവാൻ ശ്രമിക്കുന്നവരാണു് നാട്ടിൽ അധികം കാണുന്നതു്. അപ്പോൾ എങ്ങിനെ വ്യവസായങ്ങൾ ഇവിടെയുണ്ടാകും? ഉള്ളതുതന്നെ നശിക്കാൻ പോകുന്നു. അഥവാ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. അതിനെ നന്നാക്കിക്കൊണ്ടുവരണമെന്നോ, അതുമൂലം കൂടുതൽ തൊഴിലാളികൾക്കു്, ജോലി കൊടുക്കണമെന്നോ ഉള്ള ഉദ്ദേശമല്ല, ഇവിടത്തെ പ്രമാണികൾക്കും രാഷ്ട്രീയപ്രവർത്തകന്മാർക്കുപോലും ഉള്ളതു്. ചിപ്പു് പോപ്പുലാരറിക്കുവേണ്ടി തൊഴിലാളികളെ ഈ വ്യവസായങ്ങളുടെനേരെ തിരിച്ചുവിടാനാണു്, ഇവിടത്തെ പ്രമാണികൾ ശ്രമിക്കുന്നതു്. വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടാൻ പാടില്ലാത്ത തരത്തിൽ, പുതിയ വ്യവസായങ്ങൾ ഉണ്ടാക്കുവാനും വളർത്തുവാനും സാധിക്കാത്ത വിധത്തിൽ, പുറരാജ്യങ്ങളിൽനിന്നു വ്യവസായങ്ങളെ ആകർഷിക്കാതെ അവരെ ഭയപ്പെടുത്തത്തക്കവിധത്തിൽ വലിയ ഭാരങ്ങൾ ഗവൺമെണ്ടു വ്യവസായികളുടേയും വ്യവസായതല്പരന്മാരുടേയും തലയിൽവച്ചു കെട്ടുന്നതായാൽ, വ്യവസായങ്ങൾ ഇവിടെ നശിക്കുകയേ ഉണ്ടാകയുള്ളു എന്നാണു് എനിക്കു പറയുവാനുള്ളതു്. ഉള്ള വ്യവസായങ്ങളെ പരിപോഷിപ്പിക്കുവാനും പുതിയ വ്യവസായങ്ങളെ ആകർഷിക്കുവാനും പറ്റുംവിധമായ ഒരു പരിപാടി ഉടനെ ഗവൺമെണ്ടു സ്വീകരിക്കുകയും അതു ദേശീയമാക്കുവാൻ കഴിയുന്നതു ശ്രമിക്കുകയും ചെയ്യണമെന്നു മാത്രമേ എനിക്കു ഈ കാര്യത്തെപ്പറ്റി ഇപ്പോൾ ഊന്നി പറയാനുള്ളു. ഇനി മറ്റു വിഷയങ്ങളിലേക്കു പ്രവേശിക്കുന്നു.

ഇക്കൊല്ലത്തെ ബഡ്ജറ്റ്, ഡഫിസിറ്റ് ബഡ്ജറാണെന്നുണ്ടെങ്കിലും, ഒരു സർപ്ലസ്സു ബഡ്ജറാണെന്നു് പറയാൻ നിവൃത്തിയില്ല. പക്ഷെ, സർപ്ലസ്സായിത്തീരാൻ ഇടയുണ്ടു്. ആസ്റ്റ്-ഓസ്റ്റ്-ഹംഗറി-യോടുകൂടി ബ്രിട്ടനും നാട്ടുരാജ്യങ്ങളും തമ്മിലുള്ളതും അവരുടെ നിബ്ബന്ധത്താലോ പ്രേരണയാലോ നാട്ടുരാജ്യങ്ങൾതമ്മിലും ഇടവരുവരെയുള്ള സകല കരാറുകളും ദുർബ്ബലപ്പെടുമ്പോൾ ചില ആദായങ്ങളും നമുക്കു ഉണ്ടാകാൻ ഇടയുണ്ടു്. അതായതു് കൊച്ചിരാജ്യത്തുനിന്നു് ബ്രിട്ടൻ കൈവശപ്പെടുത്തിയതും ബ്രിട്ടന്റെ നിർബ്ബന്ധത്താലോ പ്രേരണയാലോ നമ്മുക്കു നഷ്ടപ്പെട്ടിട്ടുള്ള സ്ഥലങ്ങളും സ്ഥാപനങ്ങളും നമുക്കു തിരിച്ചുകിട്ടാൻ അവകാശപ്പെട്ടു തിരിച്ചുകിട്ടുവാൻ ശ്രമിക്കുമ്പോൾ ഇതിലേക്കു് ഗവൺമെണ്ടിന്റെ ശ്രദ്ധ തിരിച്ചുവിടണം. അപ്പോൾ രാജ്യത്തിൽ കൂടുതൽ ആദായമുണ്ടാകും. ഈ ബഡ്ജറിൽ പല കാര്യങ്ങൾക്കും സംഖ്യ കൊടുത്തിട്ടുള്ളതായി കാണാം. അതു ബഡ്ജറിന്റേയും ഭരണനിപ്പോർട്ടിന്റേയും അലങ്കാരത്തിന്നുവേണ്ടിയാണു്. അങ്ങിനെയുള്ള അലങ്കാരങ്ങളിൽ ഒന്നാണു ചിറ്റൂർ താലൂക്കിൽ ഒരു ഡെമോൺസ്ട്രേഷൻ ഫാം വേണമെന്നു് തീർച്ചയാക്കി, അതിനു് സംഖ്യ കൊള്ളി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker].

ച്ചിട്ടുള്ളതു്. എന്തിനുവേണ്ടിയാണു് ഒരു ഡെമോൺസ്ട്രേഷൻ ഫാറം അവിടെ ഉണ്ടാക്കുന്നതു്? അവിടത്തെ പ്രമാണികളായ വക്കീലന്മാർക്കും പണക്കാർക്കും മറവും സായാഹ്നത്തിൽ വിഹരിക്കാനുള്ള സൌകര്യത്തിനുവേണ്ടിയാണു്, ഒരു പാക്കിനുപകരം അവിടെ ഒരു ഡെമോൺസ്ട്രേഷൻ ഫാറം ഉണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ളതു്. ആ ആവശ്യത്തിനാണെങ്കിൽ, അവിടെ ഒരു പാക്കാണു് വേണ്ടതു്. നേരേമറിച്ചു് ചിറവൂർ താലൂക്കിലെ ജനങ്ങൾ വളരെക്കാലമായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നതു്, അവർക്കു് കൃഷിക്കു വളം കിട്ടുന്നില്ല അതുകൊണ്ടു് അവിടെ ഒരു Manure സെൻട്രൽ ഡപ്പോ വേണമെന്നാണു്. അതിനു ഒരുപൈപോലും ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല. ചിരകാലമായി അവർ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നതും അവർക്കത്യന്താപേക്ഷിതവുമായ സെൻട്രൽ വളഡപ്പോ സ്ഥാപിച്ചു കൊടുക്കേണ്ടതിനുപകരം, ചിറവൂർ പട്ടണത്തിലും പട്ടണത്തിനു പുറത്തുംകൂടി ഒരു ഡമോൺസ്ട്രേഷൻ ഫാറം ഉണ്ടാക്കാൻ തീച്ചുയാക്കിയതു് ഗവമ്മെണ്ടിന്റെ അജ്ഞതയൊ വിവേകശൂന്യതയൊ, അലങ്കാരപ്രമൊ ചില തല്പരകക്ഷികളുടെ പ്രേരണയൊ അസൂയയൊ മറ്റൊ ആകാനെ ഇടയുള്ളു. അല്ലാതെ ചിറവൂർ താലൂക്കിലെ കഷ്കരുടെ ഉപയോഗത്തിനുള്ളതല്ലെന്നു തീച്ചുയാണു്. കോയമ്പത്തൂരിൽനിന്നു പലതരം വിത്തുകൾകൊണ്ടുവന്നു്, കൃഷിചെയ്തു പരീക്ഷിക്കുന്നതിനുവേണ്ടിയാണു് ഫാറം ഉണ്ടാക്കേണ്ടതു്. കോയമ്പത്തൂർ soil നോട്ടു തുല്യമായ siol ആണു് ചിറവൂർ താലൂക്കിൽ ചില സ്ഥലങ്ങളിലുള്ളതു്. കോയമ്പത്തൂർനിന്നു ചിലതരം വിത്തുകൾ അങ്ങിനെയുള്ള സ്ഥലങ്ങളിൽ പരീക്ഷിച്ചുനോക്കിയതിൽ വളരെ വിജയപ്രദമായി കാണുവാനിടയായിട്ടുണ്ടെന്നാണു് അവർ പറയുന്നതു്. ആ രാജ്യത്തിലെ കൃഷിക്കാരുടെ ആവശ്യം പ്രമാണിച്ചാണു് ഫാറം ഉണ്ടാക്കുന്നതെങ്കിൽ ആയതു കൊഴിഞ്ഞാമ്പാറ ഫക്കയിലൊ പട്ടഞ്ചേരിയിലൊ ആണു് വേണ്ടതെന്നും ഒരു സെൻട്രൽ വളഡപ്പോ അത്യന്താപേക്ഷിതമാണെന്നും ചിറവൂർ ഫാറം ഉദ്യോഗസ്ഥന്മാർക്കും വക്കീലന്മാർക്കും അവിടത്തെ ധനവാന്മാർക്കും സായാഹ്നവിഹാരത്തിനുമാത്രം ഉപകരിക്കുന്നതായിരിക്കുമെന്നും മറ്റും പറഞ്ഞു്, നല്ലേപ്പിള്ളി, കൊഴിഞ്ഞാമ്പാറ, എരുത്തെമ്പതി മുതലായി പല സ്ഥലങ്ങളിൽനിന്നും ധാരാളം ആക്ഷേപങ്ങൾ ഗവമ്മെണ്ടിനു കിട്ടികൊണ്ടിരിക്കുന്നു എന്നാണു് സൂക്ഷ്മമായി എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു്. അതിനെ ഒന്നും വകവക്കാതെ ചില വക്കീലന്മാർകൂടി ഉണ്ടാക്കിയ അനുദ്യോഗസ്ഥക്കമ്മറ്റിയുടെ തീരുമാനത്തിൽ ഗവമ്മെണ്ടു കൈകടത്തുന്നതു ഉചിതമായിരിക്കുകയില്ലായെന്നു തൊട്ടുന്യായം പറഞ്ഞു ആണു് അവിടെ ഒരു ഡമോൺസ്ട്രേഷൻ ഫാറം ഉണ്ടാക്കാൻ ശ്രമിക്കുന്നതു്. ഇതു ഏറ്റവും ആക്ഷേപകരവും അനാശാസ്യകരവുമായ സംഗതിയാണു്. ഡമോൺസ്ട്രേഷൻ ഫാറം ഉണ്ടാക്കുകയാണെങ്കിൽ അതു കൃഷിക്കാർക്കുപയോഗപ്രദമായ വിധത്തിൽ ആയിരിക്കണം. സെൻട്രൽ ഫാറം നടത്തുന്നതിൽ ആ വകുപ്പു കാണിക്കുന്ന അഴിമതികളും അക്രമങ്ങളും ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കു നല്ലവണ്ണമറിയാം. അദ്ദേഹവും ഞാനും ഈ കൌൺസിലിൽവെച്ചു് ഒരു കാലത്തു, സെൻട്രൽ ഫാറത്തിലെ തെങ്ങുകൃഷിയിൽനിന്നുള്ള അറാദായം വളരെ തുച്ഛമാണെന്നു കണ്ടതുകൊണ്ടു് ഗവമ്മെണ്ടിനെ കളിയാക്കികാട്ടും മനസ്സിലാക്കുവാൻവേണ്ടി വെല്ലുവിളിയോടുകൂടി ലേലം വിളിച്ചിട്ടുള്ളതാണു്. എന്നാൽ ഇപ്പോൾ അദ്ദേഹം അതിന്റെ ഭരണമേധാവിയായി വന്നപ്പോൾ ആ വകുപ്പിലെ അഴിമതികൾ കണ്ടുപിടിച്ചു അതിനെ വേണ്ടവിധം നിയന്ത്രിക്കുവാനും കശ്മനമായ നടപടികളും എടുക്കുവാനും തുടങ്ങിയതോടുകൂടി ആ വകുപ്പിൽനിന്നു കിട്ടുന്ന ആദായം വളരെ കൂടുതൽ ആയിരിക്കുന്നു എന്ന പരമാർത്ഥം വെളിപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മാത്രമല്ലാ ഉത്തരവാദപ്പെട്ട മറ്റു പലരുടേയും ശ്രദ്ധ ക്രടെക്കുടെ പതിയാനിടയുള്ള സെൻട്രൽ ഫാറത്തിൽ ഇത്രയധികംകാലം ഇത്രയധികം അഴിമതികളും നടത്തുവാൻ ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ധൈര്യപ്പെട്ടിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റേയൊ ഉത്തരവാദപ്പെട്ട മറ്റാരുടെയെങ്കിലുമൊ ശ്രദ്ധ ക്രടെക്കുടെ പതിയാനൊ പതിപ്പിക്കുവാനൊ സാധിക്കാത്ത ചിറവൂർ ഫാറത്തിൽ എതെല്ലാം തരത്തിലുള്ള അഴിമതികളും അക്രമങ്ങളും നടക്കും എന്നുംകൂടി ആലോചിക്കേണ്ടതാണു്. എന്നാൽ ചിറവൂർ താലൂക്കിൽ വേണ്ടെന്നല്ല ഞാൻ പറയുന്നതു്. പക്ഷെ അങ്ങിനെ ഒരു ഫാറം ഉണ്ടാക്കുകയാണെങ്കിൽ കഷ്കർ ആവശ്യപ്പെടുന്ന സ്ഥലത്താണു് വേണ്ടതു് എന്നാണു് ഞാൻ പറയുന്നതു്. ഒരു ഫാറം ഉണ്ടാക്കുകയാണെങ്കിൽ അതു കൃഷിക്കാർക്കു് മാതൃകയായി പരിലസിക്കത്തക്ക നിലയിലായിരിക്കണം. അലങ്കാരത്തിനുവേണ്ടി മാത്രമായിരിക്കുകയൊ പാക്കിനു പകരം ഒരു വിഹാരസ്ഥലമാക്കി തീർക്കാൻവേണ്ടിയൊ ചിലരെ പ്രീതിപ്പെടുത്താൻവേണ്ടിയൊ ആയിരിക്കരുതു്. അതിനുവേണ്ടി പണമില്ലാതെ കഴങ്ങുന്ന ഈ സന്ദർഭത്തിൽ പണം ചിലവുചെയ്യാൻ പോകുന്നതു് ഒരിക്കലും സഹിക്കാ

LIBRARY ARCHIVES Kerala Legislative Assembly

ത്തുമല്ലെന്ന മാത്രമല്ലാ തീരെ അനാശാസ്യകരവുംകൂടിയാണ്. എന്നാൽ എനിക്ക പറയുവാനുള്ളതു്, അവിടെ കൃഷിക്കുംക്കെല്ലാം വളം സമൃദ്ധിയായി കിട്ടത്തക്കവണ്ണം ഒരു Manure Central Depot ഉടനെ തുറക്കണമെന്നാണ്. ഈ സംഗതിയിലേക്കു് ഗവൺമെണ്ടിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഇനി മറെറാരു സംഗതി എനിക്ക പറയുവാനുള്ളതു് ഗവൺമെണ്ടു ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചാണ്. ക ക ഒ ചിങ്ങം ക-ാംനു-മുതൽ ശമ്പളപരിഷ്കരണത്തിന്റെ ഫലമനുഭവിക്കാമെന്നു് സാധുക്കളായ സക്കാർ ജീവനക്കാർ വിചാരിച്ചിരുന്നു. അവരുടെ ആ വിശ്വാസത്തിനു ഗവൺമെണ്ടു ധാരാളം വഴിയും വെച്ചിരുന്നു എന്നു മാത്രമല്ലാ അവരെ വ്യാമോഹിപ്പിക്കുകകൂടി ചെയ്തു. എന്നാൽ അതിനെ സംബന്ധിച്ചു് യാതൊന്നും ബഡ്ജററിൽ വക കൊള്ളിച്ചില്ല. അങ്ങിനെ ക ക ഒ കഴിഞ്ഞു. ക ക ഒ-ലെ ബഡ്ജററിൽ ക വു ലക്ഷം രൂപയാണു് ഇതിനു വക കൊള്ളിച്ചിട്ടുള്ളതു്. ഉദ്യോഗസ്ഥക്കമ്മെററിയുടെ ശുപാർശിപ്രകാരമാണു് ക വു ലക്ഷം രൂപ വക കൊള്ളിച്ചിട്ടുള്ളതു്. ഞാൻ ഗവൺമെണ്ടിനോടൊന്നു ചോദിച്ചുകൊള്ളട്ടെ. സാധുക്കളായ സക്കാർ ജീവനക്കാർ വളരെക്കാലമായി നരകയാതന അനുഭവിക്കുന്ന സ്ഥിതി കാണുവാൻ കണ്ണില്ലേ? കേൾക്കുവാൻ ചെവിയില്ലേ? ഗവൺമെണ്ടു ഉദ്യോഗസ്ഥന്മാരുടെനേരെ ഈ മാതിരിയുള്ള ഉദാസീനത കാണിച്ചാൽ അവരും "ഇങ്കപിലാബ്" സിന്താബാദ്" വിളിക്കുകയൊ വിളിപ്പിക്കുകയൊ ചെയ്യുമെന്നു് ഞാൻ ഗവൺമെണ്ടിനോടു പറയുന്നു. സാധുക്കളായ സക്കാർ ജീവനക്കാർ എങ്ങിനെയാണു് ജീവിക്കുന്നതെന്നു് നിങ്ങൾക്കറിയാമോ? അവർ പട്ടിണികിടന്നു നരകിക്കുന്നു എന്നുള്ളതു് നിങ്ങൾ അറിയുന്നില്ല. വലിയ സ്ഥാനങ്ങളിൽ ഇരിക്കുന്നവക്കു് സാധാരണക്കാരുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഇതു ഇനിയെങ്കിലും ഗവൺമെണ്ടു മനസ്സിലാക്കി ഉടനെ അതിനെ സംബന്ധിച്ചു കല്പന പുറപ്പെടുവിക്കുവാനും, ക ക ഒ ചിങ്ങംമുതൽ റിട്രോസ്പെക്ടീവ് ഇഫക്ടോടു വച്ചു കൊടുക്കാനും പരിശ്രമിക്കണം. അതിനു് ഒരു സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്നാലും തരക്കേടില്ല, ഇപ്പോൾ കാണിച്ചിട്ടുള്ളതിന്റെ ഇരട്ടി സംഖ്യ സപ്ലിമെൻററി ഗ്രാൻറിൽ കാണിച്ചാലും തരക്കേടില്ല. ഇത്തരത്തിൽ ഒരു സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്നു അവരുടെ പട്ടിണിക്കു പരിഹാരം കാണണമെന്നു് ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുന്നു.

ഇനി ഉപരിവിദ്യാഭ്യാസത്തിനു് വേണ്ടിയും സാങ്കേതിക വിദ്യാഭ്യാസത്തിനു് വേണ്ടിയും കൊച്ചീരാജ്യത്തിനു് പുറത്തുള്ള കോളേജുകളിലേയ്ക്കു് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന നയത്തെ സംബന്ധിച്ചു് ഒരു വാക്കു് പറയാം. ഇതിനെ സംബന്ധിച്ചു് പഴയ നയത്തിൽനിന്നും യാതൊരു വ്യത്യാസവും വന്നതായി കാണുന്നില്ല. യൂണിവേഴ്സിറിയിൽ ഒന്നാമതായി പാസായ ഒരാൾ ഉദാരനായ അഴകപ്പചെട്ടിയാർ അവർകൾ നൽകാമെന്നു പറഞ്ഞ സ്കോളർഷിപ്പോടുകൂടി ഉപരിവിദ്യാഭ്യാസത്തിനുതന്നെ അയക്കുവാൻ അപേക്ഷിച്ചപ്പോൾ അതിനു് യാതൊരു പരിഗണനയും കൊടുത്തില്ല. ഒരുപക്ഷെ ഈഴവനായതുകൊണ്ടൊ സ്വകലാശാലയിൽ ഒന്നാമതായി പാസ്സായതുകൊണ്ടൊ എന്നറിയുന്നില്ല. ഏതായാലും അയാളെ അയച്ചില്ല. അതേസമയത്തു് ഫ്രസൂരിൽ സ്വാധീനശക്തിയുള്ള ചില ഉദ്യോഗസ്ഥന്മാരുടെ സ്വന്തക്കാരനായ ഒരാളെ അതിനയച്ചു. ഇങ്ങിനെ വലിയ സ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ മക്കളേയും, ചാവ്വക്കാരേയും അവരുടെ വേട്ടക്കാരേയും തിരഞ്ഞെടുത്തയക്കുന്ന സമ്പ്രദായം ഇനിയും ഗവൺമെണ്ടു് തുടർന്നുകൊണ്ടുപോകാൻ ഞങ്ങൾ സമ്മതിക്കുകയില്ല എന്നു ഞാൻ ഗവൺമെണ്ടിനെ പ്രത്യേകം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർ, ആഗസ്റ്റ് ക-ാംനു- അടുത്തെത്തിയിരിക്കുന്നു. ഭരണകൈമാററം നടത്തുന്ന ദിവസമാണു് ആഗസ്റ്റ് ക-ാംനു-. അന്നു് കൊച്ചിയിലും ഭരണകൈമാററം വന്നു് കാണുവാൻ ആഗ്രഹിക്കുന്ന ഒരാളാണു് ഞാൻ. അതേ സമയത്തു്, കൊച്ചീരാജ്യത്തിന്റെ ചരിത്രത്തിൽ മാത്രമല്ല, ലോകത്തിന്റെ ചരിത്രത്തിൽതന്നെ, ഈ ഭരണകൈമാററത്തെ സുവർണ്ണലിപികളാൽ രേഖപ്പെടുത്തുവാൻ പോകുന്ന ഈ സന്ദർഭത്തിൽ, നമ്മുടെ കൊച്ചീരാജ്യചരിത്രത്തിൽ നമുക്കും അങ്ങിനെ രേഖപ്പെടുത്തുന്നതിനു്, ആഗസ്റ്റ് ക-ാംനു- പരിപൂർണ്ണമായ ഉത്തരവാദഭരണം നല്കുക. അതേവിധത്തിൽതന്നെ അന്നേദിവസം എല്ലാ ഹിന്ദുസമുദായങ്ങൾക്കും എല്ലാ ഹിന്ദുക്ഷേത്രങ്ങളിലും പ്രവേശനമനുവദിക്കണം. മറെറല്ലാ രാജ്യങ്ങളിലും ഇതു് നടന്നുകഴിഞ്ഞിരിക്കുന്നു. ഈ "ം" വട്ടമുള്ള കൊച്ചീരാജ്യത്തുമാത്രം അയിത്തം മാറാതെ ഇനിയും തീണ്ടൽ സംരക്ഷിയ്ക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതു്, ഐക്യകേരള പ്രഖ്യാപനം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker].

മൂലവും, പരിപൂർണ്ണോത്തരവാദഭരണപ്രഖ്യാപനം മൂലവും, അഖിലഭാരത സുപ്രസിദ്ധിനേടിയ മഹാരാജാവു് തിരുമനസ്സിലെ തിരുനാമധേയത്തിനു് ഒരു തീരാക്കളങ്കമുണ്ടാക്കുകയാണു് ചെയ്യുന്നതു്. കൊച്ചീഗവമ്മെണ്ടിന്റെ ചില പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ ബ്രിട്ടീഷിലുള്ളതിൽ ഇന്നു് ഹരിജനങ്ങൾ കയറുന്നുണ്ടു്. അതുകൊണ്ടു് ഹിന്ദുദേവന്മാർ അവിടെനിന്നു ഓടിപ്പോകയൊ ആത്മഹത്യ ചെയ്യുകയൊ ഹിന്ദുമതംതന്നെ നശിക്കുകയൊ ചെയ്തിട്ടില്ല. അതുകൊണ്ടു് കൊച്ചിയിലുള്ള മറ്റു ക്ഷേത്രങ്ങളിലും, എല്ലാ ഹിന്ദുസമുദായക്കാർക്കും പ്രവേശനം അനുവദിയ്ക്കാതിരിക്കുന്നതു് ശരിയല്ല. ഇന്ത്യയിലും ഇന്ത്യയിലെ മറ്റെല്ലാ നാട്ടുരാജ്യങ്ങളിലും വിശിഷ്യാ ഭരണപരിഷ്കാരം നടപ്പിൽവരുത്താത്ത നാട്ടുരാജ്യങ്ങളിലും കൂടി ക്ഷേത്രങ്ങൾ എല്ലാ ഹിന്ദുക്കൾക്കും തുറന്നു കൊടുത്തിരിക്കുന്ന ഈ അവസരത്തിൽ ഹിന്ദുവിന്റെ സനാതനതത്വവും മുറുകിച്ച അന്ധവിശ്വാസവും ഇനിയും സംരക്ഷിക്കുവാൻ വിചാരിക്കുന്നതു് ഒരു ഹിമാലയമണ്ടത്തരമാണു്. പരിഷ്കൃത കൊച്ചിക്കു് അതു് ലജ്ജാവഹമായ ഒന്നാണു്. അതുകൊണ്ടു് എല്ലാ ഹിന്ദുക്ഷേത്രങ്ങളിലും എല്ലാവർക്കും പ്രവേശനം കൊടുക്കാതെ, ഇനിയും പരിഷ്കൃതമെന്നഭിമാനിയ്ക്കുന്ന കൊച്ചി ഗവമ്മെണ്ടു്, ക്ഷിണേന്ത്യയിലെ സൌന്ദര്യറാണിയെന്നു് സ്വയം അഭിമാനം കൊള്ളുന്ന കൊച്ചി ഗവമ്മെണ്ടു് ഈ കൊച്ചു കൊച്ചിയിൽ ഇനിയും ഈ അയിത്തം വച്ചുകൊണ്ടിരിക്കുന്നതു് അക്ഷപാർഹമാണു്. മാത്രമല്ല ആപല്ക്കരവുംകൂടിയായിരിക്കും.

ഇവിടത്തെ വിദ്യാലയങ്ങളിൽ ഇപ്പോൾ ഓഡ്മിഷൻ ധാരാളം കഴിഞ്ഞിട്ടുണ്ടെങ്കിലും കുട്ടികൾക്കു് യാതൊരു സ്ഥലസൌകര്യവുമില്ല. പക്ഷേ, ഇനിയെങ്കിലും വേഗത്തിൽ,അതു് ഉണ്ടാക്കിക്കൊടുത്താൽ മതിയായിരുന്നു. കുട്ടികൾ താഴത്തിരുന്നു പഠിക്കുന്ന സ്കൂളുകൾ ധാരാളമുണ്ടു്. ഫോർത്ത്ഫോറത്തിൽപരം കുട്ടികളുള്ള പെരിങ്ങോട്ടുകര ഹൈസ്കൂളിലെ എട്ടാംക്ലാസ്സുവരെയുള്ള കുട്ടികളെ താഴത്തിരുത്തി അവരുടെ അരുകിൽ അദ്ധ്യാപകന്മാർ നിന്നാണു് പഠിപ്പിക്കുന്നതു്. ഏഴൊ, എട്ടൊ ക്ലാസ്സുകൾ നടത്താനുള്ള സ്ഥലസൌകര്യമൊ ബഞ്ചു്, കസേര, മേശ, ഡസ്കു് മുതലായ സാമഗ്രികളൊ അവിടെയില്ലാത്തതിനാൽ ഏറയത്തും മറ്റും ഇരുത്തി പഠിപ്പിക്കുന്നതായ ട്ടാണു് പെരിങ്ങോട്ടുകരയിലെ അനുഭവം. ഇങ്ങിനേയുള്ള പല സ്കൂളുകളും ഉണ്ടു്. അവക്കു് സ്ഥലസൌകര്യമുണ്ടാക്കിക്കൊടുക്കാൻ ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടുണ്ടെങ്കിൽ, കഴിയുന്നതും വേഗത്തിൽ, അതു് ചെയ്തുകൊടുത്തു് കുട്ടികളുടെ കഷ്ടപ്പാടിനു് നിവാരണമുണ്ടാക്കണം. ആഗസ്ടു് ക്ഷേത്രപ്രവേശനവും, ഭരണകൈമാറ്റവും, മഹാരാജാവു് തിരുമനസ്സുകൊണ്ടു് കല്പിച്ചരുളിചെയ്യും എന്നു് തന്നെയാണു് ഞാൻ വിശ്വസിക്കുന്നതു്. ഏറ്റവും പ്രധാനപ്പെട്ട ആ സുദിനം ഘോഷിയ്ക്കാൻ ഇടവരുത്തണമെന്നു് ഗവമ്മെണ്ടിനോടും അതിനു് മഹാരാജാവു് തിരുമനസ്സിനെ ഉപദേശിക്കാനും ഇപ്പോൾ അന്യരാജ്യങ്ങളുടെ കൈവശത്തിലിരിക്കുന്ന നമ്മുടെവക എല്ലാ ടെറിട്ടറീസും സ്ഥാപനങ്ങളും മടക്കി എടുക്കുവാൻ ഉടനെ വേണ്ടതു പ്രവർത്തിപ്പാനും മന്ത്രിമാരോടും അപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയ്ത്ത്: മിസ്റ്റർ പ്രസിഡണ്ടു് സർ, നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഫോർത്ത്-ലെ ബഡ്ജറ്റ്, രാഷ്ട്രീയ പ്രബുദ്ധതയും, പ്രജായത്തഭരണതത്വജ്ഞാധവും, ഉൾക്കൊണ്ടിട്ടുള്ളവരും, പൊതുജന പ്രതിനിധികളുമായ മന്ത്രിപുംഗവന്മാരുടെ സവിശേഷമായ ചിന്താസന്താനമാകുന്നു. അതു നിമിത്തം അതിന്റെ ആകൃതിയേയോ, പ്രകൃതിയേയോ, വികൃതിയേയോ കുറിച്ചുതന്നെങ്കിലും ഖണ്ഡനപരമായി പറയുന്നതു്, എന്റെ കുട്ടിയുടെ വൈരൂപ്യത്തെക്കുറിച്ചു്, ഞാൻതന്നെ വിലപിക്കുന്നതുപോലെയായിരിയ്ക്കും. എന്നിരിയ്ക്കിലും, "കാണാൻകൊതിച്ചു്, ഒരു കുട്ടിയുണ്ടായതു് ഇങ്ങിനെയായിപ്പോയല്ലോ" എന്നു് വിലപിയ്ക്കുന്നതും, വിഷാദിക്കുന്നതും, അശേഷം അസംഗതമല്ല. ജനനേതാക്കന്മാരെന്നും, പൊതുജനദാസന്മാരെന്നും, അധികാരമനസ്ഥിതിയില്ലാത്തവരെന്നും, നാട്ടുനീളെ പ്രസംഗിച്ചുനടന്ന, ആ വാക്കുകളെമാത്രം ആധാരമാക്കി മന്ത്രിപദത്തിൽ ആരോഹണം ചെയ്യപ്പെട്ടവരായ ഭരണകർത്താക്കളുടെ ആത്മാർത്ഥതയും, അഭിപ്രായഗതിയുമാണു്, ഈ ബഡ്ജറ്റിൽ പ്രതിബിംബിക്കുന്നതെങ്കിൽ, ജനങ്ങൾക്കു് ഇഛാഭംഗത്തിനേ വഴികാണുന്നുള്ളു.

കിട്ടിയതു് മുഴുവൻ ചിലവുചെയ്യുകൊണ്ടു് കൃതാർത്ഥതയ്ക്കു് കാരണമായില്ല. അല്പം മാത്രം മിച്ചമുണ്ടാക്കിയതും, അഭിമാനത്തിനു് മതിയായില്ല. വരവിനങ്ങളുടെ സ്ഥിതിഗതികൾ അറിഞ്ഞു്, അധികചിലവുകളെ നിയന്ത്രിച്ചും, അനാവശ്യ ചിലവുകളെ ഇല്ലായ്മ ചെയ്തും, സാമ്പത്തിക നിലയെ ലാഘവപ്പെടുത്താതെ നിലനിർത്തുകയാണു് വേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

൧൦൦ ഉറപ്പിക പിരിക്കാൻ ൯൦ ഉറപ്പികയും ചിലവാക്കുന്നപക്ഷം, ബാക്കിയുള്ള പത്തു ഉറപ്പികയെ ഒരു പിരിവായോ, ആദായമായോ കരുതുന്നതു് ശരിയല്ല. ഈ രാജ്യത്തിലെ ജനികതി വകുപ്പിൽനിന്നുള്ള പിരിവു്, പത്തുകൊല്ലംമുമ്പു് തന്നെ ഏറക്കുറെ പന്ത്രണ്ടേ കാൽ ലക്ഷമായിരുന്നു. ഇന്നതു് പുറമ്പോക്കു സ്ഥലങ്ങൾ പതിച്ചുകൊടുക്കലും, രണ്ടാം വിളനികുതി തൊട്ടതിനൊക്കെ പിരിക്കലും, അഹോരാത്രം നടന്നീട്ടും, പന്ത്രണ്ടുലക്ഷത്തി അറുപത്തൈായിരം മാത്രമാണു്. വെറും നാല്പതിനായിരത്തിന്റെ ഒരു കൂട്ടതലേ ഉണ്ടായിട്ടുള്ളു. ഈ ഡിപ്പാർട്ടുമെണ്ടുവക ചിലവോ, പത്തുകൊല്ലം മുമ്പത്തേക്കാൾ രണ്ടര ഇരട്ടിയിൽ അധികമായിട്ടുണ്ടു്. ഫ്രഫനു-ൽ മൂന്നുലക്ഷത്തിൽ താഴെയായിരുന്നതു്, ഇപ്പോൾ ഏഴര ലക്ഷത്തോളമായി വർദ്ധിച്ചിട്ടുണ്ടു്.

ഇതുപോലെതന്നെയാണു് ഗവൺമെണ്ടിലേക്കു് റവന്യു പിരിയുവാനുള്ള ഏതു ഡിപ്പാർട്ടുമെണ്ടിന്റേയും സ്ഥിതി. കൃഷിവകുപ്പിൽ പത്തുകൊല്ലങ്ങൾക്കു് മുമ്പുണ്ടായിരുന്ന ചിലവു്, ഒന്നരലക്ഷമായിരുന്നു. ഇപ്പോൾ അതു് ഏകദേശം നാലുലക്ഷമായിട്ടുണ്ടു്. കൃഷിവകുപ്പിൽനിന്നുള്ള ആദായം, നാല്പതിനായിരത്തിൽനിന്നു് വർദ്ധിച്ചിട്ടുള്ളതു്, ഒന്നരലക്ഷത്തോളംമാത്രം. കൃഷിവകുപ്പു്, ആദായത്തിനല്ല, സഹായത്തിനാണെന്നു് വാദിക്കാൻ, വയ്യായ്കയില്ല. എന്നാൽ ഈ രാജ്യത്തെ കൃഷിരക്ഷയ്ക്കോ, വർദ്ധനവിനോ, അതിന്റെ ശാസ്ത്രീയമായ പുരോഗതിയ്ക്കോ, യാതൊരു സഹായവും സിദ്ധിച്ചിട്ടില്ലെന്നു്, ധൈര്യസമേതം പറയാം. ചില വിത്തുകളോ, ഒട്ടത്തൈക്കളോ, വില്ക്കുന്നതിനും, വളം ശേഖരിച്ചു വില്ക്കുന്നതിനും, ഈ വകുപ്പുകാർ തുടങ്ങിട്ടുണ്ടെന്നുള്ളതു്, വിസ്മരിയ്ക്കുന്നില്ല. അതിനു് മാത്രമായി ഇത്രവലിയ ഒരു നഷ്ടം കൊല്ലംതോറും, വഹിയ്ക്കണമോ, എന്നാണു് സംശയം. ഇതുപോലത്തെ ഒരു വകുപ്പാണു്, ഫോറസ്റ്റും, ടാംവേയും. ഇരുപത്തി ആറേകാൽ ലക്ഷമാണു് ചിലവു കണക്കാക്കുന്നതു്. വരവോ, നാല്പതുലക്ഷവും. പത്തു് പതിനഞ്ചു് ലക്ഷം ലാഭമേല്ലേയെന്നു് സംശയിച്ചേക്കും. മരംവെട്ടി വിറ്റുണ്ടാകുന്നതാണു്, ഈ വരവു്. അല്ലാതെ കൊല്ലംതോറും ഉണ്ടാകുന്ന മലവക ഉല്പന്നങ്ങളിൽനിന്നല്ല. കാട്ടിൽനിന്നു് ഒരു തലച്ചുമട് പച്ചഇല വളമോ, കോൾകൃഷിയ്ക്കു്, അത്യാവശ്യമായ മുളയോ, കിട്ടുന്നതിനുപോലും, വളരെ വിഷമമായിരിക്കുന്നു.

General administration-നെപ്പറ്റി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഡമോക്രസിയ്ക്കു് ചിലവു് അധികമാണെന്നു ചില വിദ്വാന്മാർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഒരു പക്ഷേ, അതായിരിയ്ക്കും അതിന്റെ മേന്മതന്നെ. പത്തുകൊല്ലംമുമ്പു് ഈ ഇനത്തിലെ ചിലവു്, ഒന്നേമുക്കാൽ ലക്ഷമായിരുന്നതു് ഇപ്പോൾ രണ്ടേമുക്കാൽ ലക്ഷത്തിൽ അധികമായിട്ടുണ്ടു്. എന്നാൽ കാര്യക്ഷമത ചിലവിന്റെ വർദ്ധനയ്ക്കു് നേരേ വിപരീതമായി പിന്നോക്കമാണു് പോന്നിട്ടുള്ളതു് എന്നാണു് പൊതുജനങ്ങളുടെ അഭിപ്രായം.

എൻജിനീയർമാർ ധാരാളം ഉണ്ടെങ്കിലും, വഴികളുടെ റിപ്പയറകംപോലും, നടക്കുന്നില്ല, നടത്തുന്നതു് ഒന്നും നേരേയാകുന്നുമില്ല.

ഇതിനൊക്കെ പുറമേയാണു് പുതിയ പുതിയ വകുപ്പുകളുടെതന്നെ സൃഷ്ടിയും, വിപുലീകരണവും. ഈയിടെയുണ്ടായിട്ടുള്ള ഒരു "വെള്ളാന"യാണു്, റിഫോംസു് വകുപ്പു്. ഉത്തരവാദസ്വാതന്ത്ര്യമില്ലെങ്കിലുടി ഒരുമാസത്തിനകത്തു് ഉണ്ടാക്കലും, പാസ്സാക്കലും കഴിഞ്ഞു. ഇന്ത്യൻ കോൺസാംബ്ലിയ്ക്കുകൂടി "Constitution" നിർമ്മിയ്ക്കാൻ അത്രവലിയ ആനത്തലയില്ല. പക്ഷേ, കൊച്ചു കൊച്ചിയിൽ ഒരു മഹാരാജാവിന്റെ ശാസനയ്ക്കു് കീഴിൽ, ഒരു നിയമസഭ മുഖേന ഭരിയ്ക്കപ്പെടുവാൻ ഉള്ളതിനും, നിയമനിർമ്മാണത്തിനും രണ്ടുകൊല്ലവും, രണ്ടുലക്ഷവും വേണമത്രേ. തല്ക്കാലത്തേക്കു എന്നു് നിശ്ചയിച്ചു തുടങ്ങീട്ടുള്ള വകുപ്പുകളും, നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരും എത്രയുണ്ടെന്നു് ഗവൺമെണ്ടിനുതന്നെ നല്ല അറിവില്ലാതെയാണു് ഇരിക്കുന്നതു്. വ്യയലഘൂകരണത്തിനു് ഒരു കമ്മറിയെ നിശ്ചയിച്ചു. അവർ പണിതുടങ്ങുന്നതിനു് മുമ്പുതന്നെ നടക്കട്ടേ എന്നു് കരുതിട്ടായിരിക്കുമോ, പുതിയ പല ഉദ്യോഗസ്ഥന്മാരേയും, മിക്കവാറും വാരംതോറും സൃഷ്ടിച്ചുകൊണ്ടു് വരുന്നതു്. രാജ്യഭരണം എന്നുവച്ചാൽ ഉദ്യോഗനിർമ്മിതിയും, ശമ്പളവിതരണവും, എന്നായിരിക്കുന്ന അവസ്ഥതന്നെ.

നാട്ടുകാരുടെ പ്രതിനിധികളായ മന്ത്രിമാരുടെ ഭരണമാണു് നടക്കുന്നതു് എന്നു് തെളിയിക്കാവുന്ന ഒന്നുംതന്നെ ഈ ബഡ്ജറ്റിൽ കാണുന്നില്ലായെന്നു് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ക്ഷേണക്ഷാമം ഇത്രയും വിഷമാവസ്ഥയിൽ ഇരിക്കുന്ന ഈകാലത്തുകൂടി, കൃഷിരക്ഷയ്ക്കോ, വർദ്ധനവിനോ, ഏതെങ്കിലും കായ്മായ ഒരു സംഖ്യ നിക്കിവെച്ചു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. L. Kunjuvareed]

ആയതു് പ്രവത്തിരൂപത്തിൽ അടുത്ത വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇന്ത്യയിൽ എല്ലാഗവ ൺമെണ്ടുകളും തങ്ങളുടെ എല്ലാ കഴിവുകളും കൃഷി വികസിപ്പിക്കുന്നതിനായി വിനിയോഗിക്കുന്നു. ക്ഷേണപദാർത്ഥങ്ങൾക്കു അന്യരാജ്യങ്ങളുടെ സന്മനോഭാവത്തെ ആശ്രയിച്ചല്ലാ ഇരിക്കേണ്ടതു് എന്ന തത്വത്തെ അടിസ്ഥാനമാക്കിയല്ലെ ഇതെല്ലാം ചെയ്യുന്നതു്? കൊച്ചിയിൽ ഭക്ഷ്യാല്പാദനകാര്യത്തിൽ ഗവൺമെണ്ടു യാതൊരു ശ്രദ്ധയും ചെലുത്തുന്നില്ല. ഈ അലസത നാട്ടുകാരോടു ചെയ്യുന്ന കടുത്ത അനീതിയാണു്. പൊതുജനങ്ങളുടെ പേരിലും, കൃഷിക്കാരുടെ പ്രത്യേക നിലയിലും ഞാൻ ഗവൺമെണ്ടിനോടാവശ്യപ്പെടുന്നതു്, ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുന്ന രണ്ടു മേജർ ഇറിഗേഷൻ സ്കീമുകളും ഈകൊല്ലം തന്നെ പണികൾ ആരംഭിക്കണമെന്നാണു്. ഈ സ്കീം രണ്ടും നടപ്പിൽ വരുന്നപക്ഷം, കൊച്ചിയിലെ ആവശ്യത്തിനു് മുക്കാൽഭാഗവും നെല്ലു് നമുക്കു ലഭിക്കുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ജനകീയമന്ത്രിമാരുടെ ഭരണകാലത്തെ ഒരു ബഡ്ജറാണിതെന്നു് സൂചിപ്പിക്കാവുന്ന ഒറ സംഗതിപോലും ഇതിലില്ല. Finance ഞങ്ങൾക്കില്ലായെന്നു് പറഞ്ഞു ഒഴിയുവാനും തരമില്ല. മന്ത്രിമാക്കു വേണ്ടതൊക്കെ അതിൽ പ്രത്യേകം വക കൊള്ളിച്ചുകാണുന്നുണ്ടു്. അവരുടെ വകുപ്പുകളിൽ അവക്കാവശ്യമുള്ള പണികൾക്കു് വേണ്ട തുകകൾ ഒന്നും വിടാതെ ചേത്തിട്ടുണ്ടു്. എന്നാൽ വ്യയലഘൂകരണത്തിനോ, അനാവശ്യതസ്തികകൾ നിറുത്തുന്നതിനോ, കൃഷിവ്യവസായവികസനത്തിനോ അതുയൊന്നും അവർ ശ്രദ്ധിച്ചുകാണുന്നില്ല.

നടത്താൻ ഉദ്ദേശിക്കാത്ത പലയിനങ്ങൾക്കും സംഖ്യകൾ നീക്കിവെയ്ക്കുക, അങ്ങിനെ ജനങ്ങളെ വ്യാമോഹിപ്പിക്കുക, അധികാരികൾക്കു് ആവശ്യമൊ, കായ്ക്കലാഭമോ ഉള്ള പണികൾക്കു്, അല്പമായി പേരിനുമാത്രം സംഖ്യ കൊള്ളിക്കുക, ഒടുവിൽവച്ചു് ആദ്യത്തെയൊക്കെ വേണ്ടെന്നുവെക്കുക, ആ സംഖ്യകളും മറ്റതിലേക്കു ഉപയോഗിക്കുക; ഇങ്ങിനെ ഒരു സൂത്രം പണ്ടും പതിവുള്ളതാണു്. അതിനു് ഈ ബഡ്ജറിലും സ്ഥാനമില്ലായ്കയില്ല. ചാലക്കുടി സ്കീം, താണിക്കുടം സ്കീമുകൾക്കു കാണിച്ചിട്ടുള്ള അയ്യഞ്ചുലക്ഷം ഉദാഹരണം, ആ തരത്തിൽ പെടുത്താവുന്നതാണു്. സംഖ്യകൾ അങ്ങോട്ടും ഇങ്ങോട്ടും, എടുത്തും വച്ചും ചേത്തു് "ബാലൻസ്സ്" ഒപ്പിച്ച ഒരു സമീകൃത ബഡ്ജറൊ, മിച്ചബഡ്ജറൊ തയ്യാറാക്കുക, ഒടുവിൽ പല സംഖ്യകളും ലാപ്സാക്കുക, അവയെ കൂട്ടിച്ചേത്തു് കൊല്ലാവസാനത്തിൽ മിച്ചം വരുത്തുക, ഈ നയത്തിന്റെ പ്രയോഗത്തിലും ഈ ബഡ്ജറിൽ സൌകര്യമില്ലായ്കയില്ല.

മൊത്തത്തിൽ ൪൨ ൦ ലക്ഷം ക. വരവും ൪൧൭൫ ലക്ഷം ക. ചിലവും എന്നാണു് വരുംകൊല്ലത്തെ കണക്കു്. ഈ വരവിൽ ൩ ൦ ലക്ഷം പുതിയ നികുതിയിൽനിന്നും, ൨൩½ ലക്ഷം കള്ളു് ചാരായ ലേലക്കൂടുതലും, ൪൫ ലക്ഷം, മരം മുറിച്ചു വിറ്റ കിട്ടുന്നതും, ൨൯ ലക്ഷം കയ്യിരിപ്പിൽനിന്നു് എടുത്തു കൂട്ടുന്നതും കൂടിയാകുന്നു. ചിലവിനങ്ങളിൽ ൨൯ ലക്ഷത്തോളം, വിവിധങ്ങളായ പലവക ശമ്പള ചിലവുകൾക്കുള്ളതാകുന്നു. പത്തുലക്ഷം "മിലിറ്ററി" മുതലായ ചിലവുകൾക്കാണത്രെ. കൊച്ചി സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നില്ല; സ്വതന്ത്രയാകുവാൻ ഇഛിക്കുന്നുമില്ല. ഇന്ത്യൻ യൂണിയനിൽ ചേർന്നുകഴിഞ്ഞു. ആസ്ഥിതിക്കു് കൊച്ചിയുടെ സകല രക്ഷയും യൂണിയൻ ഗവൺമെണ്ടു നിർവ്വഹിക്കുന്നതായിരിക്കും. ബ്രിട്ടീഷ് ഗവൺമെണ്ടിനു് കൊടുത്തുവന്നിരുന്ന കപ്പം വക രണ്ടു ലക്ഷം ഈ കണക്കിൽ ചേത്തുകാണുന്നുമുണ്ടു്. കൊച്ചിയിൽ ഇത്രവലിയ ചിലവുചെയ്യേണ്ട ഒരു പട്ടാളത്തെ നിലനിറുത്തുന്നതിന്റെ ആവശ്യം മനസ്സിലാകുന്നില്ല. "സ്റ്റേറ്റ് ഫോഴ്സ്" എന്നൊന്നു എടുക്കാലത്തുണ്ടായതു് ചില പ്രത്യേക സാഹചര്യങ്ങൾപ്രകാരവും, ചില പ്രത്യേക ഉദ്ദേശസാദ്ധ്യത്തിന്നായും ആണെന്നു എല്ലാവക്കും അറിയാം. ആ കാലവും ഉദ്ദേശവും ഇപ്പോൾ ഇല്ലാതായി. ആഭ്യന്തരസമാധാനപരിപാലനത്തിനാണു് ഈ പട്ടാളം എന്നു് വാദിക്കുന്നതു്, അസ്വാഗതവും, ആക്ഷേപാർഹവും അപമാനകരവുമാണു്.

പുതിയ നികുതിഭാരവുകൊണ്ടു് മുതലുണ്ടാക്കുന്നതിനു് ഏതു ഗവൺമെണ്ടിനും സാധിക്കും. അതിൽ അഭിമാനമൊ അന്തസ്സൊ ഇല്ല. നികുതിഭാരം കുറച്ചുകൊടുക്കേണ്ടതിനാണു് ജനകീയമന്ത്രിമാർ ശ്രമിക്കേണ്ടതു്. ആദായനികുതിതോതുംമറ്റും തിരുവിതാംകൂറിലെപ്പോലെയാകുന്നതേയുള്ളു എന്നാണു് പറയപ്പെടുന്നതു്. തിരുവിതാംകൂറിനോടു് ഒപ്പം പിടിക്കുവാനുള്ള വാസന ഒരു നികുതിക്കൂട്ടലിൽമാത്രം ആയിപ്പോയതു പരിതാപകരംതന്നെ. മറ്റൊരു രാജ്യത്തു് അങ്ങിനെയാണു് എന്നുള്ള ന്യായംമാത്രം ഒരു കാര്യത്തിലും അം

LIBRARY ARCHIVES Kerala Legislative Assembly

ഗീകരിക്കാവുന്നതല്ല. ആ രാജ്യം അവിടെ. ഈ രാജ്യം ഇവിടെ. അവിടെ മറെപലതും ഉണ്ടാകും, ഇവിടെയുണ്ടാകാൻ തരമില്ലാത്തതു്.

കഷ്ടകാലമായതിനാലെന്നപോലെയാണു് ഈ മേഘങ്ങളുടെ ഇടയിൽ മിന്നുന്നതു്. അതിന്റെ മുഴക്കം കേട്ടു് ആളുകൾ ഇപ്പോൾതന്നെ ഞെട്ടുവാൻ തുടങ്ങിയിട്ടുണ്ടു്. ക്ഷണപദാർത്ഥങ്ങൾ ഇരട്ടിയായി വിളയിപ്പിച്ചാൽകൂടി തികയാതിരിക്കുന്ന ഈകാലത്തു്, അവരുടെയിടയിൽ ഒരു കർഷകാളായ നികുതിഭോഗനുകൂടി ഇടുന്നതു് വലിയ ആലോചനക്കുറവായിരിക്കും എന്നുമാത്രമേ ഇപ്പോൾ പറയുവാനുള്ളു. കൊല്ലംതോറും ചിലവിനു വക കാണാതെ വരുമ്പോൾ ഓരോ പേരുംപറഞ്ഞു്, നികുതി ഏർപ്പെടുത്തി ജനങ്ങളെ ഞെരുക്കുകയല്ലാ വേണ്ടതു്. കൊച്ചിക്കു് ഇപ്പോൾ വരുമാനം ഇല്ലായ്കയല്ല. ഉള്ള വരവു് മുഴുവൻ ദുർവ്യയം ചെയ്യുന്നതാണു് ദോഷം. അതിനുള്ള പരിഹാരമാണു് ആവശ്യം. അതിൽ മന്ത്രിമാർക്കു് ശ്രദ്ധയില്ലെന്നാണു് അവരുടെതന്നെ, കേവലം അഹങ്കാരങ്ങളായ അധികചിലവുകൾ കാണിക്കുന്നതു്. ഈ സ്ഥിതിക്കു് എത്ര നികുതി കൂട്ടിയാലും, എത്രയധികം ആദായം വർദ്ധിപ്പിച്ചാലും, അനുഭവത്തിൽ വ്യത്യാസംവരുന്നതല്ല. തല്സ്ഥിതിയൊ, കുട്ടപ്പിഴയൊ, കല്പിക്കുന്നതായിരിക്കും ഇതിന്റെയെല്ലാം അന്ത്യം. തവളകൾക്കു്, കൊക്കു് രാജാവിനെ കിട്ടിയപോലത്തെ അനുഭവം നാട്ടുകാരിൽ വരുത്തിവെക്കരുതു് എന്നു മന്ത്രിമാരോടു് സവിനയം അപേക്ഷിച്ചുകൊണ്ടു് തല്ക്കാലം വിരമിക്കുന്നു.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫു്: മിസ്റ്റർ ഡപ്യൂട്ടിപ്രസിഡണ്ടു് സർ, എന്റെ സ്നേഹിതന്മാരിൽ പലരും ഇവിടെ പ്രസംഗിച്ചുകഴിഞ്ഞു. അവർ പല വാദമുഖങ്ങളും ഇവിടെ ഉന്നയിച്ചുകഴിഞ്ഞു. ഇതെല്ലാം കേൾക്കുമ്പോൾ രണ്ടുവാക്കു ഞാനും പറഞ്ഞില്ലെങ്കിൽ എന്റെ സമുദായത്തിനും, എന്റെ നാട്ടിനും പോരായ്മയായിത്തീരും എന്നു തോന്നുന്നതുകൊണ്ടു് ഞാനും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. എന്റെ സമുദായത്തെപ്പോലെതന്നെയാണു് എന്റെ നാടും. ആരും തിരിഞ്ഞുനോക്കാത്ത നാടു്, ആർക്കും വേണ്ടാത്ത നാടു്, അതാണു് എന്റെ നാടു്. അതുപോലെതന്നെ എത്ര മുറവിളികൂട്ടിയാലും ആരും തിരിഞ്ഞുനോക്കാത്ത ഒരു സമുദായമാണു് എന്റെ സമുദായം.

ഇങ്ങിനെയുള്ള സ്ഥിതിഗതികളിൽ രണ്ടുവാക്കു ഞാൻ പറയാത്തപക്ഷം, അതു് ഞാൻ എന്റെ സമുദായത്തോടും, എന്റെ നാട്ടിനോടും ചെയ്യുന്ന ഒരനീതിതന്നെയായിരിക്കും എന്നുള്ള വിശ്വാസമുള്ളതുകൊണ്ടുംകൂടിയാണു് ഞാൻ രണ്ടുവാക്കു പറയുന്നതു്.

എന്റെ നാട്ടിന്റെ കാര്യം പറയുകയാണെങ്കിൽ, എന്റെ സ്നേഹിതന്മാരായ നിങ്ങൾക്കെല്ലാവർക്കുമറിയാം, കൊടുങ്ങല്ലൂരിനു് ഒരു പ്രത്യേക പ്രിൻസിപ്പാലിറ്റിയും, ഒരു പ്രത്യേക ബഡ്ജറ്റും പരിമിതങ്ങളായ ചില വരവിനങ്ങളുമാണു് ഉള്ളതു് എന്നു്. മറെ അഞ്ചു താലൂക്കും അനുഭവിക്കുന്നതായ ആനുകൂല്യങ്ങൾ എന്റെ നാട്ടുകാർക്കു കിട്ടുന്നില്ലായെന്നുള്ളതു് നിങ്ങൾക്കെല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും.

ഈ കൌൺസിലിൽ, ആ പ്രദേശത്തെ പ്രതിനിധീകരിച്ചു്, എനിക്കു മുമ്പു് വന്നിട്ടുള്ള പല മാന്യന്മാരും അവിടേയ്ക്കു പ്രത്യേകമായിട്ടുള്ള പല ആവശ്യങ്ങളും ഈ നിയമസഭയുടെ മുമ്പാകെ വച്ചിട്ടുണ്ടെങ്കിലും അതിനു് ഇന്നും ഒരു നിവാരണം നമ്മുടെ ഗവർമ്മെണ്ടു് കണ്ടിട്ടില്ലായെന്നുള്ളതു് വ്യസനസമേതം പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ഞങ്ങളുടെ പ്രധാനമായ ആവശ്യം, അവിടത്തെ ബഡ്ജറ്റ് ഏകീകരിക്കുകയാണു്. കൊടുങ്ങല്ലൂരിലെ ജനങ്ങൾക്കു്, അവിടേയ്ക്കു പ്രത്യേകമായ ഒരു ബഡ്ജറ്റ് ആവശ്യമില്ലായെന്നു് ഈ കൌൺസിലിൽ പലപ്രാവശ്യം ചർവ്വിതചർവ്വണം ചെയ്തിട്ടും ഏതൊ പിന്തിരിപ്പൻ ശക്തികളുടെ പ്രേരണയാൽ ആ ആവശ്യം ഇനിയും നിറവേറിയിട്ടില്ല. ഇതിനു് യാതൊരു ന്യായവുമില്ല. ബഹുമാനപ്പെട്ട ഫിനാൻസ്സു് മെമ്പർ, തന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ പറയുകയുണ്ടായി, ഈ ബഡ്ജറ്റ് ഏകീകരിക്കാൻ ആലോചിച്ചുവരികയാണെന്നു്. എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട പബ്ലിക്കുവർക്സു് മന്ത്രി ഒരിക്കൽ പറഞ്ഞ മാതിരി ഈ ആലോചനയ്ക്കു് എന്നെങ്കിലും ഒരന്തമുണ്ടാകുമോ എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. അന്തമില്ലാത്ത ഈ ആലോചന ഇനിയും തുടരുന്നപക്ഷം, അതിനു് ഒരു അന്തം വരുത്താൻ ആ നാട്ടിലെ ജനങ്ങൾ തീച്ചയാക്കിക്കഴിഞ്ഞു. ആ നാട്ടിലെ ജനങ്ങളുടെ അഭിപ്രായം ശരിയായി മനസ്സിലാക്കീട്ടാണെന്നു തോന്നുന്നു, എന്റെ സ്നേഹിതൻ മിസ്റ്റർ ധാരാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. A. Muhammed Ashroff]

സിങ്ങ്, കൊടങ്ങല്ലൂരിനു് പ്രത്യേകമായി ഒരു ബഡ്ജറ്റ് വേണ്ടായെന്ന റസലൂഷൻ ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു്.

അതുകൊണ്ടു് അവിടത്തെ ജനങ്ങൾ മാത്രമല്ലാ, എല്ലാ ജനങ്ങളും മനസ്സിലാക്കിട്ടുള്ള ഈ ഭീമാബദ്ധം, ഗവമ്മെണ്ടു ഇനിയും തുടരുന്നപക്ഷം, അതിനെ അനുകൂലിച്ചു നില്ക്കാൻ അവിടത്തെ ജനങ്ങൾക്കു സാധിക്കുകയില്ല. അവിടത്തെ ൫ ൦, ൦ ൦ ൦-ൽപരം ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടാണു് ഞാൻ ഇവിടെ ഇതു പറയുന്നതു് എന്നു നിങ്ങൾ മനസ്സിലാക്കണം.

അതുകൊണ്ടു് ഇനി ഒരു നിമിഷമെങ്കിലും താമസിക്കാതെ, ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരണമെന്നാണു് എനിക്കപേക്ഷിക്കാനുള്ളതു്. അവിടെ പ്രാദേശികമായ പല ആവശ്യങ്ങളുമുണ്ടെങ്കിലും, അതെല്ലാം ഈ ആവശ്യത്തിന്റെ മുമ്പിൽ പ്രാധാന്യം കുറഞ്ഞതാണു്. ഇതാണു് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. എന്തുകൊണ്ടെന്നാൽ അവിടെനിന്നു് എന്താവശ്യങ്ങൾ കൊണ്ടുവന്നാലും, ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ടു്, ആ ആവശ്യങ്ങൾ നിവ്വഹിക്കാൻ നിവത്തിയില്ലെന്നാണു് മറുപടി കിട്ടാറുള്ളതു്. അതിനുള്ള ഉത്തരവാദിത്വം അവിടത്തെ ജനങ്ങൾക്കാണൊ, അതൊ ഗവമ്മെണ്ടിനാണൊ എന്നറിയേണ്ട മുതല ഞങ്ങൾക്കുണ്ടു്. ഗവമ്മെണ്ടിനാണെങ്കിൽ അതിനെ വേഗം മാറ്റുക. ഗവമ്മെണ്ടിനു മാറ്റാൻ കഴിയാത്ത ഏതെങ്കിലും ശക്തി അതിന്റെ പിന്നിലുണ്ടെങ്കിൽ ആ ശക്തിയെ ഞങ്ങൾക്കു കാണിച്ചുതരിക; ആ ശക്തിയെ ചെറുക്കുവാൻ എത്ര ത്യാഗവും സഹിക്കാൻ ഞങ്ങൾ തയ്യാറാണു്.

അതിനു നിങ്ങളുടെ പിറകിൽ അവിടത്തെ ൫ ൦, ൦ ൦ ൦ ജനങ്ങളും ഉണ്ടാകുമെന്നു് നിങ്ങൾക്കുറപ്പു നല്കികൊള്ളുന്നു.

ഇതിനെപ്പറ്റി ഇത്രയും മൊത്തത്തിൽ പറഞ്ഞുകൊണ്ടു് ഇനി എന്റെ സമുദായത്തെക്കുറിച്ചു് പറയാം. എന്റെ സമുദായത്തെപ്പറ്റി പറയുമ്പോൾ അതിപ്രധാനമായ ഒരു കാര്യം പറയാനുള്ളതു്, ഫ്രാഞ്ചൈസ്സു് കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചാണു്. ഫ്രാഞ്ചൈസ്സു് കമ്മിറ്റി റിപ്പോർട്ടിനെ അതേവിധത്തിൽതന്നെ സ്വീകരിക്കുവാൻ ഇവിടത്തെ ഒന്നിൽ ചില്വാനം ലക്ഷം വരുന്ന മുസ്ലീംസമുദായത്തിനു് സാധിക്കുകയില്ലെന്നു് ഞാൻ നിങ്ങളെ മനസ്സിലാക്കിക്കൊള്ളുന്നു. ചുരുങ്ങിയതു്, ജനസംഖ്യാനുപാതികമായ അവകാശങ്ങളെങ്കിലും ഞങ്ങൾക്കു് വകവെച്ചു തരാത്തപക്ഷം, ഞങ്ങളുടെ സകല ശക്തികളും പ്രയോഗിച്ചു്, ഈ റിപ്പോർട്ടിനെ ചെറുക്കുമെന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. ഞങ്ങൾക്കാവശ്യമില്ലാത്ത ഒരു പരിഷ്കാരത്തെ ഞങ്ങളുടെ തലയിൽ ഗവമ്മെണ്ടു് വെച്ചുകെട്ടുകയില്ലെന്നാണു് ഞങ്ങൾ വിശ്വസിക്കുന്നതു്. അതല്ല ഞങ്ങളുടെ വിശ്വാസത്തിനു വിപരീതമായി ഗവമ്മെണ്ടു് ശ്രമിക്കുന്നപക്ഷം അതു ഏറ്റവും വലിയ മൌഢ്യമായിരിക്കും എന്നറിയിച്ചുകൊള്ളട്ടെ. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ പരിശോധിക്കുവാൻ കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറിക്കമ്മറ്റിയിലേക്കു് എന്നെ തിരഞ്ഞെടുത്തിട്ടുണ്ടു്. എന്റെ സ്വന്തം അഭിപ്രായമല്ല, എന്റെ സമുദായത്തിന്റെ അഭിപ്രായമാണു് ഞാൻ ഇപ്പോൾ ഇവിടെ പ്രകടിപ്പിക്കുന്നതു് എന്നു് ഗവമ്മെണ്ടു് മനസ്സിലാക്കിയാൽ നന്നായിരിക്കും.

ഉദ്യോഗവിതരണകാര്യത്തിൽ ഇവിടത്തെ ഗവമ്മെണ്ടു് എന്റെ സമുദായത്തോടു് അനുവർത്തിച്ചുവരുന്ന നയം ഇനിയും മാറ്റാറായിട്ടിയിരിക്കുന്നു. ഞാൻ ഇതിനുമുമ്പു് മുറവിളി കൂട്ടിയതുകൊണ്ടു് യാതൊരു ഫലവും ഉണ്ടായിട്ടില്ല എന്നതന്നെ പറയാം. ഞങ്ങൾ അർഹിക്കുന്നവിധത്തിലുള്ള യാതൊരു അവകാശവും ഞങ്ങൾക്കു കിട്ടിയിട്ടില്ല. അതു കിട്ടുന്നതുവരെ ഞങ്ങൾ മുറവിളി കൂട്ടുന്നതായിരിക്കും. അങ്ങിനെ മുറവിളി കൂട്ടി നിങ്ങളുടെ ചെവി ടു് പൊട്ടിക്കും എന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. (ചിരി)

ഈ കഴിഞ്ഞ കൊല്ലം ചില വകുപ്പുകളിൽ നടത്തിയ നിയമനങ്ങളിൽ മുച്ചൂനില്ക്കുന്ന അനീതി നിങ്ങളുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റസമ്മേളനം കഴിഞ്ഞ ഉടനെ, ഇവിടത്തെ ഇൻകംടാക്സു് വകുപ്പിൽ, അനേകം നിയമനങ്ങൾ നടത്തിയെങ്കിലും, എന്റെ സമുദായത്തിൽപെട്ടവർക്കു് യാതൊന്നും കൊടുത്തില്ല. ഈ വാസ്തവം ഗവമ്മെണ്ടു ഭാഗത്തുള്ള എന്റെ മാന്യസ്നേഹിതന്മാർ പ്രത്യേകം ധരിക്കേണ്ടതുണ്ടു്. അവർ ജനങ്ങളെ പ്രതിനിധീകരിച്ചു് കൂബ നറിൽ ഇരിക്കുന്നിടത്തോളംകാലം ജനങ്ങളുടെ ആവശ്യം നിറവേറ്റിതരാൻ മുമതലപ്പെട്ടവരാണു്. പൊല്ലീസ്സു് വകുപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലേയ്ക്ക് അടുത്ത അവസരത്തിൽ ഫ്ര സബ്ബ് ഇൻസ്പെക്ടർമാരെ തിരഞ്ഞെടുത്തതായി കടലാസ്സിൽ കണ്ടു. അതിലേക്ക ഒരാളെപ്പോലും ഞങ്ങളുടെ സമുദായത്തിൽനിന്ന് തിരഞ്ഞെടുത്തിട്ടില്ല.

റാവുസാഹിബ് എ. മാധവപ്രഭു: തിരഞ്ഞെടുത്തു കഴിഞ്ഞതിട്ടില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ കൌൺസിൽ കെട്ടിടത്തിൽവച്ചുതന്നെയാണ് തിരഞ്ഞെടുപ്പ് നടത്തിയതു്. അപ്പ്ലിക്കേഷൻസ് ഇൻവൈറ്റ് ചെയ്തു ഇൻറർവ്യൂ നടത്തി, എന്നിട്ട് ഇപ്പോൾ പറയുന്നു സിലക്ഷൻ നടത്തിട്ടില്ലായെന്നു്.

റാവുസാഹിബ് എ. മാധവപ്രഭു: അതു് കാൻസൽ ചെയ്തു. രണ്ടാമതും സിലക്ഷൻ നടത്താൻ പോകുകയാണു്.

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: എന്തിനാണ് ഈ പ്രഹസനങ്ങൾ എല്ലാം ഇവിടെ നടത്തിയതു് എന്നു ഞാൻ ചോദിക്കുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞതിട്ടില്ല. എന്നാൽ ഞാനിതാ മുൻകൂറായി പറയുന്നു, എന്റെ സമുദായത്തിൽപെട്ടവർക്കും അതിൽ സ്ഥാനം കൊടുക്കണമെന്നു്. എന്റെ സമുദായത്തിൽ ഡിഗ്രിയുള്ളവർ ഇല്ലായിരിക്കാം. എന്നാൽ ഏതൊരു ഉദ്ദേശത്തോടുകൂടിയാണു് നിങ്ങൾ അധ:കൃതസമുദായത്തെ മിനിമം ക്വാളിഫിക്കേഷനിൽനിന്നു് ഒഴിവാക്കിയിരിക്കുന്നതു് ആ ഉദ്ദേശത്തെ അടിസ്ഥാനമാക്കി എന്റെ സമുദായത്തിൽപെട്ടവർക്കും ആ കൺസഷൻ അനുവദിക്കുന്നമെന്നാണു് ഞാൻ പറയുന്നതു്. ഇന്നു കാലത്തു് ചോദിച്ച ഒരു ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറുപടി പറഞ്ഞതു്, എഞ്ചിനീയറിങ്ങ് കോളേജിലേയ്ക്കും മെഡിക്കൽ കോളേജിലേയ്ക്കും ഉള്ള സെലക്ഷനു് ഫ്ര പേരെ തിരഞ്ഞെടുത്തു എന്നു് ഒരാൾപോലും എന്റെ സമുദായത്തിൽനിന്നു് അപേക്ഷ അയച്ചിട്ടില്ലായെന്നമാണു്. ഒരാളെയെങ്കിലും എന്റെ സമുദായത്തിൽനിന്നും കിട്ടുവാൻ ആഗ്രഹിച്ചു. പക്ഷെ ഒരാളും അപേക്ഷ അയച്ചിരുന്നില്ല. ഇതാണു് എന്റെ സമുദായത്തിന്റെ സ്ഥിതിയെന്നു് നിങ്ങൾ മനസ്സിലാക്കണം. ഈ സ്ഥിതി വച്ചുനോക്കുമ്പോൾ കഴിയുന്ന പ്രോത്സാഹനങ്ങൾ അവർക്ക് നല്കി, നിങ്ങളുടെ സഹോദരന്മാർ എന്ന നിലയിൽ അവരെ കണക്കാക്കി, അവരെ മുമ്പോട്ട കൊണ്ടുവരേണ്ട കർത്തവ്യം നിങ്ങൾക്കുണ്ടെന്നാണു് എനിയ്ക്ക് പറയുവാനുള്ളതു്. അതുകൊണ്ട് ഇനിയുള്ള നിയമനങ്ങൾ വരുമ്പോഴെങ്കിലും ഈവക സംഗതികൾ ആലോചിച്ചു്, എന്റെ സമുദായത്തെ കുറച്ചുകൂടി ദയവോടുകൂടി വീക്ഷിക്കണം എന്നാണു് എന്റെ അപേക്ഷ. മെഡിക്കൽ വകുപ്പിൽ എന്റെ സമുദായത്തിൽപെട്ട ഉദ്യോഗസ്ഥന്മാർ വളരെ കുറവാണു്. എങ്ങിനേയാണുണ്ടാവുക? ഈ ഡിഗ്രിയെടുത്തു വന്നിട്ടുള്ള എന്റെ സമുദായത്തിൽപെട്ട ആളുകളോടു് ഗവൺമെണ്ടു് ഒരു ചിറ്റമ്മനയമാണു് കാണിക്കുന്നതു്. വളരെ പണം ചിലവാക്കി, അന്യനാട്ടിലും മറ്റും പോയി ബിരുദമെടുത്തിട്ടു വന്നിട്ടുള്ള എന്റെ സമുദായത്തിലെ ചില അംഗങ്ങൾക്കു് വേണ്ടതായ പ്രോത്സാഹനം നല്കാതിരുന്നതിന്റെ ഫലമായി, അവർ ഈ രാജ്യത്തിലെ സർവ്വീസ് വിട്ടു്, മറ്റു ചില രാജ്യങ്ങളിൽ പോയി സേവനം അനുഷ്ഠിക്കുന്നുണ്ടെന്നുള്ളതു് നിങ്ങൾതന്നെ സമ്മതിക്കുന്ന വസ്തുതയാണു്. ടെക്നിക്കലായിട്ടുള്ള വിദ്യാഭ്യാസത്തിനായി ഗവൺമെണ്ടിൽനിന്നു് വളരെ പണം ചിലവുചെയ്തു് പല ആളുകളേയും, ഇംഗ്ലണ്ടിലേക്കും, മറ്റു രാജ്യങ്ങളിലേക്കും അയച്ചു പഠിപ്പിച്ചുവരുന്നുണ്ടു്. എന്നാൽ എന്റെ സമുദായത്തിൽനിന്നു് സ്വന്തം പണം ചിലവുചെയ്തു് വിദേശങ്ങളിൽപോയി വൈദ്യവിഷയത്തിൽ ഉന്നതബിരുദം നേടിവന്നിട്ടുള്ള ഡാക്ടർ മുഹമ്മദു് സാഹിബ്ബു് അവർകൾക്കു് ഉന്നതമായ സ്ഥാനം കൊടുക്കണമെന്നാണു് എന്റെ അപേക്ഷ. ഇതിനുമുമ്പു് ഇങ്ങിനെ പഠിച്ചുവന്നിട്ടുള്ള ആളുകൾക്കു് വളരെ കേമമായിട്ടുള്ള ഉദ്യോഗങ്ങളാണു് ഗവൺമെണ്ടു് കൊടുത്തിട്ടുള്ളതു.

ഇനി ഒരു സംഗതികൂടി എനിക്കു പറയുവാനുണ്ടു്. മിലിട്ടറി, പോലീസ് ഈ വകുപ്പുകളുടെ വികസനത്തിനുവേണ്ടി മുഖ്യലക്ഷ്യത്തിൽപരം ഉദ്ദേശിച്ചു ഈ ബഡ്ജറ്റിൽ കഴിഞ്ഞ കൊല്ലത്തെക്കാൾ കൂടുതൽ കൊള്ളിച്ചിട്ടുണ്ടു്. ഇതു് എന്തുദ്ദേശത്തിനാണെന്നു് നിങ്ങൾ ജനങ്ങളെ മനസ്സിലാക്കണം. ഈ മിലിട്ടറിയും, പൊലീസ്സും, ഇവിടത്തെ അക്രമങ്ങളെ ഇല്ലായ്മചെയ്യുവാനാണെന്നുണ്ടെങ്കിൽ അതു് നിങ്ങൾ ഈ സഭയെ അറിയിക്കുക. അതല്ലാ; ചിലർക്കെല്ലാം ഉദ്യോഗംകൊടുക്കുവാനാണെങ്കിൽ അതു അനുവദിച്ചു തരികയില്ല. വരുവാൻ പോകുന്ന എന്തെങ്കിലും കാര്യത്തെ ഉദ്ദേശിച്ചുകൊണ്ടാണു് ഈ സംഖ്യകൊള്ളിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. A. Mohammad Ashrof]

ട്ടുള്ളതെങ്കിൽ അതിനെ അംഗീകരിക്കുവാൻ എനിക്കു് സാദ്ധ്യമല്ല. പൊതുജനങ്ങൾക്കു് ആവശ്യമായ കാര്യങ്ങൾക്കുവേണ്ടി നിങ്ങൾ ചിലപ്പോഴൊക്കെ ബഡ്ജറിൽ വകകൊള്ളിയ്ക്കും. പക്ഷേ, അതു് ചിലവുചെയ്യുന്നതു് ചുരുക്കമാണു്. അതിനു ഉദാഹരണമായിട്ടു് actuals നോക്കിയാൽ അറിയാം. ഇങ്ങിനെയാണു് നിങ്ങൾ വകകൊള്ളിക്കുന്നതെങ്കിൽ ജനങ്ങളുടെ കണ്ണു് എന്തിനാണു് ഈ കൌൺസിലും, ഈ ബഡ്ജറും? ഒരു കാര്യത്തിനു് കൊള്ളിച്ചിട്ടും സംഖ്യ ചിലവുചെയ്യില്ലെങ്കിൽ അതിനുള്ള കാരണം നിങ്ങൾ ഈ സഭയെ അറിയിക്കണം.

ഒരു കൊല്ലമായി അഴിക്കോടു് ഒരു പാലം ഇടിഞ്ഞുപൊളിഞ്ഞു് വീണിട്ടു്. കഴിഞ്ഞ കൊല്ലം ₹ ര, ൦ ൦ ൦ ഉറപ്പിക അതു് നന്നാക്കേണ്ട ആവശ്യത്തിനു് വകകൊള്ളിച്ചിരുന്നു. എന്നാൽ ഒരു മനുഷ്യൻപോലും ആ ഭാഗത്തേക്കു് തിരിഞ്ഞുനോക്കീട്ടില്ല. ഈ കൊല്ലവും, അതിനു് വക കൊള്ളിച്ചിട്ടുണ്ടു്. നിങ്ങൾ നിങ്ങളുടെ ഉദ്യോഗസ്ഥന്മാരെ ഒന്നു് അടിച്ചു് മുന്നോട്ടു പായിക്കണം. എന്തോ ഭരണചക്രത്തിൽ ചില സുഖക്കേടുകൾ ഉണ്ടു്. ആ സുഖക്കേടു് കണ്ടുപിടിച്ചു് നിങ്ങൾ മാറണം. വെറുതെ ഉദ്യോഗങ്ങൾ കൊടുത്തതുകൊണ്ടായില്ല. ജനങ്ങൾക്കു് എവിടെയാണു് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യേണ്ടതു് എന്നു കണ്ടുപിടിച്ചു്, അതു ശീഘ്രത്തിൽ നടത്തുവാൻ ശ്രമിക്കണം. ഇതുമാത്രമാണു് എനിക്കു് ഗവൺമെണ്ടിനെ ഉൽബോധിപ്പിയ്ക്കുവാനുള്ളതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : മിസ്റ്റർ ഡെപ്യൂട്ടി പ്രസിഡണ്ടു്, സർ, ഈ സഭയുടെ മുമ്പിലിരിക്കുന്ന ബഡ്ജറിനേയും അതിനുത്തരവാദികളായ ഭരണാധികാരികളേയും കുറിച്ചു് ഇവിടെ വളരെ അധികം ആക്ഷേപങ്ങളും ആരോപണങ്ങളും ഉണ്ടായി. സാധാരണ പതിവനുസരിച്ചുള്ള വിമർശനങ്ങളും ആരോപണങ്ങളുമല്ലാതെ അതിൽ കവിഞ്ഞു യാതൊന്നും അതിലുള്ളതായി എനിക്കു കാണുവാൻ സാധിക്കുന്നില്ല. മലയാളഭാഷയിലേയും ഇംഗ്ലീഷുഭാഷയിലേയും ഏറ്റവും പരുഷങ്ങളായ ചില വാക്കുകൾ ഉപയോഗിക്കണമെന്നുള്ളതാണു് വിമർശനമെങ്കിൽ അങ്ങിനെയുള്ള വിമർശനങ്ങളുടെ ഉള്ളിൽ ഒന്നുമില്ലെന്നുള്ളതു് സ്പഷ്ടമാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : വീക്ഷണകോണം തെറ്റിപ്പോയി.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ബഡ്ജറിനെപ്പറ്റിയുണ്ടായ വിമർശനങ്ങളെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ ബഡ്ജറു് പരിപൂർണ്ണമായ ഒരു ബഡ്ജറാണെന്നോ ശരിയായ ഒരു ബഡ്ജറാണെന്നോ പറയുവാനുള്ള ഔദ്ധത്യം എനിക്കില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഞാനോ ഞാൻ പ്രതിനിധീകരിക്കുന്ന പ്രജാമണ്ഡലമോ ഉദ്ദേശിക്കുന്ന, ലക്ഷ്യം വെച്ചിരിക്കുന്ന വ്യവസ്ഥ നടപ്പിൽ വരുത്തിതീർക്കുവാൻ സാധിക്കുമ്പോൾ, അല്ലെങ്കിൽ അതു വന്നു തീരുമ്പോൾ ഇതിലും വ്യത്യസ്ഥമായ ഒരു ബഡ്ജറു് ഇവിടെയുണ്ടാകുമെന്നു എനിക്കുറപ്പു പറയുവാൻ സാധിക്കും. പ്രജാമണ്ഡലം ഒരു സോഷ്യലിസ്റ്റു് വ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നു. ഞാൻ നിശ്ചയമായും അതിനുവേണ്ടി നിലകൊള്ളുന്നു. ഈ ബഡ്ജറിനെ എതിർത്തുകൊണ്ടു പ്രസംഗിച്ച വിമർശകന്മാർ പൊതുജനങ്ങളുടേയും രാജ്യത്തിന്റേയും പേരിൽ ഉന്നയിച്ച ആരോപണങ്ങളും യഥാർത്ഥത്തിൽ ഈ ബഡ്ജറു് അർഹിക്കുന്ന വിമർശനങ്ങളും ആരോപണങ്ങളുമാണെന്നു പറയുവാൻ സാധ്യമല്ല. ആരും പറയുമെന്നും ഞാൻ വിചാരിക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ആ വിചാരം തെറ്റാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ആത്മാർത്ഥമായി ആർക്കും പറയുവാൻ സാധിക്കില്ലെന്നാണു് എന്റെ വിശ്വാസം. (ചിരി). ഇന്നു അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറിൽ യാതൊരു കുറവും കുറവുമില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഇതിലും വളരെ വിശേഷപ്പെട്ട ഒരു ബഡ്ജറു് നമ്മുടെ രാജ്യത്തുണ്ടാകണമെങ്കിൽ നമ്മുടെ സാമൂഹ്യവാദത്തിലും ചിന്താഗതിയിലും നമ്മുടെ നയങ്ങളിലും എല്ലാം സമൂലമായ ഒരു പരിവർത്തനം ഉണ്ടാകാതെ കഴിയുകയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഗവൺമെണ്ടുപോലെ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ഗവൺമെണ്ടെന്നു പറഞ്ഞാൽ, ജനപ്രതിനിധികളിലെല്ലാം മാനസാന്തരം ഉണ്ടായതിനു ശേഷമേ അതിനു സാദ്ധ്യമുള്ളൂ. ഇന്നത്തെ ബഡ്ജറു് ഒരു സോഷ്യലിസ്റ്റു് ബഡ്ജറാണെന്നു ഞാൻ സമ്മതിക്കുന്നു. ഞങ്ങൾ സോഷ്യലിസ്റ്റു്

LIBRARY ARCHIVES Kerala Legislative Assembly

തത്വത്തിനുവേണ്ടി നിലകൊള്ളുന്നു. എന്നാൽ അതു് ഇന്നോ നാളെയോ നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ല. അതു് ഞങ്ങൾ ആദർശമാക്കി ബഹുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി വേണ്ടതെല്ലാം ചെയ്യുകയും ചെയ്യും. ബഹുജനങ്ങൾക്കു ഞങ്ങളിൽ വിശ്വാസമുള്ളിടത്തോളം കാലം അതു ഞങ്ങൾ ചെയ്യും. ഈ ബഡ്ജറിനെക്കുറിച്ചുള്ള വാദപ്രതിവാദത്തിൽ അതിനുത്തരവാദികളായ രാഷ്ട്രീയകക്ഷികളെക്കുറിച്ചു് പല ആരോപണങ്ങളുമുണ്ടായി. ഇനി ഒരു തിരഞ്ഞെടുപ്പു നേരിടുവാനുള്ള കഴിവുപോലും ഈ രാഷ്ട്രീയ കക്ഷിക്കില്ലെന്നു ഒരു ഭാഗത്തുനിന്നു ഒരു വെല്ലുവിളി പുറപ്പെടുകയുണ്ടായി, ഞങ്ങളുടെ പരിപാടി നിർവ്വഹിക്കുവാൻ ഞങ്ങൾക്കു ബഹുജനങ്ങളുടെ പിന്തുണയുണ്ടെന്നു ഞങ്ങൾ അഭിമാനിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ദുരഭിമാനമാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : ആ അഭിമാനം അടിസ്ഥാനപൂർവ്വമാണെന്നു് യഥാർത്ഥത്തിൽ ഇപ്പോൾ അനുഭവപ്പെടുകയുണ്ടായി—അതു് എതിർഭാഗത്തുള്ള മാന്യമെമ്പർമാർക്കും അറിയുവാൻ സാധിച്ചിട്ടുള്ളതാണു്.

ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ മെമ്പർ ശക്തിയായ ചില ആരോപണങ്ങളും ഇവിടെ കൊണ്ടുവരുകയുണ്ടായി. രാഷ്ട്രീയരംഗത്തിൽ പ്രവർത്തിക്കുന്നവരെല്ലാം ആത്മാർത്ഥതയില്ലാത്ത വഞ്ചകന്മാരായിരിക്കണമെന്ന നിർബ്ബന്ധമുള്ളതായിട്ടാണു് നടപ്പിനു് അദ്ദേഹം പറയുകയുണ്ടായി. ഇന്നത്തെ ഭരണകൂടത്തിൽ ഇരിക്കുന്ന ആളുകൾ അവരുടെ ആത്മാർത്ഥതക്കും അവരുടെ പ്രഖ്യാപനങ്ങൾക്കും എതിരായിട്ടാണു് ഇന്നു് അവരുടെ ചുമതലകൾ വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പ്രത്യേകിച്ചും കഴിഞ്ഞ കർക്കടകം ഫസ്റ്റാംതീയതി ഈ സഭയിൽ ഹാജരാകാതിരിയ്ക്കുകയും ചിലപ്പോഴെല്ലാം ഈ സഭയിൽനിന്നു ഇറങ്ങിപ്പോകുകയും ചില പ്രസംഗങ്ങളെല്ലാം ചെയ്യുകയും ചെയ്ത ഒരു പാർട്ടിയെക്കുറിച്ചു അദ്ദേഹം പ്രതിവാദിച്ചു. ആ പാർട്ടി അന്നു പറഞ്ഞതു പോലെ ഒന്നും പ്രവൃത്തിക്കുന്നില്ലെന്നാണു് അദ്ദേഹം പറയുന്നതു്. ഞാൻ പറയുന്ന പ്രജാമണ്ഡലത്തെക്കുറിച്ചുള്ള ആരോപണമാണു് അതെങ്കിൽ പ്രജാമണ്ഡലം ഏതൊരു സംഗതി ഒരു കാലത്തു പ്രഖ്യാപനം ചെയ്തിട്ടുണ്ടോ ആ പ്രഖ്യാപനമനുസരിച്ചാണു് ഇന്നും പെരുമാറുന്നതു് എന്നാണു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഡയാക്കിയെപ്പറ്റി കൂടുതൽ പറയുന്നില്ല എന്നേയുള്ളൂ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : ഡയാക്കിയെപ്പറ്റി ആക്ഷേപിച്ചിട്ടുണ്ടു്. ഇന്നത്തെ മന്ത്രിസഭ പരിപൂർണ്ണമായ ജനാധിപത്യമാണെന്നു പ്രജാമണ്ഡലം പറയുന്നില്ല. അതിന്റെ കുറവുകൾ കാണാതിരിക്കുന്നില്ല. അതു് കഴിയുന്നവേഗം അവസാനിപ്പിക്കണം. ഈ ആഗസ്റ്റ് ഫസ്റ്റാംതീയതി തന്നെ അതവസാനിപ്പിച്ചാൽ, അതേറ്റവും ശുഭമായ ഒരവസരമായതുകൊണ്ടു് അന്നുതന്നെ അതവസാനിപ്പിച്ചാൽ, കൊള്ളാമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നുണ്ടു്. അതിനുവേണ്ടി ഞങ്ങൾ പരിശ്രമിക്കുമെന്നുള്ളതു് തീർച്ചയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : പരിശ്രമിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : സംശയിക്കുന്നവർ ഒന്നും ചെയ്യാത്തവരാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : വീട്ടുവഴക്കുണ്ടെങ്കിൽ അവിടെവെച്ചു തീർക്കുന്നതെ?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ആഭാസം. മന്ത്രിയായിരിക്കുന്ന ഒരാൾ അതു പറഞ്ഞതു് ആഭാസമാണു്.

Deputy President: I ask the Hon'ble Member to withdraw the word.

Mr. P. Kumaran Ezuthassan *(Vadakkancheri):* Sir, It is quite parliamentary, but in spite of that if you ask me to withdraw, out of respect for the Chair I shall certainly withdraw that word. But please think over it, Sir, whether it is parliamentary or unparliamentary.

Deput President: I think it is unparliamentary and ask you to withdraw.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Then I most properly withdraw it, to bow to your decision, not for anything else.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പ്രജാമണ്ഡലം ദ്വിഭരണത്തെ എതിർക്കുന്നുവെന്നും ആക്ഷേപിക്കുന്നുവെന്നും അതിൽ സന്തോഷപ്പെടാതിരിക്കുന്നുവെന്നും ഞാൻ ഉറപ്പിച്ചുപറയുന്നു പ്രജാമണ്ഡലം ഉദ്യോഗം ഏറ്റതു് ദ്വിഭരണത്തെക്കുറിച്ചുള്ള അഭിമാനംകൊണ്ടോ അതിന്റെ ദോഷവശങ്ങൾ മനസ്സിലാക്കാതെകണ്ടോ അല്ല എന്നുള്ളതു് തീർച്ചയാണു്. പ്രജാമണ്ഡലത്തിന്റെ ലക്ഷ്യമായ പരിപൂർണ്ണ ഉത്തരവാദിത്വഭരണം നടപ്പാക്കുന്നതിനു് ഉപയുക്തമായ ഏതൊരു മാർഗ്ഗത്തേയും അംഗീകരിക്കുവാനുള്ള ഒരുക്കത്തോടുകൂടിയാണു് പ്രജാമണ്ഡലം മന്ത്രിസഭയെ സ്വീകരിച്ചുവാൻ ഒരുങ്ങിയതു്. അതുകൊണ്ടു് പ്രജാമണ്ഡലത്തിന്റെ പ്രഖ്യാപനങ്ങൾക്കോ പ്രജാമണ്ഡലത്തിന്റെ ആദർശങ്ങൾക്കോ യാതൊരു കോട്ടവും വന്നിട്ടുള്ളതായി കൊച്ചിയിലെ പൊതുജനങ്ങൾ ഇതേവരെ കണക്കാക്കിട്ടില്ല.

ഇന്നു പൌരസ്വാതന്ത്ര്യം നിഹനിക്കപ്പെടുന്നു, പത്രങ്ങൾ മർദ്ദിക്കപ്പെടുന്നു, നിരോധിക്കപ്പെടുന്നു, അടിയന്തിരനിയമം പാസ്സാക്കപ്പെടുന്നു എന്നെല്ലാം ആക്ഷേപിക്കുന്നുണ്ടു്. അതു് മന്ത്രിമാർ അറിഞ്ഞിട്ടാണോ പ്രത്യേകിച്ചും പ്രജാമണ്ഡലം മന്ത്രിമാർ അറിഞ്ഞിട്ടും അനുകൂലിച്ചിട്ടുമാണോ എന്ന ചോദ്യം വരുന്നുണ്ടു്.

[At this stage the Hon'ble President took the chair]

ഞാൻ ഏറ്റവും ഉറച്ച സ്വരത്തിൽ പറയുന്നു അതു് പ്രജാമണ്ഡലം അറിഞ്ഞിട്ടും പ്രജാമണ്ഡലത്തിന്റെ അനുമതിയോടുകൂടിയും പ്രജാമണ്ഡലം കൂട്ടായ്മ്മാട്ടുള്ള കക്ഷികളുടെ അറിവോടും അനുമതിയോടുംകൂടിയാണു് ഉണ്ടായിട്ടുള്ളതെന്നു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: എന്നാൽ ലജ്ജാവഹം!

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അതിൽ ലജ്ജാവഹമായിട്ടു് ഒന്നും കാണുവാൻ ഞങ്ങൾക്കു കഴിയുന്നില്ല. ഈ രാജ്യത്തിന്റെ രക്ഷക്കു് അതാവശ്യമാണെന്നു അതിനധികാരപ്പെട്ട ആളുകൾക്കു തോന്നിയതുകൊണ്ടാണു് അങ്ങിനെ ചെയ്തതു്. സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ, പൌരസ്വാതന്ത്ര്യമെന്നുപറഞ്ഞാൽ, രാജ്യത്തു് എന്തെങ്കിലും ചെയ്യുവാനുള്ള സ്വാതന്ത്ര്യമാണെന്നു ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ ആ ആളുകളുടെ ഭരണകാലത്തു് അങ്ങിനെയുള്ള സ്വാതന്ത്ര്യം നടപ്പാക്കുവാൻ അവക്കു നല്ല അവസരം ഉണ്ടാകുന്നതാണു്. ഏതൊരു രാജ്യത്തും, ജനാധിപത്യമുള്ള ഏതൊരു രാജ്യത്തും, പൌരസ്വാതന്ത്ര്യമെന്നു പറഞ്ഞാൽ അതിനു ചില വ്യക്തമായ അർത്ഥമെല്ലാമുണ്ടു്. ആ പൌരസ്വാതന്ത്ര്യത്തിന്റെ പരിധിയിൽ എന്തെങ്കിലും ചെയ്യുവാനുള്ള സ്വാതന്ത്ര്യത്തിനു സ്ഥാനമില്ലെന്നുള്ളതു് തീർച്ചയാണു്. അക്രമത്തേയും വ്യവസ്ഥകേടിനേയും അഴിച്ചുവിടുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ജനങ്ങൾക്കു ജീവിക്കുവാനുള്ള സ്വാതന്ത്ര്യത്തെ നിഹനിക്കുന്നതോ ആയ യാതൊരു സ്വാതന്ത്ര്യവും പൌരസ്വാതന്ത്ര്യമാകയില്ല. ഈ രാജ്യത്തിലെ പത്രസ്വാതന്ത്ര്യത്തെ നിഹനിച്ചുകൊണ്ടു് വളരെനാൾ നിലനിന്നിരുന്ന, ഈ സഭയിൽ ഇന്നു പൌരസ്വാതന്ത്ര്യത്തെക്കുറിച്ചു് ഉച്ചത്തിൽ ഉൽഘോഷിക്കുന്ന ആളുകളുടെ മൌനാനുവാദത്തോടുകൂടി നിലനിന്നിരുന്ന, ആ പത്രനിയമം റദ്ദാക്കുവാൻ ഉണ്ടായ പ്രയത്നത്തിൽ തീരെ അപ്രധാനമല്ലാത്ത പങ്കു വഹിച്ച ഒരു എളിയ സേവകൻ എന്ന നിലക്കു് എനിക്കു പറയുവാൻ സാധിക്കും പത്രസ്വാതന്ത്ര്യമെന്നു പറഞ്ഞാൽ അതിനു ചില പരിധികൾ വേണമെന്നു. പത്രമാരണ നിയമം റദ്ദാക്കുവാനുള്ള ബിൽ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചപ്പോഴും എന്തെങ്കിലും പറയുവാനും എഴുതുവാനുമുള്ള സ്വാതന്ത്ര്യം പത്രങ്ങൾക്കു നൽകണം മന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻ ഒരു പത്രപ്രവർത്തകനാണു്. എന്റെ ചുമതല എനിക്കറിയാം. പത്രപ്രവർത്തനത്തിനു രാജ്യത്തിനു ദ്രോഹകരമായ സ്വാതന്ത്ര്യം കൊടുക്കുവാൻവേണ്ടി മുതിരുകയാണെങ്കിൽ അതു തെറ്റാണെന്നുള്ള വിശ്വാസം എനിക്കുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: വളരെനല്ലതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇങ്ങിനേയുള്ള പത്രപ്രവർത്തനത്തിലും തെറ്റു വരുകയില്ലെന്നു ഞാൻ പറയുന്നില്ല. തെറ്റുവന്നാൽ തിരുത്തുവാനും രാജ്യത്തിന്റെ രക്ഷക്കുവേണ്ടിയുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും ഒരുക്കമില്ലാത്ത സമാധാനത്തേയും ജനങ്ങളുടെ സ്വാതന്ത്ര്യത്തേയും അപകടത്തിലാക്കണമെന്നു, അവഹേളിക്കണമെന്നു, ഉദ്ദേശത്തോടുകൂടിയുള്ള, പത്രസ്വാതന്ത്ര്യമാണു നമുക്കാവശ്യമെങ്കിൽ അതു് ശരിയായിട്ടുള്ള ജനാധിപത്യത്തിനു യോജിച്ചതല്ലെന്നാണു് എന്റെ ഉറച്ച വിശ്വാസം. അങ്ങിനേയുള്ള ചില പരി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതികൾ വന്നുചേർന്നതുകൊണ്ട് അതനുസരിച്ച പ്രവർത്തിക്കുവാൻ ഇന്ന മന്ത്രിസഭക്ക ആവശ്യം നേരിട്ടിട്ടുണ്ടെങ്കിൽ അപ്പോൾ നാം യഥാർത്ഥത്തിൽ ചെയ്യേണ്ടതു്, ജനാധിപത്യ വ്യവസ്ഥയെ നാം ബഹുമാനിക്കുന്ന എങ്കിൽ വേണ്ടതു്, അവക്ക വേണ്ട അനുകൂല്യം നൽകുകയാണ്. അതല്ലാതെ കക്ഷിപരമായ താല്പര്യങ്ങൾ വെച്ചുകൊണ്ട് ആത്മാർത്ഥതയോട്കൂടി എന്ന തോന്നുംവിധം, വളരെ കേമമായി ചില അവകാശങ്ങൾക്കവേണ്ടി, ക്രമാധികമായ ആവേശത്തോടുകൂടി മുറവിളികൂട്ടുന്നതു കാണുമ്പോൾ വാസ്തവത്തിൽ അതിന്റെ യഥാർത്ഥം മനസ്സിലാക്കുവാൻ വിഷമം തോന്നുന്നുണ്ട്.

ഇന്നത്തെ ബഡ്ജറ്റ് ഞാൻ മുമ്പുപറഞ്ഞതുപോലെ പൂർണ്ണമായ ഒരു ബഡ്ജറല്ലെന്ന ഞാൻ വീണ്ടും ആവർത്തിച്ചുകൊള്ളട്ടെ. ഈ രാജ്യത്തിലെ ബഹുജനങ്ങളുടെ അവകാശസംരക്ഷണത്തിനുള്ള ഒരു സാമ്പത്തിക വ്യവസ്ഥായിൽനിന്ന നോക്കിയാൽ ഇതിൽനിന്ന എത്രയൊ വ്യത്യസ്തമായ ഒരു ബഡ്ജറുണ്ടാക്കുവാൻ നമുക്ക സാധിക്കണം. എന്നാൽ വരുവാൻ പോകുന്ന എല്ലാ നികുതിനിയമത്തേയും ആക്ഷേപിക്കുകയും, അങ്ങനെതന്നെ, എല്ലാവിധത്തിലുള്ള ചെലവുകളേയും ആക്ഷേപിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണ് നാമനുഷ്ഠിയ്ക്കുന്നതെങ്കിൽ നിശ്ചയമായും അങ്ങിനേയുള്ള ഒരു ബഡ്ജറ് നമുക്കുണ്ടാക്കുവാൻ സാദ്ധ്യമല്ല. ഇന്നത്തെ ബഡ്ജറ് നമ്മുടെ പഴയ പാരമ്പര്യമനുസരിച്ച്, അപൂർവ്വം ചില വ്യതിയാനങ്ങൾമാത്രമുള്ള ഒന്നാണ്. നേരെമറിച്ച് എന്റെ ഉദ്ദേശമനുസരിച്ചുള്ള ബഡ്ജറാകണം ഇതെങ്കിൽ ഈ രാജ്യത്തെ എല്ലാ ജനങ്ങൾക്കും തൊഴിലുണ്ടാക്കി കൊടുക്കുവാനും, ആവശ്യത്തിനു വസ്ത്രം, ക്ഷേണം മുതലായ പദാർത്ഥങ്ങളെങ്കിലും വിതരണം ചെയ്യുവാനും വ്യവസ്ഥചെയ്യുന്നതായിരിക്കണം അതു്. അങ്ങിനെയുള്ള ഒരു ബഡ്ജറ് നമുണ്ടാക്കുവാൻ സാധിച്ചാൽമാത്രമേ ഒരു സോഷ്യലിസ്റ്റ വ്യവസ്ഥ ഇവിടെയുണ്ടാക്കുവാൻ കഴിയുകയുള്ളു. നമുക്ക നമ്മുടെ ആവശ്യത്തിനുവേണ്ട ഭക്ഷണപദാർത്ഥങ്ങളിൽ പകുതിയും ഇവിടെയുണ്ടാക്കുവാൻ കഴിയുന്നില്ല. നമ്മുടെ രാജ്യത്തുള്ള കൃഷിയെ വ്യവസ്ഥാപിതമായ നിലയിൽ നടത്തുകയാണെന്നുണ്ടെങ്കിൽ അതിന്റെ വിളവു ഇരട്ടിപ്പിക്കാമെന്ന വിദഗ്ദ്ധന്മാർ പറയുന്നു. അങ്ങിനെ കൃഷിയെ വികസിപ്പിക്കുവാൻ, വ്യവസായം വികസിപ്പിക്കുവാൻ, വിതരണം വ്യവസ്ഥയനുസരിച്ച്, നീതിയനുസരിച്ച ക്രമപ്പെടുത്തുവാൻ സാധിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥ സൃഷ്ടിക്കുവാനുള്ള ബഡ്ജറ് വരുമ്പോൾ അന്ന ആ ബഡ്ജറിനെപ്പറ്റിയും ഇന്നത്തെ വിമർശകന്മാർ കുറവും കുറവും പറയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ സഭയിലെ ഒരു കാരണവരായ ശ്രീമാൻ ഈച്ചരമേനോൻ നമ്മുടെ ക്ഷേമമെല്ലാം കെട്ടിപ്പടുത്തിട്ടുള്ളതു് നമ്മുടെ സാമ്പത്തികമായ സ്വാതന്ത്ര്യത്തിലാണെന്ന ഇവിടെ പറഞ്ഞു. എന്നാൽ എനിക്ക അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ടായ മറ്റൊരു അഭിപ്രായത്തെക്കുറിച്ചും കൂടി ഇവിടെ ഓർക്കേണ്ടതായിവരുന്നു. ചിറ്റൂരിനെ വെറുതെ വിട്ടേക്കണമെന്നാണ് അദ്ദേഹം പറഞ്ഞതു്. അതിന്റെ അർത്ഥം എനിക്ക മനസ്സിലാക്കുവാൻ സാധിയ്ക്കും. പാവപ്പെട്ട ആളുകളുടെ വാദമായിരുന്നില്ല, ചിറ്റൂരിലെ ചില മുതലാളിമാരുടെ വാദമായിരുന്നുവെന്ന എനിക്ക പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കും. അവിടത്തെ ഏറ്റവും ചൂഷകനായ, ഏറ്റവും വലിയ കർഷകമർദ്ദകനായ ഒരാൾ ഇതിനു മുമ്പും ഉന്നയിച്ചിട്ടുള്ള ഒരു വാദമാണ് അതെന്ന ഞാൻ ഈ സഭയെ അറിയിക്കുവാൻ ആഗ്രഹിച്ചുകൊള്ളുന്നു. ചിറ്റൂരിൽ നിയമം വേണ്ട, ഗവർമ്മെണ്ടുവേണ്ട എന്നൊക്കെ പറയുന്നതു് അവിടെയുള്ള ചില ജന്മികൾക്ക മനുഷ്യരെക്കൊണ്ട് അടിമവേല ചെയ്യിപ്പിക്കുന്നതിനും അവിടെ അവരുടെ തോന്ന്യാസം നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം വേണമെന്ന ആഗ്രഹമുള്ളതുകൊണ്ടാണ്. അങ്ങിനേയുള്ള മനഃസ്ഥിതിവെച്ചുകൊണ്ടാണ് ഈ ബഡ്ജറിനെ ബഹുജനങ്ങളുടേയും പാവപ്പെട്ടവരുടേയും പേരിൽ ആരോപണങ്ങളും ആക്ഷേപങ്ങളും കൊണ്ടുവന്ന വിമർശിക്കുന്നതെങ്കിൽ അതിനെക്കുറിച്ചു വളരെ അധികം പരിതപിക്കുകയല്ലാതെ ഒന്നും പറയുവാനില്ല.

ഇന്നത്തെ ബഡ്ജറ് അപൂർണ്ണമാണെന്ന വീണ്ടും ഞാൻ പറയുന്നു. അതു് പൂർണ്ണമാക്കുവാൻവേണ്ടി നാമെല്ലാം പരിശ്രമിക്കുക. ഈ സഭയുടെ സർവ്വതോമുഖമായ കഴിവുകൾ ഉപയോഗിച്ച് ഈ ആഗസ്റ്റ് മുതൽ പരിപൂർണ്ണമായ അധികാരം വാങ്ങുക. അതു് പിടിച്ചുപറ്റേണ്ട ആവശ്യം വരുകയില്ല. ബ്രിട്ടീഷ് ഗവർമ്മെണ്ട് മുൻ തവ ജൂണിൽ ഇൻഡ്യ വിടുമെന്ന ആദ്യം പറഞ്ഞു. എന്നാൽ പരിതസ്ഥിതികളുടെ നിർബ്ബന്ധംകൊണ്ട് അവർ ഇതാ മുമ്പ ദിവസത്തിനകം ഇൻഡ്യ വിടുവാൻ പോകയാണ്. നമ്മുടെ മഹാരാജാവു് നമുക്ക പരിപൂർണ്ണമായ അധികാരം വിട്ടുതരാമെന്ന പറഞ്ഞു. ഈ നിയമസഭയുടെ പ്രാതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. R. Krishnan Ezhuthassan]

നീയ്യത്തേയും നിയമസഭയുടെ കഴിവിനേയും വിശ്വസിച്ചു് ജനാധിപത്യസിദ്ധാന്തത്തെ മാനിച്ചുകൊണ്ടു് ഇൻഡ്യ സ്വതന്ത്രയാകുന്ന ആഗസ്റ്റ് ൧൫-ാംന്നു തന്നെ ഈ അധികാരം വിട്ടുതരണമെന്നാണ് ഈ സഭ വളരെ വിനീതമായി ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി ആവശ്യപ്പെടേണ്ടതു്. ആ ആവശ്യം കൈവരുമെന്നു എനിക്കുറപ്പുണ്ടു്. അതിനുവേണ്ടി നിയമസഭയുടെ എല്ലാ വിഭാഗങ്ങളുടേയും ഉത്സാഹവും സഹകരണവും വേണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: സർ, ഞാൻ ഈ ബഡ്ജറ്റിനെ വിമർശിക്കണമെന്നു് വിചാരിച്ചിരുന്നതല്ല. എന്റെ അടുത്തിരിക്കുന്ന ആളുകളുടെ നിർബ്ബന്ധം കൊണ്ടാണു് ഞാൻ ഇതിനു പുറപ്പെട്ടതു്. സാമാന്യമായ ഒരു ബഡ്ജറാണെങ്കിൽ അതിനെ വിമർശിച്ചിട്ടു് ആവശ്യമില്ല. ഇതു സാധാരണയുള്ള ഒരു ബഡ്ജറല്ല. അവിടന്നും ഇവിടന്നും മാന്തിയെടുത്തുണ്ടാക്കിട്ടുള്ള ഒരു സാധനമാണിതു്. (ചിരി). ഒരു ഇരുപത്തൊരുണ്ടു കൊല്ലത്തെ പരിചയം എനിക്കു കൊച്ചി നിയമസഭയും ബഡ്ജറുമായിട്ടുണ്ടു്. ൧൯൬൯ലക്ഷം ഉറുപ്പിക വരവുണ്ടായകാലത്തു് കൊച്ചിരാജ്യം ഇപ്പോഴത്തേക്കാളും നല്ലവണ്ണം നടന്നിരുന്നു. (ഹിയർ, ഹിയർ). സമ്മതിക്കാത്തവർ സമ്മതിക്കേണ്ട. അന്നു് ഒരു വിധം ഭംഗിയായി കാര്യങ്ങൾ നടന്നിരുന്നു. അന്നു് സർപ്ലസും ഉണ്ടായിരുന്നു. അതു പോയിട്ടു് ഇപ്പോൾ ൫൦ ലക്ഷത്തോളം ഉറുപ്പിക ഉണ്ടാക്കിട്ടുണ്ടു്. സർപ്ലസുമുണ്ടു്. ഈ ബഡ്ജറു നോക്കിക്കഴിഞ്ഞാൽ ആവശ്യമുള്ളിടത്തു തുക കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത്രയും കോടി ഉറുപ്പികയുണ്ടാക്കി ബഡ്ജറിൽ വകകൊള്ളിച്ചിട്ടുണ്ടു്. രണ്ടോ, നാലോ കൊല്ലങ്ങൾക്കുള്ളിൽ എന്താണു് വിശേഷമായി ഇവിടെ നടന്നിട്ടുള്ളതെന്നു ഒന്നു പറഞ്ഞാൽ കൊള്ളാം. ഇന്നു നമ്മുടെ നാട്ടിൽ കഴിയില്ലാത്ത ഒരു റോഡില്ല. എത്ര കോടി രൂപാ ഉണ്ടായാലും അതിനു ആവശ്യമുണ്ടാകും. ഇവിടത്തെ റവന്യൂ വഴിക്കുന്നതോടൊപ്പംതന്നെ അതുപയോഗങ്ങളും വഴിക്കുന്നുണ്ടു്. ഏകദേശം യുദ്ധം കഴിഞ്ഞതിനു ശേഷമുള്ള ഇവിടത്തെ സ്ഥിതി നോക്കിയാൽ പണ്ടത്തെക്കാളും പകുതി ഉദ്യോഗങ്ങൾ വഴിച്ചിട്ടുണ്ടു്. കുറെ ആളുകളെ ഉദ്യോഗത്തിൽ നിർത്തിയിട്ടുണ്ടു്. ബാക്കിയുള്ള ആളുകൾക്കൊന്നുമില്ല. അതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല.

നികുതിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഉറുപ്പികക്കു ൧൫ ണ. യും ഗവർമെന്റു നികുതി പിരിക്കുന്നുണ്ടു്. ഇനി വരുന്ന കൊല്ലത്തിൽ അതു പൂർത്തിയാകുമെന്നാണു് വിചാരിക്കേണ്ടതു്. എല്ലാ കാര്യത്തിനും ഒരു അതിരു വേണം. (ചിരി). നമ്മുടെ മന്ത്രി സഭ കുറച്ചു ഗൌരവമായി ഇതുപോലെ കാര്യങ്ങളെക്കുറിച്ചു് ആലോചിക്കണം. ഗവർമ്മെണ്ടിനു എന്തെങ്കിലും നിയമം പാസ്സാക്കുവാൻ കഴിയും. പക്ഷെ, അതു് കുറച്ചു ഉത്തരവാദിത്വത്തോടുകൂടി ചെയ്താൽ കൊള്ളാമെന്നു് എനിക്കപേക്ഷയുണ്ടു്. കർക്കടകം ൧൫-ാംന്നുമുള്ള മനസ്ഥിതിവെച്ചുകൊണ്ടു് അവിടെയിരിക്കരുതെന്നു ബഹുമാനപ്പെട്ട മന്ത്രിമാരോടു് എനിക്കൊരപേക്ഷയുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഒരിക്കലുമില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: നിങ്ങളുടെ മുദ്രാവാക്യങ്ങൾ വിളിച്ചു പറയുന്ന സമ്പ്രദായം മാറണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ജന്മിത്വം നശിപ്പിക്കുമെന്നു പറയുന്നുണ്ടു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: അതിനിടക്കു് വി. ആർ. കൃഷ്ണനെഴുത്തശ്ശൻ നശിക്കട്ടെ എന്നു പറഞ്ഞാൽ അതും പറയും. (ചിരി). അതല്ലാ നിങ്ങൾ പഠിപ്പിക്കേണ്ടതു്. എല്ലാവരും നന്നാകട്ടെ എന്നു വിളിച്ചു പറയുന്നതിനാണു് പഠിപ്പിക്കേണ്ടതു്. നശിപ്പിക്കൽ എന്ന വാക്കു പറയാതിരിക്കുകയാണു് വേണ്ടതു്.

ഈ ബഡ്ജറു് നിരുത്തരവാദിത്വത്തോടുകൂടി തെയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജറാണു്. എത്ര lump sum ആണു് ഇതിൽ പ്രൊവൈഡു ചെയ്തിരിക്കുന്നതു്. നിങ്ങൾക്കു തീർച്ചയില്ലാത്ത കാര്യങ്ങൾക്കു എന്തിനാണു് വക കൊള്ളിക്കുന്നതു്? ശമ്പള പരിഷ്കരണത്തിനു് ഒരു കമ്മറി, ശമ്പള ലഘൂകരണത്തിനു ഒരു കമ്മിറി, ഇതെല്ലാം കഴിഞ്ഞാൽ പിന്നെ ഉദ്യോഗവൽക്കരണത്തിനു് ഒരു കമ്മറി; ഒരു ദിവസം നേരം വെളുത്തുമാകുമ്പോൾ എത്രകിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ട്ടീവ് എഞ്ചിനീയർമാർ; പിന്നെ ഒരു ദിവസം വെളിച്ചമാകുമ്പോൾ ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാർ; ഒരു കമ്മറ്റി ഒച്ചുകഴിഞ്ഞാൽ ആ കമ്മറ്റിയെ പരിശോധിക്കുന്നതിനു വേറെ ഒരു കമ്മിറ്റി, ആ കമ്മറ്റിയെ പരിശോധിക്കുന്നതിനു മറെറാരു കമ്മറ്റി; ഇതൊക്കെ ചെയ്തുകഴിഞ്ഞാലും കാര്യങ്ങളൊന്നും പുറത്തു വരുകയുമില്ല; ഇങ്ങിനെ എന്തെല്ലാം പ്രഹസനങ്ങളാണ് ഗവൺമെണ്ടു നടത്തുന്നതു". ഈ സിനിമ കാണിക്കുന്ന, പ്രഹസനം നടത്തുന്ന നയം മന്ത്രി മാററി തിരുത്താഞ്ഞാൽ വളരെ കഷ്ടമാണ്. ബഡ്ജററിനെക്കുറിച്ചു് ആവശ്യമുള്ളതും, ആവശ്യമില്ലാത്തതും ആയ പല സംഗതികളെക്കുറിച്ചും ഇവിടെ പലരും സംസാരിച്ചു കഴിഞ്ഞു നിയമമുണ്ടാക്കുന്നതിനു് ഈ സഭവെച്ചു. എന്നാൽ ഇപ്പോൾ ഉണ്ടാക്കുന്നതു മുഴുവനും പ്രൊക്രാസ്റ്റിനേഷനാണ്. ഗസറേറാ നോക്കിക്കഴിഞ്ഞാൽ എത്ര പ്രൊക്രാസ്റ്റിനേഷനാണ് ഓരോ ആളുടെയും കാണുന്നതു്. യുദ്ധകാലത്തുണ്ടായതിനേക്കാൾ കൂടുതൽ പ്രൊക്രാസ്റ്റിനേഷനാണ് ഈ ഒരു കൊല്ലത്തിൽ ഉണ്ടായിട്ടുള്ളതു്. ഇതൊക്കെക്കണ്ടാൽ നമ്മുടെ കൊച്ചിരാജ്യം അറബിക്കടലിൽ താഴുവാൻ പോകയാണോ എന്നു തോന്നും. കുറച്ചുകൂടി ആലോചിച്ചിട്ടുവേണം ഇതൊക്കെ ചെയ്യുവാൻ.

അതുകൊണ്ടു് എന്റെ മാന്യ സ്നേഹിതന്മാർ ഈ മാതിരി ബഡ്ജററിനെ കണ്ടുപിടിച്ചു പാസ്സാക്കിക്കൊടുക്കരുതു്. ഞാൻ പറഞ്ഞതുകൊണ്ടു് നിങ്ങൾ വോട്ടുചെയ്യാതിരിക്കയില്ലെന്നു് എനിക്കറിയാം. മന്ത്രിമാർ കുറെക്കൂടി ആലോചിച്ചു പ്രവർത്തിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I seek to enquire whether all the Government members propose to speak; I, they do not non-officials will have more time because we are guided by the Rules of Pocedure. Unless more than two members propose to speak, we get the remaining time. I am only referring the Hon'ble Chair to the rules laid down in our books, regarding the time limit of every member inclusive of the Finance Member. I think Sir, you have caught my point. No member other than the Finance Member can speak for more than 20 minutes. Therefore, calculated on that basis the Finance Member, if he proposes to speak can take more than 20 minutes according to your discretion and the others, any honourable member on the Treasury Bench only 20 minutes. So calculated which is imperative, non-officials get more time.

Mr. President: I am aware of the Rules—Rule 54 on page 52 of the Manual; but the practice has been—as to this has been so in the case of the Hon'ble Member also to relax the rule to some extent. One hour is allotted for reply from the Government and if the Chair finds that it would be a fit case to relax the rule in the case of a speech of any particular member of the Government, he shall exercise that inherent power and regulate the speeches.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ചേരുന്ന ഈ ബഡ്ജറു സമ്മേളനത്തിൽ ഇവിടെ നടന്ന പത്തൊമ്പതോളം ബഹുമാനപ്പെട്ട സാമാജിക സുഹൃത്തുക്കളുടെ വിമർശനങ്ങൾക്കു് മറുപടി പറയുക എന്നുള്ളതു് അത്ര എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമല്ല. ഇവിടെ ബഡ്ജററിൽ നികുതി കൂടിയതു് അധികമായിപ്പോയി എന്നു് ഒരു ഭാഗത്തും നികുതി വേണ്ടിടത്തോളം ചുമത്തിയിട്ടില്ലെന്നു മറുഭാഗത്തും കമ്മി ബഡ്ജററായി എന്നു് ഒരു ഭാഗത്തും കമ്മി ബഡ്ജററായിട്ടില്ല എന്നു മറുഭാഗത്തും ഒരേ പ്രസംഗത്തിൽത്തന്നെ കമ്മി ബഡ്ജററായി എന്നും കമ്മി ബഡ്ജററായില്ലെന്നും പറയുന്നവിധത്തിലുള്ള ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്; വിമർശനങ്ങളും ഉണ്ടായിട്ടുണ്ടു്. ഞാൻ അതിനൊന്നും മറുപടി പറയുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇവിടെ നടന്ന പ്രസംഗങ്ങളിൽ ഗവൺമെണ്ടിനു നാനാതരത്തിലുള്ള ഉപദേശങ്ങളും വിമർശനങ്ങളുമെല്ലാംകൊണ്ടു് ഗവൺമെണ്ടിനെ നയിക്കുവാൻ പരിശ്രമിച്ചും പ്രവർത്തിച്ചിട്ടുള്ള ബഹുമാനപ്പെട്ട സാമാജികന്മാരോടു് കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി നന്ദിപറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ നിലയിലെ ആ വിമർശനങ്ങളെ ഗവൺമെണ്ടു കരുതിട്ടുമുള്ളൂ.

ഡെമോക്രാററിക്കു് സമ്പ്രദായത്തിലുള്ള ഭരണമെന്നു പറയുന്നതു്, നിയമസഭയോടുത്തരവാദിത്വമുള്ള ഒരു ഭരണസമ്പ്രദായമെന്നു പറയുന്നതു് കേവലം സംഖ്യാബലംകൊണ്ടുള്ള ഒരു ഭരണസമ്പ്രദായമല്ലെന്നു ഞങ്ങൾക്കു മുമ്പേയുംകാൾ കൂടുതലായറിയാം. പരസ്പരം വാദപ്രതിവാദം ചെയ്തും പരസ്പരം അഭിപ്രായവിനിമയം ചെയ്തും വിമർശനങ്ങളും കേട്ടുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

അഭിപ്രായം കൊടുത്തും സ്വീകരിച്ചും ആക്ഷേപങ്ങൾ കേട്ടും പറഞ്ഞും മുന്നോട്ട പോകേണ്ട ഭരണസമ്പ്രദായമാണ് ഉത്തരവാദിത്വഭരണം എന്നുള്ള തികഞ്ഞ ബോധത്തോടു കൂടിയാണ് ഇവിടെനടന്ന ഫൻ സാമാജികന്മാരുടേയും പ്രസംഗങ്ങളെ ഗവൺമെണ്ടു് സ്വീകരിച്ചിരിക്കുന്നതു് എന്നു പറയുവാൻ ഞാൻ വളരെ സന്തോഷത്തോടുകൂടി മുതിരുന്നു. ഉത്തരവാദിത്വഭരണം വിജയിക്കണമെന്നുണ്ടെങ്കിൽ ശക്തിയായ ഒരു പ്രതിപക്ഷം അതിനുണ്ടാകേണ്ട കാര്യമുണ്ടു്. ഈ പ്രതിപക്ഷവും അധികാരത്തിലിരിക്കുന്ന പാർട്ടിയും ഒരുപോലെ, ഒരു രഥത്തിന്റെ രണ്ടു ചക്രങ്ങൾ എന്നപോലെ, മുന്നോട്ടുവലിച്ചുകൊണ്ടു പോകേണ്ട ഒരു രഥമാണു് ഉത്തരവാദിത്വഭരണമെന്നു പറയുന്നതു്. ഇന്നു ഒരു കക്ഷി അധികാരത്തിൽ ഇരിക്കുന്നുണ്ടെങ്കിൽ നാളെ മറുകക്ഷിക്കു അധികാരത്തിൽ വരാവുന്നതാണു്. മാത്രമല്ല എതുകക്ഷിക്കും അധികാരത്തിലിരിക്കുന്ന ഗവൺമെണ്ടിനും തുല്യപ്രാധാന്യമുള്ള ഒരു ഭരണവ്യവസ്ഥയാണു് ഉത്തരവാദിത്വഭരണ വ്യവസ്ഥ. അതുകൊണ്ടാണു് ചില ഭരണവ്യവസ്ഥകളിൽ എതിർപക്ഷത്തിന്റെ നേതാവിനു ശമ്പളംപോലും തീരുമാനിച്ചിട്ടുള്ളതു്. അത്ര പ്രധാനപ്പെട്ട ഒരു പങ്കാണു് എതിർപക്ഷത്തിനു ഈ കാര്യത്തിൽ വഹിക്കുവാനുള്ളതു്. അങ്ങിനെയുള്ളതുകൊണ്ടു പ്രത്യേകിച്ചും പ്രതിപക്ഷത്തിന്റെ ഡെപ്യൂട്ടി നേതാവു് ശ്രീ ബാലകൃഷ്ണമേനോൻ ആ സമ്പ്രദായത്തിൽ തുടങ്ങിയ ഭരണത്തിനു തന്റെ സഹായഹസ്തത്തെ വാഗ്ദാനം ചെയ്തു. ഉത്തരവാദിത്വഭരണത്തിന്റെ ഭാവിക്കുള്ള ഒരു നല്ല ശകുനമായി ഞാൻ അതു കണക്കാക്കുന്നു. അതു് അദ്ദേഹം എത്ര സന്മനസ്സോടുകൂടി എത്ര സൽബുദ്ധിയോടുകൂടി എത്ര ഉദ്ദേശശുദ്ധിയോടുകൂടി നൽകിയൊ അത്ര സന്മനസ്സോടും സ്നേഹത്തോടും ഉദ്ദേശശുദ്ധിയോടുംകൂടി സ്വീകരിക്കുവാനും ഗവൺമെണ്ടു് ഒരുക്കമാണു്.

സർ, ഇന്നത്തേക്കാൾ കൂടുതലായി മറ്റൊരു സന്ദർഭത്തിലും വളരെ ശ്രദ്ധാപൂർവ്വം, വളരെ വിവേകപൂർവ്വം, വളരെ ആലോചനാപൂർവ്വം പ്രവർത്തിക്കേണ്ട ഒരു ഘട്ടം ഈ രാജ്യത്തു് ഇതിനുമുമ്പുണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നു ഇൻഡ്യയിൽ എവിടേയും നടക്കുന്ന സംഭവങ്ങളും ബുദ്ധിപൂർവ്വം വിവേകപൂർവ്വം ആലോചനാപൂർവ്വം വീക്ഷിക്കുന്ന രാജ്യതന്ത്രജ്ഞന്മാർക്കു എത്ര വലിയ പ്രവൃത്തികളാണു് ഈ നാട്ടിൽ നടക്കേണ്ടിയിരിക്കുന്നതെന്നു കാണുവാൻ സാധിക്കും. ആഗസ്റ്റ് ൧൫-ാംതു-യോടുകൂടി ബ്രിട്ടീഷധികാരം ഈ രാജ്യത്തിൽനിന്നു തിരോധാനം ചെയ്യുവാൻ പോകുന്നു. ൨൦൦ കൊല്ലങ്ങൾക്കുമുമ്പു് ബ്രിട്ടീഷുകാർ ഈ നാട്ടിൽ പ്രവേശിച്ചപ്പോൾ ഈ നാടിനെ ഏതുതരത്തിൽ കണ്ടുവോ ആ തരത്തിൽ അനേകം ഉണ്ടു ഉണ്ടുകളായ രാജ്യങ്ങളായി വീണ്ടും വെച്ചുകൊണ്ടു പോകുവാനുള്ള ഒരു പ്രഖ്യാപനമാണു് ആദ്യമായി ഉണ്ടായതു്. ആഗസ്റ്റ് ൧൫-ാംതിയുതിയെ ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ സൂര്യോദയത്തിന്റെ ദിനമായി നാം കണക്കാക്കിയെങ്കിലും അതോടൊപ്പംതന്നെ ഇൻഡ്യയിൽ നാനാ രാഷ്ട്രങ്ങളും ഉദിക്കുന്നതുകൊണ്ടുള്ള വിപത്തുക്കളെക്കുറിച്ചു ആലോചനാശീലന്മാർ വളരെ കാര്യപൂർവ്വം വിചാരിക്കുകയുണ്ടായിട്ടുണ്ടു്. അതിനുശേഷം ഇൻഡ്യൻ രാഷ്ട്രനഭോമണ്ഡലത്തിലുണ്ടായ പരിണാമങ്ങളുംമൂലം ഒരു സംയുക്ത ഇൻഡ്യ ഉണ്ടാകുവാൻ പോകുന്നതു് നമുക്കു ആശാവഹമായ ഒരു കാര്യം തന്നെയാണു്. പക്ഷെ ഏതു പരിവർത്തനഘട്ടത്തിലും ഉണ്ടാകുന്ന ആശങ്കകളും, ഉണ്ടാകുന്ന കുഴപ്പങ്ങളും, ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഇതെല്ലാം ഈ രാജ്യത്തുനിന്നു കരകയറുന്നകാലത്തേക്കു പോകയില്ലെന്നും ശങ്കിക്കേണ്ടിയിരിക്കുന്നു. ഇൻഡ്യയിൽ ഈ വിധത്തിലുള്ള പരിണാമങ്ങളും നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തന്നെയാണു് കൊച്ചിയിൽ അതിപ്രധാനമായ ചില പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുള്ളതു്. ഈ നാട്ടിലെ ഭരണം ഈ നാട്ടിലെ ജനപ്രതിനിധികൾക്കു വിട്ടുകൊടുക്കുമെന്നും, അതിന്റെ ഒരു മുന്നോടിയായി ചില ഡിപ്പാർട്ടുമെണ്ടുകളും ജനപ്രതിനിധികൾക്കു വിട്ടുകൊടുക്കുകയും ചെയ്യുന്നു എന്നും പ്രഖ്യാപനം ചെയ്തു. ആ ചരിത്രപ്രസിദ്ധമായ സംഭവംമൂലം, പ്രഖ്യാപനംമൂലം, ൧൦ മാസങ്ങൾക്കു മുമ്പുണ്ടായിട്ടുള്ളതു് നമ്മുടെ കൈയിൽ, ഈ നിയമസഭയിലെ പ്രതിനിധികളുടെ കൈയ്യിൽ, അതിപാവനവും അതിപരിശുദ്ധവുമായ ഒരു കൈത്തിരി നമ്മുടെ മഹാരാജാവു തന്നിരിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ കൈത്തിരി കെട്ടു പോകാതിരിക്കുവാനും നാനാ ഭാഗങ്ങളിൽനിന്നും വരുന്ന കാറ്റടിച്ചു കെട്ടുപോകാതിരിക്കുവാനും ആ കൈത്തിരി നമുക്കേവർക്കും വെളിച്ചവും നേതൃത്വവും നൽകുന്ന ഒരു പ്രകാശമായി വളരുവാനുമുള്ള ഒരു മഹാസംരംഭത്തിൽ അപൂർവ്വഘട്ടത്തിലാണു് ജനാധിപത്യ സിദ്ധാന്തങ്ങളെ നാം കൂടുതൽ കൂടുതൽ ശ്രദ്ധയോടെ

LIBRARY ARCHIVES Kerala Legislative Assembly

കൂടി ആദരിക്കേണ്ടതു്. അധികാരത്തിലിരിക്കുന്ന കക്ഷിയും പ്രതിപക്ഷത്തിന്റെ നേതൃത്വം കൊടുക്കുന്ന കക്ഷികളും ഒരുപോലെ താല്പര്യമായ ഒരു വീട്ടിലെ താല്പര്യമായ ഇണങ്ങൾക്കൊ താല്പര്യമായിട്ടുള്ള പ്രാമുഖ്യങ്ങൾക്കൊ വഴിപ്പെടാതെ ഈ ഉത്തരവാദിത്വഭരണത്തെ വളർത്തുകയാകുന്ന മഹാസംരംഭത്തിൽ ഏർപ്പെട്ടുകയാണു് വേണ്ടതു്. മറ്റു വിധത്തിൽ പ്രവർത്തിക്കുവാനുള്ള ആകർഷണങ്ങൾ വന്നേക്കാം. എന്നാലും എന്റെ കക്ഷിയിൽപെട്ടവരേയും എതിർത്തവരെ പല വിധത്തിൽ ആകർഷിച്ചു എന്നു വന്നേക്കാം. വളരെ കൊല്ലക്കാലം ഉത്തരവാദിത്വഭരണത്തിൽ പ്രവർത്തിച്ചു് ഇന്നു ലോകത്തിൽ ഏറ്റവും നല്ല രീതിയിൽ ഉത്തരവാദിത്വഭരണം നടക്കുന്ന ഇംഗ്ലണ്ടിൽപോലും ആ വിധത്തിൽ temptations പല അവസരത്തിലും ഉണ്ടായിട്ടുണ്ടു്. ഫസ്റ്റ് ഡസ്-ാമണ്ടിൽ ഇംഗ്ലണ്ടിൽ നടന്ന തിരഞ്ഞെടുപ്പിൽ ഒരു കള്ളെഴുത്തിനു വഴിക്കുവാൻ സാധിച്ച ആ പ്രസിദ്ധമായ ഭാഗം നിങ്ങളിൽ പലരും വായിച്ചിട്ടുണ്ടായിരിക്കും. ലേബർ ഗവർമ്മെണ്ടു രാജിവെച്ചു് ലേബർപാർട്ടിയും കൺസർവേറ്റീവ് പാർട്ടിയും ഇരുഭാഗങ്ങളായി നടത്തിയ തിരഞ്ഞെടുപ്പിൽ ലേബർ കക്ഷിക്കു പരാജയം ഉണ്ടാകുന്നതിന്നിടയാക്കുവാൻ റഷ്യ റിഗാ എന്ന സ്ഥലത്തു നിന്നു പുറപ്പെട്ടതു് എന്നു വ്യാജേന ഇംഗ്ലണ്ടിലേ കടലാസ്സിൽ എഴുതിവിട്ടുകൊണ്ടുള്ള കള്ളെഴുത്തായിരുന്നു സിനോന്നിംഗ് ലെറ്റർ. ഇംഗ്ലണ്ടിൽ ഈ വിധത്തിൽ temptations ഉണ്ടാകുകയാണെങ്കിൽ നമ്മുടെ രാജ്യത്തു temptations ഉണ്ടാകുന്നതിൽ അതുഭുതപ്പെടുവാനില്ല. പക്ഷെ ആകർഷണത്തിൽ പെടാതിരിക്കുവാൻ നാം ഇരുകക്ഷികളും ഒരുപോലെ ശ്രദ്ധിക്കേണ്ട സമയമാണിതു്.

"ആഴിതന്നടിയിലെ ക്രൂരരും പിശാചുക്കളും
ചുഴവേ വന്നതിക്കെട്ടിത്തീർവാൻ നിൽക്കെത്തനെ
നമ്മുടെ ഇരുദേവൻ കൊളുത്തിവച്ചാൻ ഫണ
നിർമ്മലം വിദ്യാദീപം നിസ്തുലം നിരാകമ്പം"

എന്നു് ഒരു കവി പറഞ്ഞിട്ടുണ്ടു്. നാനാ ഭാഗത്തുനിന്നും ഈ നാട്ടിലെ നിക്ഷിപ്തതാല്പര്യങ്ങൾ, ഒരു പുതിയ വ്യവസ്ഥ വരുന്നതുകൊണ്ടു പലവിധത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടെന്നു വിചാരിക്കുന്നു. ഈ രാജ്യത്തുള്ള നിക്ഷിപ്ത താല്പര്യങ്ങളായ കടലിന്നടിയിലെ പിശാചുക്കൾ വന്നു ആ പ്രകാശത്തെ ഊതിക്കെടുത്താതിരിക്കുവാനും അധികാരത്തിലിരിക്കുന്നവരുടേയും പ്രതിപക്ഷത്തിന്റേയും കാറ്റടിച്ചു കെടാതിരിക്കുവാനും ശ്രദ്ധാപൂർവ്വം നോക്കേണ്ടകാര്യമുണ്ടെന്നു ഈ സഭയെ ഞാൻ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. അങ്ങിനെയുള്ള സ്ഥിതിയായതു കൊണ്ടു കൂടിയാണു് ശ്രീ ബാലകൃഷ്ണമേനോൻ താനൊരു പ്രൊവിഷനൽ കംച്ചറൽ ഡെമോക്രാറ്റ്സിനെ സ്വാഗതം ചെയ്യുന്നു എന്നു പറഞ്ഞതു്. ഞാൻ ആ പ്രസ്താവന സ്വീകരിക്കുന്നു. ഇതിനുമുമ്പു് ഏതെല്ലാം വിധത്തിൽ ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ഇരുകൂട്ടരുടേയും ഈ നിയമസഭയിലെ താല്പര്യമായ പാർട്ടിയുടെ മാത്രമല്ല നിയമസഭയുടേയും ജനങ്ങളുടേയും ക്ഷേമത്തിനുവേണ്ടി ഈ രാജ്യത്തിന്റെ ഭാവിക്കുവേണ്ടി ഈ രാജ്യത്തിലെ ഉത്തരവാദഭരണത്തിന്റെ ചെടി വാടാതെ വളരുന്നതിനുവേണ്ടി പ്രധാനങ്ങളെ അദ്ദേഹവും അദ്ദേഹത്തിന്റെ പിന്നിലുള്ളവരും ബാക്കിയുള്ള എല്ലാവരും ഒരുപോലെ സ്വാഗതം ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ഇതിനുമുമ്പു് പല അവസരങ്ങളിലും പ്രതിപക്ഷത്തു നിന്നു്—ഞാൻ വ്യക്തികളെക്കുറിച്ചു പറയുന്നില്ല—ഇന്നത്തെ മിനിസ്ട്രിയുടെ ഭരണത്തെക്കുറിച്ചുണ്ടായിട്ടുള്ള എതിർപ്പുകൾ വേണ്ടിടത്തോളം കംച്ചറൽ ആയില്ലെങ്കിലും വേണ്ടിടത്തോളം കാര്യപൂർണ്ണമായില്ലെന്നുണ്ടെങ്കിലും നിയമസഭാ ഭരണ സമ്പ്രദായത്തിന്നില്ലാത്ത കേവലം നിസ്സാരമായ കാര്യങ്ങളെക്കുറിച്ചും അയഥാർത്ഥമായ കാര്യങ്ങളെക്കുറിച്ചുമാണു് പ്രധാനമായി വിമർശനങ്ങൾ ഉണ്ടായിട്ടുള്ളതു്. അതിനെ വിസ്മരിക്കുവാൻ ഞാൻ ഒരുക്കമാണു്. എന്റെ സഹപ്രവർത്തകന്മാരും ഒരുക്കമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സഭയിൽ ഇന്നും ഇന്നലേയും നടന്ന വിമർശനങ്ങൾ, ഞാൻ ഒരൊറ്റ വ്യക്തിയുടെ പേർ പറയണമെന്നു വിചാരിക്കുന്നില്ല, കംച്ചറൽ ഡെമോക്രസിയെന്നു സൂചിപ്പിക്കുന്ന വിമർശനങ്ങളാണോ ഇന്നത്തെ ഗവർമ്മെണ്ടിനു കിട്ടിയിട്ടുള്ളതെന്നു ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പത്തുകൊല്ലമായി നിയമസഭയിലും പുറത്തും ഉണ്ടായിട്ടുള്ളതു് എന്റെ ബഹുമാനപ്പെട്ട സുഹൃത്തായ ശ്രീ. കെ. ബാലകൃഷ്ണമേനോൻ അശേഷംപോലും ചോദ്യംചെയ്യാത്ത കേവലം കംച്ചറൽ ഡെമോക്രാറ്റായിരുന്നില്ല. ഞാൻ ഈ അവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

സഭത്തിൽ പറയുന്നതു് ഈ നിയമസഭയേയും ഒരു പുതിയ ദിനത്തിന്റെ പിറവി കാണുവാൻ അഗ്രഹിച്ചുകൊണ്ടിരിക്കുന്ന രാജ്യക്കാരേയും അഭിമുഖീകരിച്ചാണു് എത്ര നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടിയുള്ള എതിർപ്പിനെയാണു് നിയമസഭയിൽ ഈ മിനിസ്ട്രിക്കു് എതിരെ ഉണ്ടാവന്നിട്ടുള്ളതു്? അയഥാർത്ഥവും നിസ്സാരവും താല്ക്കാലികങ്ങളുമായുള്ള കാര്യങ്ങളെപ്പറ്റി നിലനില്ക്കാത്ത എതിർപ്പുകളും ഉണ്ടായതുമൂലം ശരിയായ എതിർപ്പുകളും ഉണ്ടായാൽപോലും നാട്ടുകാർ വിശ്വസിക്കുമോ എന്നു തോന്നത്തക്കവിധത്തിൽ അത്രയധികം കളവായ എതിർപ്പുകളും ഉണ്ടായിട്ടുണ്ടു്. ഞാൻ അതുകളെ എണ്ണിയെണ്ണി ഇവിടെ വിവരിക്കണമെന്നുദ്ദേശിക്കുന്നില്ല. അതു് ഇന്നത്തെ എന്റെ പ്രസംഗത്തിന്റെ രീതിക്കോ അതിന്റെ ഉദ്ദേശത്തിനോ യോജിച്ചതായിരിക്കയില്ല. എന്നാൽ ഈ നിയമസഭയിൽ നടന്ന ചോദ്യങ്ങളിൽ ചിലതിനു സമാധാനം പറയേണ്ട കാര്യമുണ്ടു്. നാം കഴിഞ്ഞകൊല്ലംവരെ ബഡ്ജറ്റു വിമർശനം നടത്തുന്ന അവസരത്തിൽ ഉപയോഗിച്ചിരുന്ന മുദ്രാവാക്യങ്ങൾ, ഉപയോഗിച്ചിരുന്ന ഫ്രേയിസസ്, ശൈലികൾ, അവയുടെ അർത്ഥം, അവയുടെ വ്യാപ്തി, പ്രയോഗം, പ്രയോജനം ഇവ വേണ്ടിടത്തോളം അറിയാതെ ഇന്നും ഇന്നലേയും ഈ നിയമസഭയിൽ ഉപയോഗിക്കുകയുണ്ടായിട്ടുണ്ടു്. ഫ്രഞ്ചുകാർ കക്കടകം ബഡ്ജറ്റു സമ്മേളനം കഴിയുന്നതുവരെ നാം ബഡ്ജറ്റിനെ വിമർശിക്കുവാൻ ഉപയോഗിച്ചിരുന്നതു നമുക്കു നീക്കംചെയ്യുവാൻ സാധിക്കാത്ത ടഞറി ബഞ്ചിലിരുന്നിരുന്ന ആളുകളെ അലതല്ലിക്കുന്ന വിമർശനങ്ങളാണു്. ഇന്നു് ഈ വിമർശനങ്ങൾ ചെയ്യുവാൻ എതിർപക്ഷത്തിരിക്കുന്നതായ സുഹൃത്തുക്കൾ, ഇന്നത്തെ പ്രതിപക്ഷം, നാളെ അധികാരത്തിൽ വരുവാനുള്ളവരാണു്. ഈ നിയമസഭയിൽ ചെയ്യപ്പെട്ടുന്ന പ്രസ്താവനകൾ ഈ നിയമസഭയിൽ ചെയ്യുന്ന പ്രസംഗങ്ങൾ ഈ നിയമസഭക്കു കൊടുത്തിട്ടുള്ള അതിയായ ബഹുമാനംമൂലം പലരും ശരിയാണെന്നു വിചാരിച്ചേക്കാം. എന്റെ ഒരു മാന്യസുഹൃത്തു പറഞ്ഞു—അദ്ദേഹം ആ വാക്കുകളുടെ വ്യാപ്തിയേയോ ആ വാക്കുകളുടെ അങ്ങേഅറ്റത്തുള്ള അർത്ഥത്തേയോ ആലോചിക്കാതെയായിരിക്കാം—ഹിതാനുവർത്തികൾക്കും സേവകന്മാർക്കും ഉദ്യോഗം കൊടുക്കുകയാണു് മന്ത്രിസഭയുടെ ജോലിയെന്നു്. ഞാൻ അതിൽ വിഷാദിക്കുന്നു. അദ്ദേഹം അതു വിശദമാക്കുമോ എന്നു ഞാൻ ചോദിക്കുന്നു. ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര ഉദ്യോഗനിയമനങ്ങൾ നടന്നിട്ടുണ്ടെന്നു് അദ്ദേഹം ആലോചിച്ചിട്ടുണ്ടോ? അങ്ങിനെ വെച്ചിട്ടുള്ള ഉദ്യോഗങ്ങളിൽ എത്രയെണ്ണം ഹിതാനുവർത്തികൾക്കും സേവകന്മാർക്കും കൊടുത്തിട്ടുണ്ടെന്നു് അദ്ദേഹം ആലോചിച്ചിട്ടുണ്ടോ? അങ്ങിനെ എത്ര ഉദ്യോഗങ്ങൾ മന്ത്രിമാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തിട്ടുണ്ടെന്നു് ഈ സഭയിൽ കണക്കുകൾമൂലം, ഉദാഹരണങ്ങൾമൂലം തെളിയിക്കപ്പെടാതിരിക്കുന്നിടത്തോളം കാലം ആ കല്ലേറു് ഈ നാലു മന്ത്രിമാരുടെ മേലുള്ള കല്ലേറായിട്ടല്ല ഉത്തരവാദിത്വഭരണത്തിന്റെ മേലുള്ള കല്ലേറായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. അതേമാതിരി പല പ്രസ്താവങ്ങളും ഇവിടെയുണ്ടായിട്ടുണ്ടു്. ഒരു കോപ്പറേറ്റീവ് ഡമോക്രസി വേണമെന്നു വാദിച്ച ശ്രീ. കെ. ബാലകൃഷ്ണമേനോന്റെ പ്രസംഗത്തിൽ ആവേശത്തിന്റെ തള്ളൽമൂലം കോപ്പറേറ്റീവ് ഡമോക്രസിക്കു യോജിക്കാത്ത ചില പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടെന്നു സുഹൃത്സഹജമായ സഹാനുഭൂതിയോടുകൂടി എടുത്തുകാണിക്കുവാൻ സാധിക്കും. അദ്ദേഹം ഒരു നിയമജ്ഞനാണു്. അദ്ദേഹം ഈ നിയമസഭയുടെ ബഹുമാനത്തെ അർഹിക്കുന്ന ഒരു വ്യക്തിയാണു്. എന്നിട്ടുപോലും ക്യാബിനറ്റിൽ നടന്ന ഒരു തീർപ്പിനെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ക്യാബിനറ്റിന്റെ തീർപ്പുകൾ സ്വകാര്യങ്ങളാണെന്നും അതു പുറത്തറിയുവാൻ മാർഗ്ഗമില്ലെന്നും അതു പുറത്തറിയപ്പെടുന്നതു ശരിയായ നിലയിലല്ലെന്നും ഇതിനകം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അദ്ദേഹം പറഞ്ഞവിധത്തിൽ ഒരു തീർപ്പുണ്ടായിട്ടില്ലെന്നും ക്യാബിനറ്റിന്റെ തീർപ്പുകൾ ഒന്നും തള്ളപ്പെടാത്തവിധം അത്ര ന്യായമായും ഭദ്രമായ രീതിയിലും മംഗിയായ വിധത്തിലും ക്യാബിനറ്റു വ്യവസ്ഥകൾ വാർത്തുവളർത്തിക്കൊണ്ടുവരുന്നുണ്ടെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

Mr. K. Balakrishna Menon *(Cheruthuruthy):* Will you please cite the instance?

Mr. P. Govinda Menon *(Minister for Food and Education):* That a certain Cabinet decision was taken and was not implemented.

Mr. K. Balakrishna Menon *(Cheruthuruthy):* I found it in His Highness' Proclamation.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഞാൻ അങ്ങിനെ വല്ല തെറ്റിധാരണകളുണ്ടാകുമെന്നു വിചാരിച്ചുമാത്രം പറഞ്ഞതാണു്.

അതേമാതിരി തന്നെ എന്നെ സംബന്ധിക്കുന്ന ഒരു കാര്യമായതുകൊണ്ടു് പ്രത്യകം എടുത്തുപറയുന്നതിനു ഏനിക്കു മടിയുണ്ടെങ്കിലും ഗവമ്മെണ്ടിന്റെ പേരിലുള്ള ആരോപണമായതുകൊണ്ടു് അതിനും മറുപടി പറയാതെ നിവൃത്തിയില്ല. ഫ ഫ ഫ കുംഭമാസത്തിൽ ഉണ്ടായ നിർഭാഗ്യകരമായ എലക്ഷൻ തിരഞ്ഞെടുപ്പുകേസ്സിന്റെ വിധിയെപ്പറ്റിയും അതിന്മേൽ ഗവമ്മെണ്ടെടുത്ത നടപടികളെപ്പറ്റിയും നാട്ടിൽ വിവരമില്ലാത്തവരൊ വിവരം വേണമെന്നു ആഗ്രഹമില്ലാത്തവരൊ മനപൂവ്വം ആക്ഷേപിക്കണമെന്നു വിചാരമുള്ളവരൊ എന്തുതന്നെ പറഞ്ഞാലും ശ്രീമാൻ ബാലകൃഷ്ണമേനോൻ മഹാരാജാവു തിരുമനസ്സിന്റെ പ്രത്യേകാധികാരം ഉപയോഗിച്ചു എന്നു പറഞ്ഞതു് ശരിയായില്ലെന്നു സവിനയം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

Mr. K. Balakrishna Menon *(Cheruthuruthy)*: Sir, mayI request the Hon'ble Minister not to cull out one particular sentence,

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മഹാരാജാവു തിരുമനസ്സിന്റെ പ്രിറോഗറ്റീവു പെഴ്വർ ഉപയോഗിച്ചു എലക്ഷൻ കമ്മിഷണർമാരുടെ റിപ്പോർട്ടു ഈ ഗവമ്മെണ്ടു തള്ളിക്കളഞ്ഞുവെന്നു ശ്രീമാൻ ബാലകൃഷ്ണമേനോൻ പറയുകയുണ്ടായി.

Mr. K. Balakrishna Menon *(Cheruthuruthy)*: I only pointed out that you would have been more proud if the Hon'ble Minister had accepted the Tribunal's verdict and created a convention on that way.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഒരു നിയമജ്ഞനായ അദ്ദേഹം പറയുമ്പോൾ അതുശരിയാണെന്നു വല്ലവരും ധരിച്ചുപോകും.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : കൺവെൻഷൻസു ഉണ്ടാക്കുവാനാണു പറഞ്ഞതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ജുഡീഷ്യറിയിൽ ഗവമ്മെണ്ടു കൈകടത്തി എന്നു അദ്ദേഹം പറഞ്ഞു. ഈ വിധത്തിലുള്ള ആക്ഷേപങ്ങൾ നിലനില്ക്കാത്തതാണെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നു. അതെന്തെങ്കിലും ആകട്ടെ. ഞാൻ ഈ വിഷയത്തെപ്പറ്റി കൂടുതൽ പറയണമെന്നു ആഗ്രഹിക്കുന്നില്ല. ഇനി കഴിഞ്ഞ കാര്യങ്ങളെപ്പറ്റി ആലോചിച്ചിട്ടു കാര്യമില്ല. സൌകര്യമുണ്ടെങ്കിൽ നിറുത്തുക, സൌകര്യമുണ്ടെങ്കിൽ വളർത്തുക: ഈ നാട്ടിലെ ഉത്തരവാദിത്വ ഭരണം വളർത്തുന്നതിനുവേണ്ടി ശക്തിയായ ന്യായമായ കാര്യങ്ങളിൽ എതിർക്കുകയും കാര്യമുള്ളപ്പോൾ ഗവമ്മേണ്ടിനോടു സഹകരിക്കുകയും ചെയ്യുന്ന ഒരു പ്രതിപക്ഷകക്ഷിയായി നില്ക്കുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ.—സാധിക്കുമെന്നാണു് എന്റെ വിശ്വാസം.—അതായിരിക്കും ഉത്തരവാദഭരണത്തിന്റെ വളർച്ചക്കു ഏറ്റവും വലിയ സഹായകമായ കാര്യം. ഇന്നു അധികാരത്തിൽ ഇരിക്കുന്നതു് ഞങ്ങളും നാലുപരായിരിക്കാം. നാളെ അധികാരത്തിൽ വരുന്നതു് വേറെ നാലുപരായിരിക്കും. എന്നാൽ ഈ നാട്ടിലെ ജനങ്ങളുടെ അധികാരമാണു് ഞങ്ങളും ഇന്നു പ്രതിനിധീകരിക്കുന്നതു്. ഈ നാട്ടിന്റെ ക്ഷേമത്തിനു വേണ്ടിയാണു് ഞങ്ങളും പ്രവൃത്തിക്കുന്നതു്. അതിനു ഞങ്ങളെ നിലനിറുത്തിയാൽ മാത്രമേ ഉത്തരവാദഭരണം വിജയിക്കുകയുള്ളു. അതിനുവേണ്ടി അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

ഇനി ബഡ്ജറിനെക്കുറിച്ചു സാമാന്യമായി ഉണ്ടായിട്ടുള്ള വിമർശനങ്ങളെക്കുറിച്ചു രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടു്. കഴിഞ്ഞ പത്തുമാസക്കാലത്തിനിടക്കു്, ഈ പരിവർത്തന ഘട്ടത്തിൽ വലിയ കാര്യമായൊന്നും ഗവമ്മെണ്ടിനു ചെയ്യുവാൻ സാധിച്ചില്ലെങ്കിലും തീരെ ദുർഭരണവും അന്യായവും കൂടാതെ ഭരണം നടത്തിക്കൊണ്ടുപോകുവാൻ സാധിച്ചുഎന്നഭിമാനിക്കാമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. എന്തുമെന്നാലും വലിയകാര്യങ്ങളാണൊ ഈ മന്ത്രിസഭ കഴിഞ്ഞ എട്ടുപത്തു മാസങ്ങൾക്കുള്ളിൽ ചെയ്യിട്ടുള്ളതെന്നു ചോദിക്കുവാൻ എനിക്കാഗ്രഹമുണ്ടു്. ഈ മന്ത്രിസഭയുടെ മേന്മയെപ്പറ്റി, ഈ മന്ത്രിസഭ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പറ്റി, ഗവമ്മെണ്ടു് കഴിഞ്ഞ പത്തുപന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ നടത്തിട്ടുള്ള കാര്യങ്ങളെപ്പറ്റി, ഇനി ഒരു കൊല്ലത്തേക്കു നടത്തുവാൻ ഉദ്ദേശിക്കുന്ന സംഗതികളെപ്പറ്റി ഞങ്ങളും അശേഷം ലജ്ജിക്കുന്നില്ലെന്നും അഭിമാനം കൊള്ളുവാൻ ആഗ്രഹിക്കുന്നുണ്ടെന്നും പറയുവാൻ ഞാൻ ഈ അവസരത്തെ വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ശ്രീമതി മ്സിസ്സ് ടി. ഫ്രാൻസിസ്സ് ഒരു ചോദ്യം ചോദിച്ചു "ഈ മന്ത്രിസഭ ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കുവേണ്ടി എന്തു് പ്രവൃത്തിച്ചിട്ടുണ്ടു്"" എന്നു്. ആ ചോദ്യത്തിനു സമാധാനം പറയാൻ സാധിച്ചാൽ ഈ മന്ത്രിസഭ വിജയിച്ചുവെന്നു ഞാൻ വിചാരിക്കുന്നു. പിന്നെ ശ്രീമാൻ ഇട്ടിരവിനയൂതിരി ഒരു ചോദ്യം ചോദിച്ചു. അതിനു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. വളരെ വാശ്ശാടിയോടുകൂടി, കൂടുതൽ നികുതി ചുമത്തുന്നതിനെപ്പറ്റി, അദ്ദേഹം താൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിനുവേണ്ടി വാദിക്കുകയുണ്ടായി. കൂടുതൽ നികുതി ചുമത്താതെ ഇന്നത്തെ രീതിയിൽ ഈ ഭരണം നടത്തിക്കൊണ്ടുപോകാൻ നിവൃത്തിയില്ലാത്തതിനാൽ, അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്കു മറുപടി പറയണമെന്നു ഞാനാഗ്രഹിക്കുന്നില്ല. മൂന്നു കോടി എഴുപത്തിനാലു ലക്ഷം രൂപ കഴിഞ്ഞ കൊല്ലത്തിൽ വരുമാനമുണ്ടായിരുന്നതു വർദ്ധിപ്പിച്ചു ഈ കൊല്ലത്തിൽ അതു നാലു കോടി ഇരുപതുലക്ഷം രൂപയുടെ ഒരു ബഡ്ജറാക്കാൻ കഴിഞ്ഞിട്ടുണ്ടു്. കമ്മി ബഡ്ജറിനെ ഭയപ്പെടേണ്ടതില്ലെന്നു ഒരവസരത്തിൽ പറഞ്ഞിട്ടുള്ള വ്യക്തികളും സാമാജികന്മാരും ഇപ്പോൾ മറവശത്തിരുന്നു പ്രസംഗിക്കുമ്പോൾ റിസർവ് ഫണ്ടിൽ കൈയിട്ടുവാരി എന്നും പറഞ്ഞു ആക്ഷേപിക്കുന്നു. കമ്മിബഡ്ജറു വരുന്ന അവസരങ്ങളിൽ അങ്ങിനെ ചെയ്യാറാണു് പതിവു്. ഇപ്പോൾ കമ്മിബഡ്ജറാണെന്നു പറഞ്ഞാക്ഷേപിക്കുന്നു. കമ്മിബഡ്ജറായില്ല എന്നു പറഞ്ഞും ആക്ഷേപിക്കുന്നു. ഇങ്ങിനെ രണ്ടുതരത്തിലുള്ള ആക്ഷേപങ്ങളുണ്ടായിട്ടുണ്ടു്. ഈ നാട്ടിലെ ജനങ്ങൾ ആശിച്ചിരുന്ന എത്രയോ കാര്യങ്ങൾ മന്ത്രിസഭയ്ക്കു ചെയ്യാൻ കഴിഞ്ഞിട്ടുണ്ടു്. അതേസമയം എത്രയോ കാര്യങ്ങൾ ഇനി ചെയ്യാനുണ്ടെന്നുള്ളതും വിസ്മരിക്കുന്നില്ല. അതൊക്കെ ഇവിടെയെടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പൊതുജനങ്ങൾക്കുവേണ്ടി ചെയ്യാനുള്ളതൊക്കെ ഈ പത്തു മാസങ്ങൾക്കുള്ളിൽ ചെയ്തുതീർന്നിരിക്കുമെങ്കിൽ, ജനകീയമായ പുരോഗതി, വളരെ അവസാനിച്ചിരിക്കുന്നു എന്നു പറയേണ്ടിവരും. മനുഷ്യർക്കു എപ്പോഴും എന്തുചെയ്തു എന്നു ചോദിക്കാനുള്ള ഒരു വാസനയുള്ളതുകൊണ്ടാണു് പുതിയ പുതിയ വ്യവസ്ഥകൾ ലോകത്തിലുണ്ടാകുന്നതു്. ഒരു ദിവസവും "എന്തുചെയ്തു" എന്ന ചോദ്യം അവസാനിക്കയില്ല. ഉപനിഷത്തിൽതന്നെ "നേതി, നേതി" അതായതു് "ഇതല്ല, ഇതല്ല" എന്നു പറഞ്ഞു കൂടുതൽ അന്വേഷണം തുടങ്ങിയതുകൊണ്ടാണു് സത്യത്തിൽ എത്തിച്ചേർന്നതെന്നു പറയുന്നുണ്ടു്. അതുപോലെ ഗവൺമെണ്ടു പരമാധികാരത്തിലെത്തിച്ചേരുന്നതു് "എന്തു ചെയ്തു, എന്തു ചെയ്തു്" എന്ന ചോദ്യം കൊണ്ടാണു്. മിസ്റ്റർ ഇട്ടിരവി നമ്പൂതിരി പറഞ്ഞതുപോലെ നൂറു ലക്ഷം രൂപാമാത്രം വരവുണ്ടായിരുന്ന കാലത്തു് ഒരു വിധത്തിലുള്ള ശുശാനശാന്തി, ഒരു വിധത്തിലുള്ള സ്വസ്ഥത ഉണ്ടായിരുന്നിരിക്കാം. അന്നു ഗവൺമെണ്ടു് എന്തു ചെയ്താലും അതിനെക്കുറിച്ചു ചോദിക്കാനുള്ള ശക്തി ജനങ്ങൾക്കുണ്ടായിരുന്നില്ല. ജന്മം മാറിവരുന്ന ഒരന്തരീക്ഷത്തിൽ ജനങ്ങൾക്കു അതിനെക്കുറിച്ചു ചോദ്യം ചെയ്യാനുള്ള തന്റേടമുണ്ടായിട്ടുണ്ടു്. ഈ നാട്ടുകാരും ഈ നിയമസഭയും ആവർത്തിച്ചാവർത്തിച്ചു ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണു് മദ്യവർജ്ജനം. അതിന്റെ ആദ്യത്തെപ്പടി എടുക്കാൻ അതിനായേണ്ടി നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു ചിറ്റൂർ താലൂക്കിൽ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു. "എന്തു ചെയ്തു, എന്തു ചെയ്തു" എന്ന ചോദ്യത്തിനു് അല്ലതെന്നയാണു് മറുപടി. പിന്നെ പബ്ലിക്ക് ഹെൽത്തു മന്ത്രിപുതിയ ആശുപത്രികൾ ഉണ്ടാക്കാനായി, വൈദ്യസഹായം കൂടുതൽ ജനങ്ങൾക്കു കൊടുക്കാനായി ഈ വരുംകൊല്ലത്തെ ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള സംഖ്യകൾ നോക്കിയാൽ ഏകദേശം പത്തുലക്ഷം രൂപയോളം വരുമെന്നു കാണാം. ഇതു് "എന്തുചെയ്തു, എന്തുചെയ്തു" എന്ന ചോദ്യത്തിനുള്ള സമാധാനമല്ലെ? ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കുവേണ്ടി 'എന്തുചെയ്തു' എന്ന ചോദ്യത്തിനു ഞാൻ സമാധാനം പറയാം. ഈ നാട്ടിലെ ജനങ്ങൾ മുഖ്യമായി കൂട്ടിയിരുന്നതു്, ഈ നാട്ടിലെ ദേവസ്വങ്ങൾ, പള്ളികൾ, ജന്മികൾ എന്നീ സ്ഥാനങ്ങളിൽനിന്നു നെല്ലു് എടുക്കാതെ ഒഴിവാക്കി ആ സ്ഥാനങ്ങളുടെ മുമ്പിൽ അധികാരികൾ തലകനിക്കുന്നുവെന്ന ആക്ഷേപമായിരുന്നു. ഈ ആക്ഷേപത്തിനു പരിഹാരമുണ്ടാക്കത്തക്കനിലയിൽ കൊച്ചിരാജ്യത്തിലെ ദേവസ്വങ്ങളിലെ നെല്ലു മുഴുവൻ എടുപ്പാൻ തീരുമാനിച്ചു് ഒരു പദ്ധതിയുണ്ടായിട്ടുണ്ടു്. ഇതു് "എന്തു ചെയ്തു, എന്തു ചെയ്തു" എന്ന ചോദ്യത്തിനു, സാധാരണ ജനങ്ങൾക്കു വേണ്ടി ഉണ്ടാക്കീട്ടുള്ള ഒരു പദ്ധതിയല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഈ നാട്ടിലെ ജനങ്ങൾ, കടി കഴിപ്പിക്കുകകൊണ്ടു ബുദ്ധിമുട്ടിയിരുന്ന ജനങ്ങൾ, അവർക്കു വേണ്ടി—ഈ സഭയുടെ ആലോചനയനുസരിച്ചു് വീടില്ലാത്ത അത്തരം ജനങ്ങൾക്കു—ഒരു ഭവനനിർമ്മാണപദ്ധതി ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

അതു നടപ്പിൽ വരുത്തുന്നതുവരെ, കടി ഒഴിപ്പിക്കൽ നിറുത്തിവെക്കാൻ വിളംബരം കൊണ്ടു വന്നു. "എന്തു ചെയ്യ" "എന്തു ചെയ്യ" എന്നു ചോദിക്കുന്നവരോടു ഈ നടപടി സാധാരണ ജനങ്ങൾക്കു വേണ്ടിയുള്ള ഒന്നല്ലേ എന്നു ഞാൻ ചോദിക്കുന്നു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിന്റെ കാര്യം പറഞ്ഞാൽ അനേകകാലമായി ശരിയായ ശമ്പളമില്ലാതേയും ഗ്രാന്റ് ഇല്ലാതേയും കഷ്ടപ്പെട്ടുകിടന്നിരുന്ന അനേകപ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളം വർദ്ധിപ്പിച്ചു, ഗ്രാന്റു കൊടുപ്പിച്ചു, അങ്ങിനെ അവർ അർഹിക്കുന്നതിൽ കുറെയെങ്കിലും നൽകാൻ കഴിഞ്ഞതിട്ടുണ്ട്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ പ്രൈമറിവിദ്യാഭ്യാസത്തിനു നിക്കിവെച്ചിട്ടുള്ള തുകയും ഈ കൊല്ലത്തെ ബഡ്ജറ്റിൽ പ്രൈമറി വിദ്യാഭ്യാസത്തിനു നിക്കിവെച്ചിട്ടുള്ള തുകയും കൂടി നോക്കിയാൽ ൧൦ ലക്ഷം രൂപ ഈ കൊല്ലം കൂടുതൽ നീക്കിവെച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്. ക്ഷാമബത്ത മുഴവൻ, ഗ്രാന്റു കിട്ടാത്തവർക്കു ഗ്രാന്റു്, ഇതൊക്കെ കൊടുത്തിട്ടുണ്ടു്. കഴിഞ്ഞ കൊല്ലത്തിൽ ഒരൊറ്റ പ്രൈമറിസ്കൂൾപോലും സഹായധനം കിട്ടാതെ വരാതെയിരിക്കത്തക്ക നിലയിൽ വേണ്ടതു ചെയ്തിട്ടുണ്ടു്. ൧൦ ലക്ഷം രൂപാ ഒരു കൊല്ലംകൊണ്ടു പ്രൈമറിവിദ്യാഭ്യാസത്തിനു വേണ്ടി കൂടുതൽച്ചിലവു ചെയ്തിട്ടും കുറവുപറയുന്നവർക്കു് ഇനിയും മുഴവനായിട്ടില്ലെന്നു പറയാൻ കഴിയും. ഞാൻ പറയുന്ന മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ കുറവു പറയുന്നതുപോലെ അവർ ഇനിയും നന്നാകുന്നില്ല, പഠിക്കുന്നില്ല എന്നിങ്ങിനെ പറയുന്നതുപോലെ മാത്രമേ ഇവരുടെ ഈ ആക്ഷേപങ്ങളെ ഞാൻ കണക്കാക്കുന്നുള്ളു. പ്രൈമറിവിദ്യാഭ്യാസബില്ലിൽ ശരിയായില്ല എന്നൊക്കെ കുറവു പറയുന്നതു കേട്ടു. ഞാൻ പറഞ്ഞമാതിരി മാതാപിതാക്കന്മാർ കുട്ടിയെ കുറവു പറയുന്നതുപോലെ പറഞ്ഞുവെന്നു കണക്കാക്കുന്നതല്ലാതെ അതു കേട്ടു ചാടിമറിയാൻ പോകുന്നില്ല. നൂറാളും ന്യായവിലഷാപ്പുകളുണ്ടായിരുന്നു. അതു സൊസൈറ്റികൾക്കു വിട്ടുകൊടുക്കണമെന്നു ജനങ്ങൾ പറഞ്ഞതിരുന്നു. അതനുസരിച്ചു് ആ ഷാപ്പുകൾ കോ-ഓപ്പറേറ്റിവു സൊസൈറ്റിക്കു വിട്ടുകൊടുത്തു. ഇനി വല്ലതും ഒന്നോ രണ്ടോ ഷാപ്പുകളുണ്ടെങ്കിൽത്തന്നെ അതു് ഈ കൊല്ലാവസാനത്തിനു മുമ്പു വിട്ടുകൊടുക്കുന്നതുമായിരിക്കും. അഭിമാതിരിതന്നെ വാടകക്കു താമസിക്കുന്നവർക്കു നേരിടുന്ന ചില ബുദ്ധിമുട്ടുകളെ പരിഗണിച്ചു വാടകനിയന്ത്രണവിളംബരത്തിൽ ചില ഭേദഗതികൾ വരുത്തി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. ഇങ്ങിനെ പലതും ഈ ഒരു കൊല്ലത്തിനുള്ളിൽ ചെയ്തിട്ടുണ്ടു്. ചെയ്തിട്ടുള്ള പ്രവൃത്തികളുടെ മുഴവൻ ഒരു നിണ്ട പട്ടിക ഇവിടെ വെയ്ക്കാനാഗ്രഹിക്കുന്നില്ല. ഇതു കണക്കിക്കൊണ്ടുവന്നിട്ടുമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* About the last rent control orders, Sir what are the orders?

Mr. P. Govinda Menon *(Minister for Food and Education):* The Minister in charge will explain it.

സർ, ഇങ്ങിനെ നോക്കിയാൽ ഞങ്ങളുടെ ദൃഷ്ടിലഹസ്സങ്ങളിൽ എല്ലിച്ചിട്ടുള്ള സംഗതികളിൽ ചിലതൊക്കെ ചെയ്തതിക്കാൻ സാധിച്ചിട്ടുണ്ടെന്നു കാണാം. ഇനിയും പലതും ചെയ്യാനുണ്ടു്. കുന്നിന്റെ ഒരു ഭാഗം മാത്രമേ ചവിട്ടിക്കയറിയിട്ടുള്ളു. ഇനിയും അധികം ഭാഗം കയറാൻ കിടക്കുന്നതേയുള്ളു. ഞങ്ങൾ അതിൽ അജ്ഞരല്ല. ശ്രീമാൻ കൃഷ്ണനെഴുത്തച്ഛന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചുപോലെ ഇനി പലതും ചെയ്യാനുണ്ടു്. ഇതിനകം പലതും ചെയ്തുകഴിഞ്ഞിട്ടുമുണ്ടു്.

ശ്രീമാൻ ബാലകൃഷ്ണമേനോന്റെ പ്രസംഗത്തിൽ രാജ്യത്തിൽ സർവ്വത്ര നടമാടിക്കൊണ്ടിരിക്കുന്ന തൊഴിൽക്ഷുപ്പത്തെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ഈ കുഴപ്പത്തിന്റെ കാരണങ്ങളെക്കുറിച്ചു നമ്മുടെ നാട്ടുകാർ വേണ്ടിടത്തോളം ധരിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഈ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഒരു പുതിയ ഉന്മേഷം, ഒരു പുതിയ ആശ നാട്ടിലെങ്ങുമുണ്ടായിട്ടുണ്ടു്. കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കിടയിൽ തൊഴിലാളി നേതാവു മിസ്റ്റർ ആറ്റ്ലി ഭരിക്കുന്ന, ലേബർ ഗവൺമെണ്ടു ഭരിക്കുന്ന ഇംഗ്ലണ്ടിൽ ൪,൦൦൦ സ്ട്രൈക്കുകളുണ്ടായിട്ടുണ്ടു്. ഇൻഡ്യയിലെങ്ങുമുണ്ടായിക്കൊണ്ടിരിക്കുന്ന നിണ്ട സ്ട്രൈക്കുകളെക്കുറിച്ചു മിനിഞ്ഞാന്നു മാത്രമാണു് മഹാത്മാ ഗാന്ധി അദ്ദേഹത്തിന്റെ പ്രാർത്ഥനാപ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായതു്. ഞങ്ങളേക്കാൾ വലിയ ആളുകൾ, സുപ്രസിദ്ധനേതാക്കന്മാർ ഭരിക്കുന്ന, കോൺഗ്രസ്സു ഗവൺമെണ്ടു ഭരിക്കുന്ന, സ്ഥലങ്ങളിലും വലിയ വലിയ സ്ട്രൈക്കുകൾ നടക്കുന്നുണ്ടെന്നു നിങ്ങളോർക്കണം. മദ്രാസിൽ നടക്കുന്ന ബി. ആൻറ് സി. മില്ലിലെ കുഴപ്പം നിങ്ങൾക്കറിയാം. ഇങ്ങിനെ നാട്ടിലെങ്ങും ഉണ്ടാകുന്ന കുഴപ്പങ്ങളുടെ അലകൾ ഇവിടേയും അടിക്കാതെയിരിക്കയില്ല. എങ്കിലും ഇൻഡ്യയിലെ മറ്റൊരുഭാഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ത്തേക്കാളും കൂടുവാണ് ഇവിടത്തെ തൊഴിൽക്കുഴപ്പമെന്നു കാണാൻ കഴിയും. എറണാകുളത്തുള്ള മിനറൽ ഓയിൽ കമ്പനികളും, ചാലക്കുടി പോട്ടറീസ്, പുതുക്കാട് അളകപ്പ ടെക്സ്റ്റയിൽസ്, തൃശ്ശിവപേരൂർ സീതാറാം ടെക്സ്റ്റയിൽസ് മുതലായ സ്ഥാപനങ്ങളും കഴിച്ചാൽ ബാക്കി പത്തും ഇരുപതും തൊഴിലാളികളും മാത്രമുള്ള സ്ഥാപനങ്ങളാണ് നമ്മളുടെ രാജ്യത്തിലുള്ളതു്. ഈ സ്ഥാപനങ്ങളിൽ കുഴപ്പമുണ്ടായിട്ടുള്ള അവസരങ്ങളിൽ മജിസ്ട്രേട്ടനെ, അഡ്ജൂഡിക്കേറ്ററെ, നിയമിക്കുകയും അതുകൊണ്ടു പല നേട്ടങ്ങളും തൊഴിലാളികൾക്കുണ്ടാകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുമാത്രം തൊഴിലാളികളും സംതൃപ്തരാണെന്നോ, അവരുടെ കാര്യങ്ങളും മുഴുവൻ നേടിയെന്നോ ഞാൻ അഭിമാനിക്കുന്നില്ല. പിന്നെ പത്തും ഇരുപതും ആളുകളും മാത്രമുള്ള ചില സ്ഥാപനങ്ങളിൽ കുഴപ്പമുണ്ടാകാവുണ്ടു്. അതിനെക്കുറിച്ചു്, ദുരുദ്ദേശത്തോടുകൂടിത്തന്നെ ആയിരിക്കണം, വെണ്ടക്കാ അക്ഷരത്തിൽ ചില പത്രങ്ങളിൽ പരസ്യപ്പെടുത്തിക്കാണാവുണ്ടു്. ഉദാഹരണത്തിനു ഫൻ ആളുകളും മാത്രമുള്ള ഒരു സ്റ്റൈക്കിനെക്കുറിച്ചും ഹാർബറിൽ ൧,൦൦൦ ആളുകളും നടത്തിയ സ്റ്റൈക്കിനെക്കുറിച്ചും ഒരു പത്രത്തിൽ, ഒരേ അക്ഷരത്തിൽ, മത്തങ്ങാവലിപ്പത്തിൽ റിപ്പോർട്ടുചെയ്തിരിക്കുന്നതു ഞാൻ കണ്ടു. ഈ തൊഴിൽശാലകളിലുണ്ടാകുന്ന കുഴപ്പങ്ങൾക്കു് അപ്പോഴപ്പോൾതന്നെ പരിഹാരമുണ്ടാക്കാവുമുണ്ടു്. മറവസ്ഥലങ്ങളിലെപ്പോലെ ഇവിടേയും അസ്വസ്ഥതകളില്ലെന്നു പറയുന്നില്ല. എന്നാൽ പലതരത്തിലുള്ള വിപരീതശക്തികളും, ഗവർമ്മെണ്ടിനെ ബുദ്ധിമുട്ടിക്കാനാണെന്നു പറയുന്നില്ല, സമുദായത്തെ ബുദ്ധിമുട്ടിക്കാൻ നോക്കീട്ടുണ്ടു്. ഈ സ്റ്റൈക്കുകളൊന്നും ഗവർമ്മെണ്ടിനെ മുട്ടുകുത്തിക്കാനുള്ളതാണെന്നു ഞാൻ കരുതുന്നില്ല. സ്റ്റൈക്കുകൾ മുതലാളികളും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങളാണു്. അതു പരിഹരിക്കുന്നതിനാവശ്യമായ നിയമങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ഈ സെഷനിൽതന്നെ രണ്ടു ബില്ലുകൾ അവതരിപ്പിച്ചിട്ടുള്ള സംഗതി ബഹുമാനപ്പെട്ട മെമ്പർമാർക്കറിയാം. ഇങ്ങിനെയുള്ള പല കാര്യങ്ങളും ഇനിയും നടപ്പിൽ വരാനുണ്ടു്. ഈ ഗവർമ്മെണ്ടിനു കഴിഞ്ഞ പത്തുമാസങ്ങൾക്കുള്ളിൽ ചിലതൊക്കെ ചെയ്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ നമ്മൾക്കെന്നല്ല, ഇൻഡ്യയിലെവിടേയും കാണുന്ന ഒരു പതിവാണ വിജയത്തെ പരാജയമായി കണക്കാക്കുക എന്നതു്. നമ്മൾ എപ്പോഴും ആശാഭരിതമായ ഒരന്തരീക്ഷത്തിൽ നിച്ചുനന്നതിനു പകരം നിരാശാഭരിതമായ ഒരന്തരീക്ഷത്തിന്റെ അടിത്തട്ടിലേക്കു താഴ്ന്നുപോകുന്നു. എതു കുഴപ്പം വരുമ്പോഴും നിരാശരാകാതെ ഉറച്ചുനില്ക്കാനുള്ള ഒരു പരിചയം നിർഭാഗ്യവശാൽ ഭാരതീയർ സമ്പാദിച്ചുകഴിഞ്ഞിട്ടില്ല. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് ഡങ്കർക്കിൽവെച്ചു വലിയൊരു പരാജയം ഇംഗ്ലീഷുകാക്കുണ്ടായി. അവർ അവിടെനിന്നു തോറ്റോടിപ്പോയി. എന്നാൽ ആ പരാജയത്തിൽ നിരാശരാകാതെ അതു മുൻകൂട്ടി തീർച്ചയാക്കപ്പെട്ട ഒരു പിൻവാങ്ങലായി, ആ നിലയിൽ അതൊരു വിജയമായി പോലും കരുതപ്പെട്ട ആ നാട്ടുകാരിൽനിന്നു നമ്മൾക്കു പലതും പഠിക്കാനുണ്ടു്. നമ്മളുടെ വലിയൊരു വിജയമാണു് ഉത്തരവാദിത്വഭരണം ലഭിച്ചതു്. അതിനെക്കുറിച്ചു സ്തുതിക്കാനും അതിന്റെ നേട്ടങ്ങളെക്കുറിച്ചു അഭിമാനിക്കാനും ഒരുങ്ങുന്നതിനു പകരം ഉത്തരവാദിത്വഭരണമാകുന്ന ശിശുവിനെ നിഹനിക്കാനൊരുമ്പെടുന്ന നിക്ഷിപ്തതാല്പര്യക്കാരായ പല കംസന്മാരും ഈ രാജ്യത്തിലുണ്ടെന്നു് എനിക്കറിയാം. നമ്മൾ അറിയാത്ത അവരുടെ വലയിൽ പെട്ടുപോകരുതു്. ശ്രീമാൻ അയ്യപ്പനേയും, ശ്രീമാൻ ഉയുണ്ണിയേയും, ശ്രീമാൻ ടി. കെ. നായരേയും, ശ്രീമാൻ പനമ്പിള്ളിയേയും കുറിച്ചു് ഒരു കള്ളംപറയുകയാണെങ്കിൽ അതു തല്ക്കാലത്തേക്കുള്ള ഒരു വിനോദമായിത്തീരുമെന്നു കരുതി അങ്ങിനെ ചെയ്യാവുണ്ടു്. എന്നാൽ തല്ക്കാലത്തേക്കുള്ള വിനോദം മാത്രം ഉദ്ദേശിച്ചു് അങ്ങിനെ കള്ളംപറയുന്നവർ ആരെക്കുറിച്ചു പറയുന്നുവോ അവർ ചെയ്തിട്ടുള്ള പല നല്ല കാര്യങ്ങളും വിസ്മരിച്ചുപോകാവുണ്ടെന്നുള്ളതും വാസ്തവമാണു്. പനമ്പിള്ളിയെക്കുറിച്ചു പറഞ്ഞാൽ ക്ഠ രൂപ, മിസ്റ്റർ നായരെക്കുറിച്ചു പറഞ്ഞാൽ @ രൂപ എന്നിങ്ങിനെ ചില സ്ഥലങ്ങളിൽ റെയിറവരന്നെ വീണിട്ടുണ്ടു്. മിസ്റ്റർ നായർ എന്നെക്കാൾ മോശക്കാരനാണെന്നുള്ളതുകൊണ്ടല്ല, എന്നോടു കൂടുതൽ ദ്വേഷ്യമുള്ളതുകൊണ്ടു കൂടുതൽ ചീത്തിക്കാമല്ലോ എന്നു വെച്ചാണു്. ഇങ്ങിനെയുള്ള കുഴപ്പങ്ങളിൽ വീണുപോകാതെ നോക്കേണ്ടതാണു്. ഒരു സംഗതികൂടി പറയേണ്ടതുണ്ടു്. ക്രിമിനൽ നിയമഭേദഗതിയെക്കുറിച്ചും അന്നിക്കാട്ടെ അടിയന്തിരക്കല്യാണകളെക്കുറിച്ചും അഞ്ചാറു സഹോദരന്മാരെ തടങ്കലിൽ വെച്ചിരിക്കുന്നതിനെക്കുറിച്ചും പറയുകയുണ്ടായി. മിസ്റ്റർ ഡീവർ ഇന്നലെ പ്രസംഗിച്ചകൂട്ടത്തിൽ മന്ത്രിഭരണത്തെക്കുറിച്ചുള്ള വിമർശനങ്ങൾക്കു മറുപടി എന്ന നിലയിൽ ചിലതു സ്പർശിക്കയുണ്ടായി. അ

LIBRARY ARCHIVES Kerala Legislative Assembly

ഈ മന്ത്രിമാരുടെ ചുമതലയിൽനിന്ന് അവരെ ഒഴിവാക്കാനായിട്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം ദിവാൻജിയെ ആക്ഷേപിച്ചിട്ടില്ല. ദിവാൻസ്ഥാനത്തെക്കുറിച്ചു ആക്ഷേപിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അവിടെ നടന്ന സംഭവങ്ങളൊക്കെ ദിവാൻജി അവർകൾ തനിച്ചു നടത്തിയതാണെന്നു പാഞ്ഞു് ഒഴിഞ്ഞുമാറാനുള്ള ധീരതപോലും ഞങ്ങൾക്കില്ല. അതിന്റെ ചുമതല ഏല്ക്കാൻ ഞങ്ങൾ തയ്യാറാണ്. ഈ പരിവർത്തനഘട്ടത്തിൽ ഞങ്ങളുടെകൂടെ എത്രയോ വലിയ ശക്തന്മാരായ നേതാക്കന്മാർ, ഞങ്ങളുടേതിനേക്കാൾ എത്രയോ ശക്തിയുള്ള ഗവണ്മെണ്ടു്, സ്റ്റേറ്റിന്റെ ആസ്തിത്വത്തെ ചോദ്യംചെയ്യുന്ന ശക്തികളെ തടയാനായി ഇങ്ങിനെയുള്ള ചില നിയമങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. മദ്രാസിലും യുണൈറ്റഡ് പ്രോവിൻസിലും നെഹ്റുവിനെപ്പോലെ ലോകോത്തരന്മാരായ നേതാക്കന്മാർ ഭരണം നടത്തുന്ന സ്ഥലങ്ങളിലും ഇങ്ങിനെയുള്ള കഴപ്പുകളും അതിനെ തടയാനുള്ള നിയമങ്ങളും ഉണ്ടായിട്ടുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

Mr. K. Balakrishna Menon *(Cheruthuruthy):* But I suppose that in Madras and other places there is an Advisory Committee.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Yes, I am coming to that. ക്രിമിനൽ നിയമഭേദഗതി തല്ക്കാലത്തേയ്ക്കുവേണ്ടി പ്രത്യേകാധികാരം പ്രയോഗിച്ചു നിയമമാക്കി. പ്രജായത്തസിദ്ധാന്തത്തെമാനിച്ചു സഭയുടെ അഭിപ്രായം അറിയാനായി അതു ഈ സഭയിൽ വെച്ചതിനെക്കുറിച്ചുപോലും ചില മെമ്പറന്മാർ ആക്ഷേപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തൊഴിലാളി മെമ്പരുടെയും അദ്ദേഹത്തിന്റെ പാർട്ടിയിലുള്ളവരുടെയും അതുപോലെ ഈ സഭയിലെ മറ്റു മാന്യമെമ്പറന്മാരുടെയും അഭിപ്രായം അറിഞ്ഞു ഏതുതരത്തിലുള്ള ഒരു നിയമമാണു ഇന്നത്തെ പരിതഃസ്ഥിതിയിൽ അതിനെ നേരിടാനാവശ്യമെന്നു തീരുമാനിക്കുന്നതിനുവേണ്ടിയാണു അതു നിയമസഭയിൽ കൊണ്ടുവന്നതു്. കഴിഞ്ഞ ഇടവം വൃശ്ചിക-അന്തിക്കാട്ട നിർഭാഗ്യവശാലുണ്ടായ സംഭവങ്ങൾപോലെയുള്ള സംഭവങ്ങൾ രാജ്യത്തിലുണ്ടാകാതെയിരിക്കാൻ വേണ്ടി ചില നടപടികളെടുക്കുകയുണ്ടായി. ആ നടപടികളെടുത്തതു ഈ സഭയ്ക്കു സമ്മതമല്ലെങ്കിൽ ആ സമയം മുതൽ അതു നിറുത്തൽചെയ്യുന്നതാണു്. അതിന്റെ അനന്തരഫലങ്ങൾ ഉണ്ടാകുന്നതുമാണു്. ഇടവം വൃശ്ചിക ആ സംഭവമുണ്ടാകുന്നതിനുമുമ്പു അന്തിക്കാട്ട കഴപ്പു തീർക്കാൻവേണ്ടി മന്ത്രിമാരും ദിവാൻജിയും ഈ സഭയിലെ ചിലമെമ്പറന്മാരും എത്രതവണയാണു; ഏതെല്ലാം പ്രകാരത്തിലാണു പ്രവൃത്തിച്ചിട്ടുള്ളതെന്നതിനെകയും കണക്കുമില്ല. ഓരോ അവസരങ്ങളിലും ഈ കാര്യം ന്യായമായ വിധത്തിൽ തീർപ്പുചെയ്യാനായി മന്ത്രിമാരും ദിവാൻജിയും ഒരുമിച്ചും വെവ്വേറെ ആയും പരിശ്രമിച്ചിട്ടുണ്ടു്. അവിടെ ചെത്തുതൊഴിലാളികൾക്കു വേണ്ടി വാദിക്കാൻ വന്നിട്ടുള്ള എല്ലാപേർക്കും എന്നതന്നെപറയാം ഞങ്ങളുടെ അഭിപ്രായങ്ങൾ സമ്മതമായിരുന്നു. പക്ഷെ, ആ അഭിപ്രായങ്ങൾ സ്വീകരിക്കാൻ ചെത്തുതൊഴിലാളികളുടെ നേതാക്കന്മാർക്കിഷ്ടമില്ലായിരുന്നു. അതിന്റെ ഫലമായിട്ടാണു അവിടെ അക്രമങ്ങളുണ്ടായതു്. അക്രമങ്ങളുണ്ടാകുന്നതിനു മുമ്പു, അക്രമങ്ങളുണ്ടാകാത്ത സ്ഥലങ്ങളിൽ നിരോധന നടപടികളെടുക്കുന്നതു ഒരു തരത്തിലും ധർമ്മമായിരിക്കുകയില്ലെന്നു വെച്ചാണു ഇടവം വൃശ്ചിക-ക്കുശേഷം മാത്രം ഇത്തരം നടപടികളെടുത്തതു്. മന്ത്രിസഭ അധികാരം കൈയേറ്റതോടുകൂടി അന്നുതന്നെ സകല രാഷ്ട്രീയതടവുകാരേയും വിട്ടയൽ ചെയ്യുകയുണ്ടായി. അതിനുശേഷം പത്രമാരണ നിയമമെന്നു പറഞ്ഞു ആക്ഷേപിച്ചിരുന്ന പ്രസ് ആക്ടു് ഈ നിയമസഭ റദ്ദുചെയ്യുന്നതിനു പാസാക്കിയതും സഭ വിട്ടു അതു ഗവണ്മെണ്ടു റദ്ദുചെയ്തുകയുണ്ടായി. പത്രങ്ങളുടെ സ്വാതന്ത്ര്യം ഇല്ലാതെയാക്കണമെന്ന വിചാരമുള്ള ഗവണ്മെണ്ടായിരുന്നെങ്കിൽ നിലവിലുള്ള നിയമം ഇല്ലാതെയാക്കിട്ടു പിന്നിട മറെറാരു നിയമമുണ്ടാക്കാൻ ബുദ്ധിമുട്ടമോ? ഗവണ്മെണ്ടു ജനങ്ങൾക്കുകൊടുക്കുന്ന പൌരസ്വാതന്ത്ര്യങ്ങൾ മാനിക്കുമെന്ന വിശ്വാസത്തോടുകൂടി യാതൊരു പ്രത്യേകനിയമവും സ്റ്റാറ്റ്യൂട്ടറി ബുക്കിൽ വെക്കാതെയിരുന്നതിനുശേഷം ഇടവം വൃശ്ചിക-ഉണ്ടായ അനിഷ്ടസംഭവങ്ങൾക്കു ശേഷമാണു പ്രത്യേക നിയമമുണ്ടാക്കേണ്ടിവന്നതു്. ഇടവം വൃശ്ചിക-തെങ്ങിന്റെ കുല ചെത്തിയതിനുശേഷം ആ തെങ്ങിന്റെ ഉടസ്ഥന്മാരും ആ തെങ്ങുചെത്തുന്നവരും ആനാട്ടിലെ സാമാന്യ ജനങ്ങളും ഗവണ്മെണ്ടിന്റെ രക്ഷയെ അർഹിക്കുന്നവരാണു്. ഇത്തരത്തിലുള്ള നിയമമില്ലാതെ അതിനെ തടയാൻ സാധ്യമല്ലെന്നു മനസ്സിലായതിനാലാണു് അതിനുവേണ്ട നടപടി എടുത്തതു്. ആ നിയമം അതിനെ നേരിടാൻമാത്രം ഉണ്ടാക്കിട്ടുള്ളതാണെന്നുകൂടി വ്യക്തമാക്കികൊള്ളട്ടെ. ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകുന്ന അവസരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ങ്ങളിൽ രാജ്യത്തിനുണ്ടാകുന്ന വിപത്തിനെ നേരിടാൻ ഗവണ്മെണ്ടു എടുക്കുന്ന നടപടിക ളോടു പ്രതിഭാഗവും സഹകരിക്കുമെന്നു ഞാനുദ്ദേശിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആലോ ചനാപൂർവ്വം വിവേചനാപൂർവ്വം, പ്രവൃത്തിക്കാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. മന്ത്രിമാ രോടു നിങ്ങൾ ഭയകാണിക്കണമെന്നല്ല, മന്ത്രിസ്ഥാനത്തോടും ഉൽഭവാദരണത്തിനോടും നിങ്ങൾ ഭയകാണിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു.

Mr. President: No other member wishes to speak from the Government side?

Rao Bahadur T. K. Nayar (*Minister for Public Health*:) No, Sir, there is only one speech from the Government side.

Mr. P. Kumaran Ezhuthassan (*Vadakkancheri*): So the remaining time may be given to us.

Mr. President: The House stands adjourned.

The House rose for the day at 4-56 p.m.

P. NARAYANASWAMI

Secretary

APPENDIX I

(Please see answer to Question No. 27)

Copy of the order

Representations have been received from several bus owners that when additional number of buses are permitted to be run on existing lines the bus owners already having service in the line should be given preference and that outsiders should be allowed to come in the line only in case the existing bus owners are not prepared to run the additional buses required. Government think that the request is only reasonable and that they should not be a party to encourage unhealthy competition among these bus owners. The Transport Authority should bear this in mind when requests for permission to run additional buses in the existing lines are considered. As a rule existing service owners in the line should be preferred and deviations, if any, should be warranted by very strong grounds.

APPENDIX II

(Please see answer to Question No. 36)

പള്ളുരുത്തി കസ്റ്റംസ്പ്രിവന്റീവ് സബ്ബ്-ഇൻസ്പെക്ടർ അവർകൾ മുമ്പാകെ കൊച്ചി കണ യന്നൂർ താലൂക്ക് മരട് ദേശത്തു് മാങ്കായിൽ ഹൈസ്കൂളിലെ ആറാം ഫാറത്തിൽ പഠിക്കുന്ന പി. ബി. മുഹമ്മദ്ദു് എന്ന വിദ്യാർത്ഥി ബോധിപ്പിക്കുന്നതു്.

ഞാൻ 1122 ചിങ്ങമാസം 2-ാംനു വെള്ളിയാഴ്ച കാലത്തു് പതിനൊന്നര മണിക്കു് പള്ളുരുത്തി ടെക്സ്റ്റയിൽസ് ഫീൽഡ് ആഫീസരുടെ ആഫീസിൽ മേത്തരം തുണിക്കു വേണ്ടി പെർമിറ്റിനായി നിന്നിരുന്ന സമയം വെളിയിൽ തൊപ്പിയില്ലാതെ നിന്നിരുന്ന ജോസഫ് എന്ന പേരുള്ള ഒരു പോലീസുദ്യോഗസ്ഥൻ എന്നോടു പുറത്തേക്കു പോകുവാൻ പറകയും ബലമായി തള്ളിമാറ്റുകയും ചെയ്തു. എന്നെ തള്ളിമാറ്റേണ്ട ആവശ്യം എന്താണെന്നു ഞാൻ പറഞ്ഞു. ഉടനെ എന്റെ ചെകിടത്തു ഊക്കോടുകൂടി ടി പോലീസുദ്യോഗസ്ഥൻ അടിക്കുകയാണുണ്ടായതു്. അദ്ദേഹം സങ്കോചം കൂടാതെ എന്റെ പേർ ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly